# ഭാഷാപോഷിണി

൧൦൯.


പുസ്തകം ൨. മകരമാസം. ലക്കം ൩.


## മംഗളം.

——:0:——

തീക്കണ്ണിൽത്താനെരിച്ചോരലർശരകൈടതി
സ്ത്ര്യർദ്ധനാരീശ്വരൻനീ
യാൎക്കുംനേരെന്നുതോന്നാത്തൊരുമകനെജ്ജനി
പ്പിച്ചുമല്ലാരിതന്നിൽ
മാൎക്കണ്ഡേയാമയംതീൎപ്പതിനുയമനെയും
കൊന്നഹോചത്തടക്കം
തീക്കണ്ഡത്തിൽക്കളിക്കുംതവമഹിമമഹാ
ചിത്രമർദ്ധേന്ദുമൌലെ

വെൺമണിഅച്ഛൻ നമ്പൂരിപ്പാട്.

## ചെകുത്താന്മാർ.

——:0:——

പുരാതനകാലത്ത് ലോകത്തിൽ പരക്കെയും ഇപ്പോഴും പാശ്ചാത്യ പരിഷ്കാരത്തിൽ അധികം വിശ്വാസം ഇല്ലാത്ത സ്ഥലങ്ങളിൽ മാത്രവും ഭീരുക്കൾക്കു വിജനസ്ഥലങ്ങളിൽ എല്ലാകാലത്തും വിശേഷിച്ച് രാത്രിസമയത്തും ചെകുത്താന്മാർ എന്നൊരു

വക ജന്തുക്കൾ ഉണ്ടായിരുന്നുവെന്നും ഉണ്ടെന്നും നാം കേൾക്കന്നുണ്ട്. അനവധിജനങ്ങൾ അനവധികാലത്തോളം വിശ്വസിച്ചും ഭയന്നും പോരുന്നതായ ഈ ജന്തുക്കൾ വാസ്തവത്തിൽ ഉണ്ടോ ഇല്ലയോ എന്ന ഇപ്പോൾ തീർച്ചപ്പെടുത്തുന്നതിന്ന തുനിയുന്ന ഞാൻ രണ്ടുപ്രകാരത്തിലും പരിഷ്കൃതന്മാരുടെ പരിഹാസത്തിന്ന ലക്ഷ്യമായി തീരുമെന്ന പറയേണ്ടതില്ലല്ലോ. 'മററുള്ളവർഹസിച്ചീടിലെന്തുകുററം നമുക്കെടൊ' എന്നും മററുമുള്ള പ്രമാണങ്ങൾ മാത്രമെ എനിക്ക അനുകൂലമായിട്ടുള്ളു. നമ്മുടെ അറിവിൽ പെടാത്തതായി അനേകം സാധനങ്ങൾ ലോകത്തിൽ ഉണ്ടെന്നുള്ള ഓർമ്മ അല്പം ഉള്ളവർക്ക ഈ ലേഖനം മിഥ്യയാവാൻ പാടില്ലാ.

ഒന്നാമതായി 'ചെകുത്താൻ' എന്ന പദത്തിന്റെ ധാത്വർത്ഥത്തെത്തന്നെ പരിശോധിക്കാം. ജൂതന്മാരുടെ 'സേറേറനും' പരന്തരീസുകാരുടെ 'സത്താനസ്സും' ആംഗ്ലേയരുടെ 'സേററനും' നമ്മുടെ 'ചാത്തനും' 'ചെകുത്താനും' ആറും ഒന്നുതന്നെയാണ. പക്ഷെ നാം ചാത്തനെയും ചെകുത്താനെയും ഒരാളായി പ്രായേണ വിചാരിക്കാറില്ല. ലോകത്തിൽ ദോഷാത്മകമായിട്ടുള്ളത ഏതോ അതിനെയാണ ചെകുത്താനെന്ന പുരാതനന്മാർ വിചാരിച്ചു വന്നിരുന്നത. നരഹത്യമുതലായ ദുഷ്ടകർമ്മങ്ങളിൽ ഉപയുക്തമായ തോക്ക എന്ന ആയുധം ചെകുത്താന്റെ കരകൌശലത്താൽ ഉണ്ടാക്കപ്പെട്ടിട്ടുള്ളതാണെന്ന് യൂറോപ്യന്മാരിൽ തന്നെ ചിലർ വിചാരിച്ചിരുന്നു. നമ്മുടെ പുരാതനന്മാര് ഭൂതങ്ങൾ, പ്രേതങ്ങൾ, പിശാചുക്കൾ മുതലായ ചില വകഭേദങ്ങളെ ചെകുത്താൻ എന്ന എനത്തിൽ കല്പിച്ചിട്ടുണ്ട. മണ്ഡലി, മൂർഖൻ, വെമ്പാല, മുതലായ വകഭേദങ്ങൾ സർപ്പങ്ങളിൽ എങ്ങിനെയൊ അപ്രകാരമാണ ഈ വക ഭേദങ്ങൾ ചെകുത്താന്മാരിലും. ചാമുണ്ഡി, തെണ്ടൻ, കണ്ടകാരൻ, കാപ്പിരി, വട്ടകാർ എന്നിങ്ങിനെ ചെകുത്താന്മാരുടെ അവിഭക്ത തറവാട്ടിന്റെ അംഗങ്ങൾ അസംഖ്യം ഉള്ളവയോട നല്ല പരിചയം മന്ത്രവാദികൾക്കെ ഉണ്ടാവാൻ തരമുള്ളു. കിഞ്ചിജ്ഞനായ ഞാൻ കൂട്ടത്തിൽ പ്രധാനികളെ വല്ലവരേയും പറയാൻ വിട്ടുപോയിട്ടുണ്ടെങ്കിൽ അവരും വായനക്കാരും ക്ഷമിക്കുമെന്ന വിശ്വസിക്കുന്നു.

ലോകം ഭ്രുതാ' ഭ്രയിച്ചുമെന്നാണ എന്റെ അഭിപ്രായം. സ്ഥൂലശരീരത്തിലെ ജ്ഞാനേന്ദ്രിയങ്ങളുടെ പദ്ധതിയിൽ അപൂൎവ്വം ചിലപ്പോൾ മാത്രമെ ഭ്രുതങ്ങൾ പെടുന്നുള്ളൂ. ഭ്രുതങ്ങൾ മിക്കവാറും സ്ഥൂലശരീരത്തിന്റെ സഹായംകൊണ്ട മാത്രം അറിയാവുന്നവയല്ല. അതുകൊണ്ടാണ ഇവയുടെ അഭാവത്തെ പററി ബലമായ ഒരു അഭിപ്രായം ലോകത്തിൽ ഉണ്ടായിട്ടുള്ളത്. സർ. ഹംഫ്രി - ഡെവി 'Lawghing Gas' എന്ന വായുവിനാൽ സ്ഥൂലശരീരത്തെ സംബന്ധിച്ചേടത്തോളം അശക്തനായിതീൎന്നപ്പോൾ ലോകം വിചാരപൂൎണ്ണമാണെന്ന കാണുകയും പറകയും ഉണ്ടായി. ആകാശദേശഗമനത്തിന്നുള്ള ശക്തി കൂട്ടിൽകിടക്കുന്ന തത്തയിൽ എങ്ങിനെ അദൃശ്യമായിരിക്കുന്നുവൊ അപ്രകാരംതന്നെ ജഡവസ്തുവായ സ്ഥൂലശരീരമാകുന്ന പരിവേഷത്താൽ ബദ്ധനായ ജീവാത്മാവിൽ ഭ്രുതജ്ഞാനം മാത്രമല്ല മററനേക ജ്ഞാനങ്ങൾ അവ്യക്താവസ്ഥയിൽ ഇരിക്കുന്നു. സ്വപ്നത്തിലും സുഷുപ്തിയിലും തന്റെ പ്രതിബന്ധങ്ങളെ ജീവാത്മാവ ചിലപ്പോൾ അതിക്രമിക്കാറുണ്ട. അപ്പോൾ ആണ ഭ്രുതജ്ഞാനം ഉണ്ടാവുന്നത. പക്ഷ സ്വപ്നാനുഭവങ്ങൾ ധാരാളമുള്ള ഒരു അവസ്ഥയിൽ എല്ലാം സ്വപ്നങ്ങൾ എന്നാണ നാം വിചാരിക്കുന്നത്'. എന്നാൽ അവ എല്ലാം സ്വപ്നങ്ങൾ അല്ല. തലച്ചോറിന്റെ ഓരോ ഭാഗങ്ങളിൽ രക്തം സഞ്ചരിക്കുന്നതിന്റെ താരതമ്യങ്ങളെ അനുസരിച്ച മനോധൎമ്മത്തിൽ ഉണ്ടാവുന്ന ചിത്രങ്ങൾ ആണ കേവലം സ്വപ്നങ്ങൾ. അവയ്ക്ക യാതൊരു വൈശിഷ്ട്യവും ഇല്ലെന്ന മാത്രമല്ല മിക്കവാറും അവ തീരെ അസംബന്ധങ്ങളും ആയിരിക്കും. കാമലോകത്തിലും പ്രേതലോകത്തിലും ജീവാത്മാവിന്നുണ്ടാവുന്ന അനുഭവങ്ങൾ സ്വപ്നങ്ങൾ എന്ന വിചാരിക്കുന്നപക്ഷം സ്വപ്നങ്ങൾ ഇനിമേലിൽ പരിഹാസാവഹങ്ങൾ ആവാൻ പാടുള്ളതല്ലൊ. എന്തുകൊണ്ടെന്നാൽ സ്വപ്നങ്ങളും അസംഭാവ്യങ്ങളും പൎയ്യായ ശബ്ദങ്ങളായിട്ടാണ ഉപയോഗിക്കാറുള്ളത. യാതൊന്ന സ്വപ്നമോ ആയത യഥാൎത്ഥമല്ലെന്നുള്ള വിശ്വാസം പരമ്പരയായി മനുഷ്യരിൽ ഉറച്ചിട്ടുള്ളതകൊണ്ട സ്വപ്നങ്ങൾ യഥാൎത്ഥങ്ങൾ ആയാൽ

അവയെ പിന്നെ സ്വപ്നങ്ങൾ എന്ന വിളിക്കുന്നതു ഉക്തിവിരുദ്ധവും യുക്തിവിരുദ്ധവും ആയിരിക്കും. ആയതുകൊണ്ട കാമലോകത്തിലും പ്രേതലോകത്തിലും സഞ്ചരിക്കുന്ന ജീവാത്മാവിന്റെ അനുഭവങ്ങൾ സ്വപ്നങ്ങൾ എന്ന വിചാരിക്കുന്നതു മൌഢ്യമാണ.

സൂക്ഷ്മശരീരത്തോടുകൂടിയാണ ജീവാത്മാവു മേൽപ്രകാരം സഞ്ചരിക്കുന്നത. സൂക്ഷ്മശരീരം മനുഷ്യൎക്ക മാത്രമല്ലാ മൃഗാദികൾക്കുംകൂടിയുണ്ട. സൂക്ഷ്മശരീരവും ലിംഗശരീരവും തമ്മിൽ തെററിപോകരുത്. ലിംഗശരീരമെന്നത സ്ഥൂലശരീരത്തിന്റെ ആകാശാംശം ആകുന്നു. പാശ്ചാത്യന്മാർ 'ഈതർ' എന്നുപറയുന്നതതന്നെയാണ 'ആകാശം'. വിദ്യുച്ഛക്തിയെ നല്ലവണ്ണം മനസ്സിലാക്കിത്തുടങ്ങിയതിൽപിന്നെയാണ ഈതറിന്റെ സ്വഭാവവും സ്പഷ്ടമായിത്തുടങ്ങിയത. പ്രാണൻ വിദ്യുച്ഛക്തിയുടെ ഒരു തരഭേദവും ലോകചേഷ്ടാനിമിത്തമായിരിക്കുന്ന ആദിത്യനിൽനിന്ന ഉൽഗമിക്കുന്നതും ആകുന്നു. പ്രാണനാസ്ഥൂലശരീരത്തിൽ ആവേശം ഉണ്ടാകുന്നത് ലിംഗശരീരവഴിക്കാകുന്നു. നിഴലെന്ന തോന്നുന്നവിധത്തിൽ മരണപൎയ്യന്തം സ്ഥൂലശരീരത്തെ വിടാതെ അനുഗമിക്കുന്ന ഒരം ലിംഗശരീരത്തെ ഇംഗ്ലീഷ്പുസ്തകങ്ങളിൽ 'എത്തിറിക്ക് ഡബ്ബിൾ' (Etheric double) എന്നുപറയുന്നു. ആജീവനാന്തം സ്ഥൂലശരീരവും ലിംഗശരീരവും തമ്മിൽ വേർപിരിയുന്നില്ല. ശ്മശാനഭൂമിയിൽ ചിലർ ചിലപ്പോൾ കാണുന്ന ഭൂതങ്ങൾ മിക്കവാറും ലിംഗശരീരങ്ങൾ ആകുന്നു. ജഡവസ്തുവായ ശവം നശിക്കുന്നതുവരെ അതിനെ വിടാതെ പൂൎവ്വസ്മരണയാലോ എന്നുതോന്നുന്നവിധത്തിൽ ലിംഗശരീരം ചുററിപ്പററി നിൽക്കുന്നു. ക്രിസ്തുമരിച്ച് മൂന്നാംദിവസം 'ഉയൎത്തെഴുന്നേററു' എന്നും ആയതു ചിലർകണ്ടുവെന്നും ക്രൈസ്തവവേദത്തിൽ ഘോഷിച്ചിട്ടുള്ളതവിശ്വസനീയമെന്നാണ എന്റെ അഭിപ്രായം. ആത്മജ്ഞാനിയും ഒരുമാതിരി സന്ന്യാസിയും ആയിരുന്നക്രിസ്തുവിന തന്നിൽ ദൃഢഭക്തിവിശ്വാസത്തോടുകൂടിയവരായ 'മെരിമാഡലിൻ' മുതൽപേരോട സംസാരിപ്പാൻവേണ്ടി മലിനമായ ലിംഗശരീരത്തെ അവലംബിച്ചു എന്നുപറയുന്നതിൽ എന്താണ അത്ഭുതം. സൎവ്വജ്ഞപീഠം കയറുവാനുള്ള പോക്കിൽ ഭഗ

ഷാൻ ശങ്കരാചാൎയ്യസ്വാമി ഇപ്രകാരംതന്നെ ഒരാവശ്യത്തിന്ന ശവത്തിൽ പ്രവേശിച്ചതിലും എന്താണ അത്ഭുതം.

മേൽവിവരിച്ച സംഗതികളിൽനിന്ന ഒരുതരം ഭൂതം ലിംഗശരീരമാണെന്ന വെളിപ്പെടുന്നു. മരണത്തിൽ മനുഷ്യൎക്ക സംഭ്രമായ ഭയംകൊണ്ടും മരിച്ചവരെ സ്ഥാപിച്ചിട്ടുള്ള സ്ഥലങ്ങളിൽ മാത്രം ലിംഗശരീരങ്ങളെ സാധാരണയായി കാണുന്നതുകൊണ്ടും ആകുന്നു ഈ ഭൂതത്തെ മനുഷ്യർ ഭയപ്പെടുന്നത. സൂക്ഷ്മത്താലും വിചാരിച്ചാൽ ഒരം ഭൂതത്തെ ഒട്ടുംതന്നെ ഭയപ്പെടാനില്ലെന്ന അൎത്ഥം ബോധ്യമാവും. മറ്റൊരുതരം ഭൂതം മേൽപറഞ്ഞ സൂക്ഷ്മശരീരത്തോടുകൂടിയവയാകുന്നു. സൂക്ഷ്മശരീരികൾ എന്നുതന്നെ പറയാം. ഒരംതരത്തിൽ യക്ഷകിന്നരഗന്ധൎവ്വാദികൾ ആകുന്നു പ്രധാനികൾ. ഇതുകൂടാതെ അസംഖ്യം ഭൂതങ്ങൾ ഒരം എന്നത്തിൽ ഉണ്ട. അവയിൽ ഒരുവക വായനക്കാൎക്ക വളരെ അത്ഭുതകരമായി തോന്നും.

ഈ പ്രബന്ധത്തിന്റെ ആദിയിൽ സർ. ഹംഫ്രി ഡെവി ലോകം വിചാരപൂൎണ്ണമാണെന്ന കണ്ടതിനെപ്പറ്റി പ്രസ്താവിച്ചിട്ടുള്ളത് വായനക്കാർ മറന്നിരിക്കാം. നമ്മുടെ ഓരോ വിചാരവും ഓരോ ഭൂതമാകുന്നു. അതിന്ന ആകൃതിയും പ്രകൃതിയും ഉണ്ടെന്നുപറഞ്ഞാൽ ചിലർ ഇനിക്ക ചിത്തഭ്രമമുണ്ടോ എന്നുകൂടി സംശയിക്കും. എന്നാലും വിരോധമില്ല. ആകൃതിയില്ലാത്തത അദൃശ്യമാണെന്നുള്ളതിന്ന വാദമില്ല. സർഹംഫ്രിക്ക വിചാരങ്ങൾ ദൃശ്യങ്ങളായിരുന്നതുകൊണ്ട അവ രൂപികൾ ആയിരുന്നുവെന്ന അനുമാനിക്കാതെ ഇരിപ്പാൻ കാരണം കാണുന്നില്ല. പക്ഷെ, പാശ്ചാത്യപാണ്ഡിത്യം, സർഹംഫ്രികണ്ടതെല്ലാം മിഥ്യയെന്നും മായയെന്നും കല്പിക്കും. സർഹംഫ്രി അയാളുടെ ജന്മത്തിൽ ഒരിക്കൽ യദൃഛയാ കണ്ടതെല്ലാം നമ്മുടെ യോഗികൾക്ക നിത്യം അനുഭവമുള്ളവയാണ. അതുകൊണ്ട പാശ്ചാത്യ പണ്ഡിതന്മാരുടെ ആ അഭിപ്രായത്തെ അത്രഗൌനിക്കേണമെന്നില്ല. നമ്മുടെ വിചാരങ്ങൾ എല്ലാം രൂപികൾ ആകയാൽ ഭൂതങ്ങളും ഭൂതങ്ങൾ ആയതുകൊണ്ട ഗുണികളും ആകുന്നു. ഗുണികൾ എന്ന വച്ചാൽ ത്രിഗുണ

സമ്പന്നങ്ങളാം എന്നൎത്ഥം. സദ്വിചാരങ്ങൾ സൽഗുണകാരികളും ദുൎവ്വിചാരങ്ങൾ ദുൎഗ്ഗുണകാരികളും ആകുന്നു. ഫെലിക്സ്‌വാംപ്രി' എന്ന മൂപ്പച്ചൻ ഉഗ്രവിചാരത്താൽ മുടന്ത് മാററിയെന്നു കെട്ടുകഥയിലും ബെബർ അപ്രകാരം തന്നെ പുത്രന്റെ രോഗത്തെ കൈമാററിവാങ്ങി മരിച്ചു എന്ന ചരിത്രത്തിലും അപ്രകാരംതന്നേ മെല്പുത്തൂർ നാരായണ ഭട്ടതിരി അദ്ദേഹത്തിന്റെ ഗുരുനാഥന്റെ ദുസ്സഹമായ രോഗത്തെ ഏററവാങ്ങിയെന്ന ഐതിഹ്യത്തിലും കാണുന്നുണ്ടു. ഇയ്യിടയിൽ രണ്ടുസംഗതികളിൽ വിഷൂചികാരോഗം പ്രാൎത്ഥനയാൽ തട്ടിഒഴിഞ്ഞുപോയിട്ടുള്ളത എനിക്കു അനുഭവമാകുന്നു.

മെസ്മറിസം (Mesmerism) കൊണ്ടരോഗം മാററുന്നതും ഇനിക്കും മററുചിലൎക്കും അനുഭവമുണ്ടായിട്ടുള്ള ഒരു കാൎയ്യമാണു. ആസ്ഥകൊണ്ട വിചാരങ്ങളുടെ വ്യാപാരം അവയുടെ നന്മതിന്മയെ അനുസരിച്ചിരിക്കും എന്ന നിസ്സംശയം പറയാം. കാമക്രോധാദികളെ ത്യജിക്കണമെന്ന തത്വജ്ഞന്മാർ സിദ്ധാന്തിക്കുന്നതിന്റെ ഉദ്ദേശം ഇപ്പോൾ സ്പഷ്ടമാവുന്നുണ്ടു. വിചാരങ്ങളുടെ വ്യാപാരങ്ങളിൽ മറെറാരു വിശേഷം എന്തെന്നാൽ, അവയെ എവിടക്കയക്കുന്നുവോ, അവിടെ ഫലിച്ചില്ലെങ്കിൽ നിയന്താവിൽ തന്നെ ഫലിക്കുന്നു. കാപ്പിരികളുടെ എടയിൽ ഒരുതരം ആയുധമുണ്ടു. അതു ആരുടെ നേരെ പ്രയോഗിക്കുന്നുവോ, അവരിൽ ഫലിച്ചില്ലെങ്കിൽ തിരിയെ വന്ന പ്രയോഗിച്ചവന്റെ തലയ്ക്കുതന്നെ കൊള്ളും. അതുപോലെയാണ വിചാരങ്ങളുടെ സ്വഭാവവും എന്നമാത്രമല്ല, സദ്വിചാരങ്ങൾ അവയെപ്പോലെയുള്ള മററു സദ്വിചാരങ്ങളോടുകൂടിചേൎന്നും ദുൎവ്വിചാരങ്ങൾ അതുപോലെതന്നെ തത്തുല്യങ്ങളോടുകൂടിചേൎന്നും ബലപ്പെടുന്നു. സദ്വിചാരങ്ങളും ദുൎവ്വിചാരങ്ങളും പരസ്പരവിരുദ്ധങ്ങളാം ആകയാൽ തമ്മിൽ തമ്മിൽ നശിപ്പിക്കുവാൻ ശ്രമിക്കുന്നു. പാറയിന്മേൽ എറിഞ്ഞ പന്തു എങ്ങിനെ കൊണ്ടിടിക്കിൽ യാതൊരു ദോഷവും ചെയ്യാതെ വളരെ ഊക്കോടെ മടങ്ങിവന്ന എറിഞ്ഞ ആളുടെ മേൽതന്നെ കൊള്ളുന്നുവൊ അപ്രകാരംതന്നെ സദ്വിചാരങ്ങളോടുകൂടിയ ഒരാളുടെ

നേരെ വിടുന്നതായ ദുർവ്വിചാരങ്ങൾ അയാളിൽ ഫലിക്കുന്നില്ലെന്ന മാത്രമല്ല, വഴിമൽവച്ച മററു വല്ല ദുർവ്വിചാരങ്ങളോടും കൂടിചേൎന്നു ബലപ്പെട്ട താൻ ആരിൽനിന്ന ഉൽഗമിച്ചുവൊ അയാളുടെ മേൽതന്നെ പോയി വീഴുന്നു. ഈ സംഗതി നമുക്കു മിക്കപേൎക്കും അനുഭവമുള്ളതാണ. ആയ്തുകൊണ്ട നമ്മുടെ ദുർവ്വിചാരങ്ങൾതന്നെയാണ ഭയങ്കരന്മാരായ ചെകുത്താൻമാർ. മാന്ത്രികൻമാൎക്കുകൂടി ഒരം ചെകുത്താന്മാരോട തോല്മയാണ. എന്നാൽ ഇവ നമ്മിൽനിന്നുതന്നെ ഉത്ഭവിക്കുന്നവയായ്തുകൊണ്ട നാം തന്നെ നിഷ്കൎഷിച്ചെങ്കിലെ ഇവയെ ഇല്ലായ്മചെയ്യാൻ കഴികയുള്ളൂ.

(തുടരും)

പുത്തേഴത്ത ഗോവിന്ദമേനോൻ, ബി. എ.

# കോങ്കണബ്രാഹ്മണർ.

———:o:———

(തുടൎച്ച)

4. കോലർ, ഗോണ്ഡർ മുതലായ കാടന്മാർ പാൎത്തുവരുന്ന ദിക്കിന്ന കോലവനം, ഗോന്ധവനം (Godwana) എന്നുപറയുന്നതുപോലെതന്നേ കൊങ്ങർ നിവസിച്ചുവരുന്ന രാജ്യത്തിന്ന കൊങ്ങവനംഎന്ന പേരുണ്ടായി എന്നും അതു കൊങ്കവനം എന്ന സംസ്കൃതരൂപം ധരിച്ചു പ്രാകൃതത്തിൽ കോങ്കവണം എന്നായ് തീൎന്നുഎന്നും കാലാന്തരത്തിൽ വകാരലോപത്താൽ കോങ്കണം എന്നരൂപത്തിൽ പൎയ്യവസിച്ചുഎന്നും ചിലർ അഭിപ്രായപ്പെടുന്നു. ഈ അഭിപ്രായത്തിൽ വളരെ യുക്തിയുണ്ടു. കോങ്ങവനം കോങ്കവനം, കോങ്കവണം എന്നീരൂപങ്ങൾ കാലക്രമാനുരൂപമായി അതാതു കാലങ്ങളിൽ എഴുതിയ ഗ്രന്ഥങ്ങളിലോശാസ്ത്രങ്ങളിലോ മറേറാ എഴുതീട്ടുള്ളപ്രകാരം രേഖാമൂലമായി കാണിച്ചല്ലാതെ ഈ അവയവാൎത്ഥത്തിന്നു സ്വീകാരാൎഹത ഇല്ല. ഈവിധത്തിൽ ഇഷ്ടമുള്ള അൎത്ഥം ഏതുപദത്തിന്നും കല്പിക്കുന്നതു ദുസ്സാദ്ധ്യമാകയില്ല. രേഫഷകാരങ്ങൾ ഇല്ലാതെ വനശബ്ദത്തിലെ നകാരത്തി

ന്നു ണത്വം വരുന്നതു എങ്ങനെ? പ്രാകൃതത്തിൽ നകാരമില്ലാ
ത്തതുകൊണ്ടു സൎവ്വത്ര ണകാരംതന്നെ ഉപയോഗിക്കുന്നു എന്നതു
സത്യംതന്നെ എങ്കിലും കൊങ്കവണമെന്നതിലെ വകാരലോപം
എങ്ങിനെ ഉണ്ടായി? സംസ്കൃതത്തിൽനിന്നു പ്രാകൃതം ഉണ്ടായോ
അല്ലെങ്കിൽ പ്രാകൃതത്തിൽനിന്നു സംസ്കൃതരൂപമായ കൊങ്കണശ
ബ്ദം ഉണ്ടായോ എന്നചോദ്യത്തിന്നും സമാധാനം ഇല്ല.

കോയമ്പത്തൂർ, മൈസൂർ മുതലായ രാജ്യങ്ങൾക്കു കൊങ്ങുരാ
ജ്യം കൊങ്ങുനാടു എന്നു പേരുണ്ടായിരുന്നു എന്നു ചരിത്രത്തിൽനി
ന്നു അറിയാം. കൊങ്ങുനാട്ടിൽ വസിക്കുന്നവർ കൊങ്ങരായിരുന്നു.
കാലക്രമേണ സമുദ്രം പിന്നോട്ടു മാറിപ്പോകുന്തോറും സഹ്യാദ്രി
യുടെ അടിവാരത്തിൽ വിസ്തീൎണ്ണമായ കടപ്പുറം വിജനമായികിട
ക്കുന്നതുകൊണ്ടു സഹ്യാദ്രിയിൽനിന്നു കൊങ്ങർ കുടിയേറിപ്പാൎത്തു
അതിനെ സ്വാധീനപ്പെടുത്തി എന്നു ഊഹിക്കാം. ഈ കൊങ്ങന്മാ
രുടെ പരാക്രമങ്ങൾ കേരളത്തിൽ എന്നപോലെ കേരളത്തിന്റെ
ഉത്തരപ്രദേശങ്ങളിലും അവ്യാഹതമായി പ്രബലപ്പെട്ടിരുന്നു എ
ന്നു അനുമിപ്പാൻ സംഗതിയുണ്ടു്. എന്നാൽ ഈ സംഗതി ഭാഷാ
ശാസ്ത്രത്തെ അവലംബിച്ചിരിക്കുന്നു. അതിന്റെ യാഥാൎത്ഥ്യം പ്ര
തിപാദിപ്പാൻ മറ്റു രേഖകൾ എന്റെ വശം ഇല്ല.

5. ഗുണ്ടൎട്ടസായ്പിന്റെ നിഘണ്ടുവിൽ കൊങ്കണശബ്ദം കൊ
ങ്ങ + അണ = (കൊങ്ങു + അണ) എന്നശബ്ദങ്ങളിൽനിന്നു ഉണ്ടാ
യി എന്നു പറയുന്നു. കൊങ്ങു എന്നതിന്നു താഴ്വരയെന്നും അണ എ
ന്നതിന്നു ആശ്രയം ആധാരം എന്നും ആ മഹാൻ അൎത്ഥം പറഞ്ഞി
രിക്കുന്നു. തസ്മാൽ സഹ്യാദ്രിയുടെ അടിവാരത്തിൽ ഉള്ളവർ
കൊങ്ങർ ആകുന്നു. അവരുടെ ആവാസസ്ഥാനമായ ദേശത്തിന്നു
കോങ്ങണ എന്നു പേരുണ്ടായി. ഈ അൎത്ഥം യഥാൎത്ഥമാകുന്നു എ
ങ്കിൽ പശ്ചിമതീരത്തു ബ്രാഹ്മണർ വന്നുകുടിയേറിപ്പാൎക്കുന്നതിന്നു
മുമ്പായിട്ടു അവിടെയുള്ളവർ കൊങ്ങരായിരുന്നു എന്നും പശ്ചിമതീ
രത്തിന്നു സാമാന്യമായ പേർ കൊങ്ങണ എന്നായി എന്നും ബ്രാഹ്മ
ണർ ഈ പ്രദേശത്തു എത്തിയപ്പോൾ കൊങ്ങണ എന്ന ദ്രാവിഡ
പദം സംസ്കൃതമാക്കി കോങ്കണാ എന്ന സംജ്ഞാ ഉണ്ടാക്കി എ

ന്നും നിശ്ചയിക്കാം. ഈ നിശ്ചയം ദൃഢീകരിപ്പാൻ ഉള്ള മററൊരു പ്രമാണം സപ്തകോങ്കണം എന്ന സംജ്ഞതന്നേ.

കാരാടഞ്ചവിരാടഞ്ചമാരാടംകോങ്കണംതഥാ
ഹവ്യഗംതൌളവഞ്ചൈവകേരളഞ്ചേതിസപ്തകം ॥

ഇങ്ങിനെ സപ്തകൊങ്കണത്തെക്കുറിച്ചു ഒരു ശ്ലോകം മേപ്പടി നിഘണ്ടുവിൽ ഉണ്ട്. സഹ്യാദ്രികാണ്ഡം ഉത്തരരഹസ്യം ൩-ാം അദ്ധ്യായം ശ്ലോകം ൬൭-൬൮-ൽ. സപ്തകൊങ്കണത്തിന്റെ വിഭാഗങ്ങൾ ഇങ്ങനെ പറഞ്ഞിരിക്കുന്നു.

കേരളാശ്ച തുളുംഗാശ്ച തഥാസൌരാഷ്ട്രവാസിനഃ
കോങ്കണാഃകരഹാടാശ്ച കരനാടാശ്ചബർബരാഃ ।
ഇത്യേതേ സപ്തദേശാവൈ കോങ്കണാഃ പരികീർത്തിതാഃ ॥

മേൽ ശ്ലോകത്തിലേ കാരാടം എന്നതു കരഹാടംതന്നെ. ഹവ്യഗമെന്നതു ഹവീകരുടെ രാജ്യമായ കരനാടം (കർണ്ണാടം) ആകുന്നു. തൌളവം എന്നതും തുളുംഗം എന്നതും ഒന്നുതന്നെ. മാരാടം എന്നതു മഹാരാഷ്ട്രം എന്നതിന്നു പകരം എഴുതിയതാകുന്നു. മഹാരാഷ്ട്രം വിന്ധ്യാദ്രിയുടെ തെക്കും ഗോദാവരിയുടെ വടക്കും സഹ്യാദ്രിയുടെ കിഴക്കും ഉണ്ടായിരുന്ന രാജ്യമാകയാൽ പശ്ചിമതീരത്തുള്ള രാജ്യങ്ങളിൽ അടങ്ങുകയില്ല. വിരാടമെന്നതു വിന്ധ്യാദ്രിയുടെ ഉത്തരഭാഗത്തുണ്ടായിരുന്ന മത്സ്യരാജ്യത്തിന്റെ പേരാകയാൽ കോങ്കണങ്ങളിൽ അടങ്ങുകയില്ല. സൌരാഷ്ട്രമെന്നതു ഇപ്പോൾ സൂരത്തു (Surat) എന്നു പറയുന്ന നഗരംതന്നേ. ഈനഗരം മുതൽ കന്യാകുമാരിവരെയുള്ള ദേശത്തിന്നു പരശുരാമക്ഷേത്രം എന്നുപേർ. സൌരാഷ്ട്രത്തിന്റെ തെക്കെ കോങ്കണമായിരുന്നു. ഇതിനെ ഇപ്പോൾ വടക്കെ കോങ്കണം തെക്കെ കോങ്കണം എന്നു രണ്ടു ജില്ലകളാക്കിയിരിക്കുന്നു. വടക്കെകോങ്കണമായിരുന്നു അപരാന്തകമെന്ന പ്രാചീന രാജ്യം. തെക്കെകോങ്കണത്തിന്റെ തെക്കെ അററത്തായിരുന്നു ഗോരാഷ്ട്രം, (ഗോപവനം, ഗോമന്തകം) എന്ന രാജ്യം. ഇതിപ്പോൾ പോർത്തുഗീസ്‌നാട ഗൈവഗോവാ പട്ടണവും അതിന്നു ചുററും ഉള്ള പ്രദേശങ്ങളും ആകുന്നു. കോങ്ക

ണത്തിന്റെ കിഴക്കായിരുന്നു കരഹാടം, (കാഹാഡ) എന്നദേശം. ഗോരാഷ്ട്രത്തിന്റെ തെക്കുള്ള ഗോകൎണ്ണം മുതൽ കന്യാകുമാരി വരെയുള്ള രാജ്യമായിരുന്നു കേരളം. അതു കാലാന്തരത്തിൽ കൎണ്ണാടം, തൌളവം, മലയാളമംല്ലെങ്കിൽ കേരളം എന്നു മൂന്നു രാജ്യങ്ങളായി പിരിഞ്ഞു. ഗോകൎണ്ണം തുടങ്ങി ബ്രഹ്മാവര നദിവരെ ഹവീകരാജ്യം അല്ലെങ്കിൽ ഹൈവ്യഗം' എന്നുപേർ പറഞ്ഞ രാജ്യം ആയിരുന്നു. ബ്രഹ്മാവർ നദിയുടെ തെക്കം പെരുമ്പുഴ എന്ന ചന്ദ്രഗിരിനദിയുടെ വടക്കുംഉള്ള രാജ്യം തൌളവമായിരുന്നു. തൌളവത്തിന്റെ തെക്കായിരുന്നു കേരളം എന്ന രാജ്യം. പരശുരാമക്ഷേത്രത്തിന്റെ തെക്കേരാജ്യമായ ഈ കേരളത്തിൽതന്നെ പലവിഭാഗങ്ങൾ ഉണ്ടായിരുന്നു. അവയെ ഇവിടെ ഉപപാദിച്ചിട്ടു പ്രയോജനമില്ലായ്കയാൽ വിട്ടുകളഞ്ഞിരിക്കുന്നു.

വിഷ്ണുപുരാണത്തിന്റെ ഇംഗ്ലീഷതൎജ്ജമയിൽ വിൽസൻ സായ്പ സപ്തകോങ്കണങ്ങളുടെ പേരുകളിൽ കേരളം, തുലുംഗം (=തുളുവം) ഗോരാഷ്ട്രം (ഗോവാ), കോങ്കണം, കരാടഹം, വരലത്തം, ബബ്ബരം, എന്നിഏഴുപേരുകൾ പറയുന്നു (Vol II.172 note). ബബ്ബര രാജ്യം ഏതെന്നു തീൎച്ചപ്പെടുത്തുവാൻ കഴിയുന്നില്ല. വരലത്തം ഏതാകുന്നു ?

മേൽകാണിച്ച സംഗതികളിൽനിന്നു കോങ്കണമെന്നതു പശ്ചിമതീരത്തുള്ള എല്ലാരാജ്യങ്ങൾക്കും സാമാന്യമായ പേരായിരുന്നതുകൊണ്ടു ആ പേർ വളരേ പ്രാചീനമായിരുന്നു എന്നും പിന്നെത്തതിൽ അവിടവിടെ പാൎത്തു വരുന്ന ജനങ്ങളുടെ പേരിൽ നിന്നോ അവരുടെ ഭാഷ നിമിത്തമോ അവിടത്തെ ഉൽഭവം നിമിത്തമോ മറ്റൊ ഭിന്നമായ പേരുകൾ സിദ്ധിച്ചു എന്നും നിൎണ്ണയിക്കാം. ഈ കോങ്കണമായ സാമാന്യനാമം നടപ്പുള്ള കാലത്തു വന്നു താമസിച്ച ത്രിഹോത്രപുരവാസികളായ ബ്രാഹ്മണൎക്കു കോങ്കണ ബ്രാഹ്മണർ എന്ന പേർ സിദ്ധിച്ചു. കോങ്കണത്തിന്റെ ഒരു ഭാഗമായ ഗോരാഷ്ട്രം എന്ന ഗോവാ ഇവരുടെ വാസസ്ഥാനമായിരുന്നു.

കേവലം നിർജ്ജനമായ പശ്ചിമതീരത്തിലേ പ്രദേശങ്ങളിൽ ബ്രാഹ്മണർ വന്നു നിവസിച്ചു എന്നും പിന്നത്തേതിൽ ഇതര വൎണ്ണക്കാരും വന്നു ചേൎന്നു എന്നും സമ്മതിക്കുന്നപക്ഷം ഉപജീവനത്തിന്നു വേണ്ടി ബ്രാഹ്മണർ കൃഷി, വാണിജ്യം, ശില്പം, നെയ്ത്തു മുതലായ സകലകൃത്യങ്ങളും തങ്ങൾതന്നെ ചെയ്തുവെന്നും കൂടി സമ്മതിക്കേണ്ടിവരും. പിന്നത്തേതിൽ ഇതരജാതിക്കാർ ചെയ്തുപോന്ന പ്രവൃത്തികൾ അവരെക്കൊണ്ടു ചെയ്യിച്ചു തങ്ങൾ സ്വസ്ഥരായി സുഖമനുഭവിച്ചു എന്നു പറയുന്നതിൽ യുക്തിപോരാ. അതുകൊണ്ടു പശ്ചിമതീരത്തുള്ള ആദ്യനിവാസികളിൽ ഭൂരിപക്ഷം കൊങ്ങരായിരുന്നു; ഇവരെ ബ്രാഹ്മണർ പിടിച്ചടക്കി തങ്ങളുടെ ദാസന്മാരാക്കുകയോ, ഇവരോടു യുദ്ധംചെയ്തു ഇവരെ മലങ്കാടുകളിൽ ഓടിക്കുകയോ, കീഴടങ്ങാത്തവരെ സംഹരിക്കയോ ചെയ്തു; ഉത്തര ഹിന്ദുസ്ഥാനത്തിൽ ആൎയ്യന്മാർ ചെയ്തിരുന്ന പ്രവൃത്തി ഇതായിരുന്നതുകൊണ്ടു ഇവിടെയും ആൎയ്യബ്രാഹ്മണർ അതേപ്രകാരം നടന്നു എന്ന് ഊഹിക്കാം. കൊങ്കണ ബ്രാഹ്മണർ ഇങ്ങനെ കീഴടക്കിയ ഒരു വൎഗ്ഗമാകുന്നു കുടുമ്മി എന്നകൂട്ടർ. കാലാന്തരത്തിങ്കൽ മററുജാതിക്കാരുടെ ആക്രമണത്താലും ശൌൎയ്യപരാക്രമത്താലും അവരുമായിട്ടുള്ള സംപൎക്കസമ്മേളനത്താലും കൊങ്ങർഎന്ന പദം പരശുരാമക്ഷേത്രത്തിൽ വിസ്മൃതമായ്പ്പോയി. അവർ വസിച്ചിരുന്ന ദേശത്തിൻനാമത്തിൽ മാത്രം നിഗൂഢമായിലയിച്ചു കിടന്നു. എന്നാൽ ഈ കൊങ്ങൎക്കും കോങ്കണബ്രാഹ്മണൎക്കും യാതൊരുസംബന്ധവുമില്ലെന്നു പറയേണമെന്നില്ലല്ലൊ. കോങ്കണബ്രാഹ്മണർ ആൎയ്യന്മാരും കൊങ്ങർ ദ്രാവിഡദേശത്തിലേ കാടരായിരുന്ന ശൂദ്രരും ആകുന്നു.

അംഗണശബ്ദം തലയണ മുതലായ മലയാളപദങ്ങളിൽ ഉള്ളതുകൊണ്ടു ബ്രാഹ്മണർ കേരളത്തിൽ വരുന്നതിന്നുമുമ്പു ഇവിടെ നടപ്പുള്ളഭാഷ മലയാളമായിരുന്നുഎന്നതിന്നു കോങ്കണശബ്ദം ഒരു തെളിവാകുന്നു. പുരാണങ്ങളിലും ധൎമ്മശാസ്ത്രങ്ങളിലും ബ്രാഹ്മണരെ ഗൌഡരെന്നും ദ്രാവിഡരെന്നും രണ്ടുവലിയവൎഗ്ഗങ്ങളാക്കി വിഭാഗിച്ചിരിക്കുന്നു. വിന്ധ്യാചലത്തിന്റെവടക്കുള്ളവർ ഗൌഡരും തെക്കുള്ളവർ ദ്രാവിഡരും ആകയാൽ ഈ വിഭാഗത്തിന്റെ കാ

ണനം ബ്രാഹ്മണർ നിവസിച്ചുവരുന്ന ദേശങ്ങളെ വിന്ധ്യാദ്രി രണ്ടായി പിരിക്കുന്നതുകൊണ്ടാകുന്നു. ഈ വിഭാഗം ബ്രാഹ്മണർ സംസാരിക്കുന്ന ഭാഷയെ ആശ്രയിച്ചിട്ടല്ല. ഈ രണ്ടു വർഗ്ഗങ്ങളിൽ ഓരോന്നിനെ അയ്യഞ്ചായി വിഭാഗിച്ചിരിക്കുന്നതു കൊണ്ടു ബ്രാഹ്മണർ പത്തുവിധമാകുന്നു എങ്കിലും ഇപ്പോൾ ഓരോവിധം ബ്രാഹ്മണരിൽ തന്നെ പലപല അവാന്തരഭേദങ്ങൾ ഉള്ളതുകൊണ്ടു ബ്രാഹ്മണജാതി തന്നെ അസംഖ്യമായ്ത്തീൎന്നു അന്യോന്യസഹവാസത്തിനും സംപൎക്കത്തിനും ഉതകാതെ അനേക കഷ്ടനഷ്ടങ്ങൾക്കും മററും കാരണമായി ശോചനീയാവസ്ഥയെ പ്രാപിച്ചിരിക്കുന്നു. ഈ പൂൎവ്വസിദ്ധമായ ദശവിധത്വം മാത്രം ഇപ്പോഴും പ്രമാണിച്ചുവരുന്നതായാൽ വളരെ ഗുണങ്ങൾ ഉണ്ടാകുവാൻ സൌകൎയ്യം ഉണ്ട്.

ദ്രാവിഡർ, തൈലംഗർ, കൎണ്ണാടർ, മദ്ധ്യദേശക്കാർ ഗുൎജ്ജരർ എന്നീ അഞ്ചുവിധക്കാർ ദ്രാവിഡന്മാരും സാരസ്വതർ, കാന്യകുബ്ജർ, ഉൽകലർ, മൈഥിലർ, ഗൌഡർ എന്ന അഞ്ചുവിധം ഗൌഡരും ആകുന്നു.

"ദ്രാവിഡാശ്ചൈവ തൈലംഗാഃ കൎണ്ണാടാമദ്ധ്യദേശഗാഃ
ഗുൎജ്ജരാശ്ചൈവപഞ്ചൈതേദ്രാവിഡാഃ പഞ്ചകഥ്യതേ । ൧
സാരസ്വതാഃ കാന്യകുബ്ജാഉൽകലാ മൈഥിലാശ്ചയേ
ഗൌഡാശ്ച പഞ്ചധാചൈവ ദശവിപ്രാഃ പ്രകീൎത്തിതാഃ ॥ ൨"

സഹ്യാദ്രിഖണ്ഡം ഉത്തരാൎദ്ധം ഒന്നാംഅദ്ധ്യായം ശ്ലോകം ൧–ാം ൨–ാം. ഗൌഡന്മാരിൽ മററൊരുവിധം വിഭാഗമുള്ളതും മേല്പടി ഗ്രന്ഥത്തിൽതന്നെ പറഞ്ഞിരിക്കുന്നതിനേയും ഇവിടെ ചേൎത്തുകൊള്ളുന്നു.

ത്രിഹോത്രാഹ്യഗ്നിവേശാശ്ചകാന്യകുബ്ജാഃ കനോജയാഃ
മൈത്രായണാശ്ചപഞ്ചൈതേ പഞ്ചഗൌഡാഃപ്രകീൎത്തിതാഃ॥ ൪॥

കോങ്കണബ്രാഹ്മണർ പഞ്ചഗൌഡന്മാരിൽ സാരസ്വതരാകയാൽ ഗൌഡസാരസ്വതർ എന്നുപേരിവൎക്കു സിദ്ധിച്ചു. ഇവർസരസ്വതീതിരത്തിൽനിവസിച്ചിരുന്നു. അവിടുന്ന ആൎയ്യന്മാരുടെ പ

രാക്രമണ്ടാം കിഴക്കൻദിക്കുകളിൽ വർദ്ധിക്കുന്തോറും ഇവരും കിഴിക്കോട്ടുചെന്നു ഒടുവിൽ തിരുഹുത് (Tirhut) എന്നു പേർപറയുന്ന ത്രിഹോത്രപുരത്തിൽചെന്നു നിവസിച്ചു. അവിടുന്നു ശ്രീപരശുരാമന്റെ ആജ്ഞപ്രകാരം പത്തു ഗോത്രക്കാർ പുറപ്പെട്ടു വിന്ധ്യാദ്രി കടന്നു പടിഞ്ഞാറോട്ടു പശ്ചിമതീരത്തുചെന്നു തെക്കോട്ടു ഗോമാചലത്തിന്നു സമീപമുള്ള ഗോമാന്തകം, പഞ്ചക്രോശി, കുശസ്ഥലി, കട്ട്ലി മുതലായ സ്ഥലങ്ങളിൽ നിവസിച്ചു.

പശ്ചാൽപരശുരാമേണഹ്യാനീതാമുനയോദശ ॥ ൨൭ ।
ത്രിഹോത്രവാസിനശ്ചൈവപഞ്ചഗൌഡാന്തരാസ്തഥാ ।
ഗോമാചലേസ്ഥാപിതാസ്തേ പഞ്ചക്രോശ്യാംകുശസ്ഥല്യാം ।൨൮॥

ശ്രീപരശുരാമൻ കൊണ്ടുവന്ന പത്തു ഗോത്രങ്ങളുടെ പേർ പറയുന്നു.

ഭാരദ്വാജഃ കൌശികശ്ച വത്സകൌണ്ഡിന്യകാശ്യപാഃ
വസിഷ്ഠോ ജാമദഗ്നിശ്ച വിശ്വാമിത്രശ്ചഗൌതമഃ ॥ ൨൯॥
അത്രിശ്ച ദശഋഷയഃ സ്ഥാപിതാസ്തത്ര ഏവഹി ।
ശ്രാദ്ധാർത്ഥംചൈവയജ്ഞാർത്ഥംഭോജനാർത്ഥഞ്ചകാരണാൽ ॥൩൦॥

ഇവരുടെ കുലദേവതകളെ എവിടെഎല്ലാം സ്ഥാപിച്ചു എന്നുപറയുന്നു.

മാഗ്രാമേ, കുശസ്ഥല്യാം കട്ട്ലീനാമ്നി, തൽപുരേ,
തത്രദേവാമഹാശ്രേഷ്ഠാ സ്ത്രിഹോത്ര പുരവാസിനഃ ॥ ൩൧॥
ആനീതാഭാർഗ്ഗവേണൈവ ഗോമാന്താദ്രൌച പർവ്വതേ ।
മാംഗിരിശോമഹാദേവോ മഹാലക്ഷ്മീശ്ച ഘലസാ ॥ ൩൨॥
ശാന്താദുർഗ്ഗാചനാഗേശഃ സപ്തകോടീശ്വരഃ ശുഭഃ ।
തഥാചബഹുലാദേവാഭാർഗ്ഗവേണത്തു ആനീതാഃ ॥ ൩൩ ॥
സ്ഥാപിതാ ഭക്തകാര്യാർത്ഥം തത്രൈവചശുഭസ്ഥലേ ॥

സഹ്യാദ്രിഖണ്ഡം ഉത്തരാർദ്ധം ഒന്നാമദ്ധ്യായം

(തുടരും)

എം. ശേഷഗിരിപ്രഭു, എം. എ.

# ഉദ്യോഗതിമിരം.

———:o:———

ചില ആളുകൾക്ക്, ഏതെങ്കിലും ഉയർന്ന തരത്തിലുള്ള ഉദ്യോഗമോ മറ്റോ ലഭിച്ചുകഴിഞ്ഞാൽ തങ്ങളുടെ പൂർവ്വ പരിചിതന്മാരെ കാണുമ്പോൾ ഉണ്ടാകുന്ന അനാസ്ഥ അല്ലെങ്കിൽ അറിയാത്ത ഭാവമാണ് സാധാരണമായി 'ഉദ്യോഗതിമിരം' എന്നു പറയപ്പെടുന്നത്. തനിക്കു ഔന്നത്യം ലഭിക്കുമ്പോൾ തന്റെ സ്നേഹിതന്മാരെയോ ബന്ധുക്കളെയോ വിസ്മരിക്കുന്ന സ്വഭാവം അത്യന്തം നീചവും നിന്ദാവഹവും ആണെന്നു പറയേണ്ടതില്ലല്ലോ.

“മരങ്ങൾ താഴുന്നു ഫലങ്ങളാലേ,
ഘനങ്ങൾ താഴുന്നു ജലങ്ങളാലും,
ധനങ്ങളാൽ സാധുജനങ്ങളും; കേൾ
ഗുണങ്ങളുള്ളോർകളിവണ്ണമത്രേ.”

എന്നാണല്ലോ ആപ്തവചനം. മഹാന്മാരിൽ അഭ്യുദയം വിനയവിലാസത്തിന്റെ ഉദ്ദീപകമായിരിക്കയേയുള്ളു. വിശേഷിച്ചും അവർ തങ്ങളുടെ അഭ്യുന്നതിയെ സുഹൃദനുഗ്രഹത്തിനായിത്തന്നെയാണ് വിനിയോഗിക്കുന്നത്.

“കണ്ടാലുമാദിത്യനുദിച്ചുടൻ നൽ-
തന്താരിനായ് ശ്രീഭരമേകിടുന്നു;
ഉണ്ടാം സമൃദ്ധിക്കു സുഹൃത്തിൽ നന്മ-
യുണ്ടാക്കുകത്രേ ഫലമോർത്തിടുമ്പോൾ.”

എന്നുണ്ടല്ലോ. എന്നാൽ സാധാരണ ജനങ്ങൾ പ്രഭുക്കന്മാരിൽ ആരോപിച്ചുവരുന്ന 'ഉദ്യോഗതിമിരം' എന്ന ഒരു അപവാദം നൂറ്റിനു തൊണ്ണൂറുവീതവും വെറും മിഥ്യാകല്പിതമാണെന്നുള്ള വാസ്തവത്തെപ്പറ്റിയാണ് ഇവിടെ സ്വല്പം പ്രസ്താവിക്കാൻ ഭാവിക്കുന്നത്.

ധനവത്വം, അധികാരബലം, വൈദുഷ്യം, സന്മാർഗ്ഗനിഷ്ഠ, ആത്മജ്ഞാനം മുതലായ ഗുണങ്ങളാൽ പ്രസിദ്ധന്മാരായിത്തീർന്നിരിക്കുന്ന ആളുകളുടെ അവസ്ഥയെപ്പറ്റി ആലോചിക്കാം. ഇവ

രെക്കൊണ്ടു തങ്ങളുടെ ഓരോ കാൎയ്യം സാധിക്കാൻ ആഗ്രഹിക്കുന്നവരും പ്രതിഫലേഛ കൂടാതെ തന്നെ ഇവരുടെ ഗുണങ്ങളിൽ നിൎവ്യാജം അഭിനന്ദിക്കുന്നവരും ആയി അസംഖ്യം ആളുകൾ ഉണ്ടായിരിക്കാൻ ഇടയുണ്ട്. അവൎക്കെല്ലാവൎക്കും ഇവരുടെ പരിചയത്തിൽ ആഗ്രഹം ഉണ്ടായിരിക്കുന്നത് സ്വാഭാവികമാണല്ലോ. ഈ ആഗ്രഹം നിമിത്തം ഓരോരോ അവസരങ്ങളിൽ പലരും ഇവരെ കാണുകയും, പരിചയം സമ്പാദിക്കയും ചെയ്തുകൊണ്ടിരിക്ക പതിവാണ്. മുൻപിൽ പറയപ്പെട്ട ധനവത്താദികളിൽ വച്ച് ഏതെങ്കിലും ഒന്നോ ഒന്നിലധികമോ ഗുണവും തദനുരൂപമായ പ്രസിദ്ധിയും ഇവരിൽ ഉണ്ടായിരിക്കുന്നതിനാൽ ഇവരുടെ സ്മരണ ഒരിക്കൽ മാത്രമെങ്കിലും കണ്ടിട്ടുള്ളവരുടെ മനസ്സിൽ പാഷാണരേഖപോലെ പതിഞ്ഞുകിടക്കുന്നതും സാധാരണമാകുന്നു. എന്നാൽ അപ്രകാരം പരിചയിക്കുന്ന ആളുകളുടെ അപ്രസിദ്ധിനിമിത്തമോ അഥവാ വീണ്ടുമുള്ള പരിചയക്കുറവിനാലോ അവരെക്കുറിച്ച് ആ പ്രഭുക്കന്മാൎക്കുണ്ടാകുന്ന അറിവ് അചിരേണ നശിച്ചുപോകുന്നത് ഒട്ടും അസംഭാവ്യമായിട്ടുള്ളതല്ല. ഒരുദ്യോഗസ്ഥൻ ഒരു ദിക്കിൽചെന്നു എന്നിരിക്കട്ടേ. അപ്പോൾ അവിടത്തെ ഗൃഹസ്ഥന്മാരായ ഏതാനും ആളുകൾ അദ്ദേഹത്തെ ചെന്നുകാണുകയും, തങ്ങൾ ഇന്നാരാണെന്നറിയിക്കയും ചെയ്യുന്നു. പിന്നെ ഒരു കാലത്ത് ആ ഉദ്യോഗസ്ഥൻ അവരിൽ ആരെയെങ്കിലും കാണുമ്പോൾ തിരെ ഓൎക്കാതിരിക്കയോ ആകൃതിയെക്കുറിച്ച് ഒരു പരിചയം തോന്നിയാലും ആൾ ഇന്നാരെന്നറിവാൻ അശക്തനായിത്തീരുകയോ ചെയ്യുന്നത് പ്രായേണ വളരെ സംഭാവ്യമാകുന്നു. ഉദ്യോഗസ്ഥനെക്കുറിച്ചുള്ള അവരുടെ സ്മരണപോലെയല്ലാ അവരെക്കുറിച്ച് ഉദ്യോഗസ്ഥനുള്ള അറിവെന്ന് ഇവിടെ പ്രത്യേകം വിചാരിക്കേണ്ടിയിരിക്കുന്നു. ആ ഉദ്യോഗസ്ഥൻ അവരെ കണ്ടു പരിചയിച്ചതിന്റെ ശേഷവും അതിനു മുൻപിലും അതുപോലെ അനവധി ദിക്കുകളിൽ വച്ച് അസംഖ്യം ജനങ്ങളെ അപ്രകാരം പരിചയിച്ചിട്ടുണ്ടെന്നും ആ പരിചയമെല്ലാം തൽക്കാലം എന്നപോലെ പിൻകാലത്തിലും ദൃഢമായി ഓൎമ്മയിൽ നിൽക്കുന്നത് ഒരിക്കലും

സംഭവിക്കാവുന്നതല്ലെന്നും ഉള്ള തത്വം നാം ഓക്കേണ്ടതാകുന്നു. ഒരു മാന്യൻ ഒരു സദസ്സിൽ ചെല്ലുന്നു. അദ്ദേഹത്തിന്റെ ഒരു സ്നേഹിതൻ ആ സദസ്സിൽ ഉള്ള പത്തോ പതിനഞ്ചോ ആളുകളെ പേരും തൊഴിലും മററും പറഞ്ഞ് അദ്ദേഹവുമായിട്ടു പരിചയപ്പെടുത്തുന്നു. ഒരേ വാക്കുകൊണ്ടും ഒരേ നോക്കുകൊണ്ടും ഒരിക്കൽ ഉണ്ടാകുന്ന ഒരം പരിചയം ആ മാന്യന്റെ മനസ്സിൽ എങ്ങിനെയാണ് ചിരകാലം നിലനിൽക്കുന്നത്? ഒരു വാധ്യാർ ഒരു പള്ളിക്കൂടത്തിൽ ഇരിക്കുമ്പോൾ അവിടെ ഉള്ള പല കുട്ടികളേയും പരിചയിച്ചിരിക്കും. പിന്നീട് അദ്ദേഹം മറെറാരു പള്ളിക്കൂടത്തിൽ നിയമിക്കപ്പെട്ടാൽ അവിടെയും ആ പരിചയം ഉണ്ടാകുന്നതാണ്. ഇങ്ങനെ പല പള്ളിക്കൂടങ്ങളിലും വാധ്യാരായിരുന്നതിന്റെ ശേഷം അദ്ദേഹം തനിക്ക് അതി പരിചിതന്മാരായ ശിഷ്യന്മാരായിരുന്നവരും കാലക്രമേണ ആകൃതിക്കും പ്രകൃതിക്കും ഭേദം സിദ്ധിച്ചവരും ആയ അവരെ കണ്ടാൽ ഒട്ടും ഓക്കാതെ പോകുന്നുണ്ടെങ്കിൽ അതിനെപ്പററി ആശ്ചയ്യപ്പെടാനുണ്ടോ? ഉദ്യോഗതിമിരം' എന്നു പറഞ്ഞ് ജനങ്ങൾ സാധാരണമായി ദൂഷിച്ചുവരുന്നത് മിക്കവാറും ഒരം തത്വം മനസ്സിലാകാത്തതുകൊണ്ടുള്ള തെററായ ബോധത്താലാണെന്നു പറവാൻ ഞാൻ ഒട്ടും സംശയിക്കുന്നില്ല. "തുള്ളക്കാരനെ എല്ലാവരും അറിയും; തുള്ളക്കാരനെ ആരും അറികയില്ല" എന്നുള്ള പഴമൊഴി വളരെ സാരമായിട്ടുള്ളതാകുന്നു. പ്രസിദ്ധന്മാരായിട്ടുള്ളവക്ക് ദിവസംപ്രതി അഥവാ ക്ഷണംപ്രതി പരിചിതന്മാർ വദ്ധിച്ചുകൊണ്ടു ഇരിക്കുക സഹജമാണ്. ഒന്നോരണ്ടോ തവണ അവരുമായി ഉണ്ടായിട്ടുള്ള പരിചയം കാലാന്തരത്തിൽ അവർ വിസ്മരിക്കുന്നുണ്ടെങ്കിൽ അത് ധാരാളം സംഭവിക്കാവുന്ന ഒരവസ്ഥയാകുന്നു. അല്ലാതെ അവർ അറിഞ്ഞുകൊണ്ട് അറിയാത്തഭാവം നടിക്കുന്നതല്ല. ഒരാൾക്ക് ഏതെങ്കിലും വിധത്തിൽ ഔന്നത്യം ഉണ്ടായി വരുംതോറും നിയമേന നടത്തപ്പെടേണ്ടവയായ കത്തവ്യകമ്മങ്ങളും മനഃക്ലേശങ്ങളും കൂടി ആ ഔന്നത്യത്തോടൊന്നിച്ച് വദ്ധിച്ചുകൊണ്ടുതന്നെ ഇരിക്കുന്നതാണ്. ഒരം അവസ്ഥയും മുൻപറഞ്ഞ വിസ്മൃതിക്കു കാരണമായിത്തീ

ദുന്നു. ഒരം വാസ്തവം അറിയാതെ പലരും നിഷ്കളങ്കന്മാരായ യോഗ്യന്മാരെക്കുറിച്ച് വൃഥാദോഷാരോപണം ചെയ്യുന്നതു കേട്ടിട്ടുണ്ട്. ഇവരെ വാസ്തവം ധരിപ്പിക്കുന്നത് വളരെ അസാദ്ധ്യമാണ്. "അതൊന്നുമല്ല; അദ്ദേഹത്തിന് എന്നെ ധാരാളം അറിയാം. അദ്ദേഹം ഒരിക്കൽ ഞങ്ങളുടെ ഗൃഹത്തിൽ വന്നു ഭക്ഷണംകഴിച്ചു പോയിട്ടുണ്ടല്ലോ. ഇപ്പോൾ കണ്ടാൽ അറിയാത്തത് വലിപ്പം വന്നതിനാലാണ്" എന്നൊക്കെയല്ലാതെ ഇവർ മറുവടിപറകയില്ല. ഇവർതങ്ങളുടെ അപ്രസിദ്ധിയേയോ, അല്ലെങ്കിൽ തങ്ങൾ വീണ്ടും ആ പ്രഭുവിനെ അവസരം പോലെ കണ്ടോ എഴുത്തുകൾ അയച്ചോ തങ്ങൾക്ക് അദ്ദേഹവുമായി ഉണ്ടായിട്ടുള്ള പരിചയത്തെ ദൃഢീകരിച്ചിട്ടില്ലെന്നുള്ളതിനേയോ ലേശംപോലും ആലോചിക്കയില്ല. ഇത്രയും പറഞ്ഞതുകൊണ്ട് ഈ വിധം നാട്യമുള്ളവർ ആരും തന്നെയില്ലെന്നാണ് എൻെറ ആശയമെന്ന് വായനക്കാർവിചാരിക്കയില്ലല്ലോ. അപ്രകാരമുള്ള നാട്യന്മാരും ലോകത്തിൽ ഉണ്ട്.

"ശ്രോത്രംനേത്രംവാക്കിവ
ലക്ഷ്മിലയിപ്പിച്ചിടുന്നതത്ഭുതമോ?
വിഷസോദരിയായിട്ടുമവൾ
കൊല്ലുന്നില്ലെന്നതോക്കിലത്ഭുതമേ."

എന്നുണ്ടല്ലോ. എന്നാൽ മുൻവിവരിച്ച മാതിരിയുള്ള തെററായ ധാരണയാണ് ഈ വിഷയത്തിൽ ജനങ്ങളെ അധികവും വഞ്ചിക്കുന്നതെന്നു നിശ്ശങ്കം പറയേണ്ടിയിരിക്കുന്നു. ഈ ചെറിയ പ്രസംഗത്തിൻെറ ഉപസംഹാരത്തിൽ, ഒരുവൻെറ മനോഗതി ഇന്നപ്രകാരമെന്നുള്ളത് അതിനെ നല്ലവണ്ണം പരീക്ഷിച്ചും പരിചയിച്ചും മനസ്സിലാക്കാതെ അവനിൽ ദോഷാരോപണം ചെയ്യുന്നത് അയോഗ്യമാണെന്നു മാത്രമേ എനിക്കു പ്രസ്താവിക്കാനുള്ളു.

കേ. സി. കേശവപിള്ള.

# മലയാളഭാഷാവ്യവസ്ഥ.

———:o:———

ഹരിഃശ്രീ എന്നതും തോന്നാനരൻ പ്രായേണയില്ലിഹ ।
ശരിയായ് സ്സ്വപ്നവും തോന്നുംനരതും പുനരങ്ങിനെ ॥

മേലെഴുതിയ വിഷയനാമത്തെ നാലുവിധമായി പദച്ഛേദം ചെയ്യത്തക്കവണ്ണം ഉദ്ദേശിച്ച് കല്പിച്ചിരിക്കുന്നു. 1 മലയാളഭാഷാ+അവ്യവസ്ഥ. 2. മലയാളഭാഷാ+വ്യവസ്ഥ. 3. മലയാള+ഭാഷാ+അവ്യവസ്ഥ. 4 മലയാള+ഭാഷാ+വ്യവസ്ഥ. എന്നിങ്ങിനെയാകുന്നു നാലുവിധം. അതാവിതു:— 1. മലയാളഭാഷയുടെ അനിശ്ചിതഭാഗമെന്നും, 2. മലയാളഭാഷയുടെ നിശ്ചയം വരുത്തേണ്ടഭാഗമെന്നും, 3. മലയാളത്തിലേയും, ഭാഷ എന്നുമാത്രംകൂടി സാധാരണമായി പറഞ്ഞുവരുന്ന മലയാളഭാഷയിലേയും, അനിശ്ചിതാംശമെന്നും, 4. മലയാളത്തിലേയും, ഭാഷയിലേയും, നിശ്ചയംവരുത്തേണ്ട അംശമെന്നും യഥാസംഖ്യമായി എടുക്കേണ്ടതാകുന്നു. ഇതിൽ മലയാളം, എന്നപദത്തെത്തന്നെ മലയാളദേശം, എന്ന അൎത്ഥത്തിലും, മലയാളഭാഷ, എന്ന അൎത്ഥത്തിലും ഉപയോഗിക്കുന്നുണ്ടല്ലോ? എന്നാൽ ആ പദം ദേശപരമായിവരുമ്പോൾ മലയാളം, എന്നുമാത്രമല്ലാതെ വേറെവിധം എഴുതിക്കാണ്മാനില്ല. ഭാഷാപരമായിവരുമ്പോഴാകട്ടെ, 1. മലയാളം, 2. മലയാഴ്മ, 3. മലയാണ്മ, എന്നും മററും കാണുന്നുണ്ട്. ഇത് ദേശപരമായി വരുമ്പോഴത്തെ വ്യുല്പത്തി, 1. മല+അല എന്നും, 2. മല+ആഴം എന്നും മററും ഭേദപ്പെടുന്നു. മല+ അല എന്നെടുക്കുമ്പോൾ മലകളും, അലകൾ എന്നതിരകൾ ഉള്ള കടൽകളും, അധികമായ ദേശമെന്നും, മല+ആഴം, എന്നെടുക്കുമ്പോൾ മലകളും താണ പ്രദേശങ്ങളും ഇടകലൎന്നുള്ള ദേശമെന്നും അൎത്ഥം കൊള്ളുന്നു. മലയാളം, എന്നതിനെ ഭാഷാപരമായെടുക്കുമ്പോൾ താദൃശദേശീയഭാഷയെന്നും, മലയാഴ്മ, എന്ന ഭാഷാനാമം, മല+ആഴ്മ, എന്നെടുത്ത്, മല, എന്നതിന്, മലപ്രദേശം, എന്നും, ആഴ്മ, എന്നതിന്, ആൾ എന്ന ക്രിയാധാതുവിൽനിന്നു ഭരണം എന്നൎത്ഥം സിദ്ധിക്കുന്നതിനാൽ താദൃഗ്രാജ്യമെന്നും എടു

ത്ത്, പിന്നെ ലക്ഷണയായി തദ്രാജ്യമെന്നും ഭാഷ, എന്നും, മലയാഴ്മ, എന്ന ഭാഷാനാമം, മലയാഴ്മ, എന്നതിലെ, ഴ, ദുഷിച്ച്, യ, എന്നായിത്തീൎന്നതായും വിചാരിക്കേണ്ടിയിരിക്കുന്നു.

ഇനി മലയാളഭാഷയുടെ ഉല്പത്തിസ്ഥിതികളെപ്പററി ആലോചിക്കുമ്പോൾ ഉല്പത്തിവിഷയത്തിൽതന്നെ പ്രാചീനവിദ്വാന്മാരുടെയും നവീനവിദ്വാന്മാരുടെയും അഭിപ്രായങ്ങൾ ഭേദിക്കുന്നു. കോവുണ്ണി നെടുങ്ങാടി മുതലായവർ മലയാളഭാഷയുടെ മാതൃസ്ഥാനം സംസ്കൃതത്തിന്നും ഉപമാതൃസ്ഥാനം തമിഴിന്നും കല്പിക്കുന്നു. ഡാക്ടർ ഗുണ്ടർട്ട്, പി. ഗോവിന്ദപിള്ള, മുതലായവർ മലയാളത്തിന്റെ മാതൃസ്ഥാനം തമിഴിന്നും ഉപമാതൃസ്ഥാനം സംസ്കൃതത്തിന്നും കല്പിക്കുന്നുണ്ട്. ഇവരിൽ ഗുണ്ടർട്ട് സായ്പ്, മലയാള വ്യാകരണം, അകാരാദികൾ മുതലായവ ഉണ്ടാക്കുന്നതിന്നായി മലയാളത്തിലേ മിക്കഗ്രന്ഥങ്ങളും പരിശോധിച്ചിട്ടുള്ളതായി കാണപ്പെടുന്നു. ഗോവിന്ദപ്പിള്ളയാകട്ടെ, മലയാളത്തിന്റെ മാതൃസ്ഥാനം വഹിച്ച തമിഴിൽകൂടി ഭാഷാചരിത്രവും ഗ്രന്ഥസമുച്ചയചരിത്രവും വ്യവസ്ഥിതമായിട്ടില്ലാതിരിക്കെ മലയാളഭാഷയുടെയും ഗ്രന്ഥസമുച്ചയത്തിന്റെയും ചരിത്രങ്ങൾ നിൎമ്മിപ്പാനായി മലയാളത്തിലേ തുലോംഗ്രന്ഥങ്ങളും പ്രമാണങ്ങളും പരിശോധിച്ച് ആ ചരിത്രഗ്രന്ഥത്തിന്റെ ഒന്നും രണ്ടും ഭാഗങ്ങൾ അച്ചടിപ്പിച്ച് മൂന്നാംഭാഗത്തിന്നുള്ള സാമഗ്രികൾ ഒരുക്കിവരുമ്പോൾ മലയാളത്തിന്റെ ഭാഗ്യക്കുറവിനാൽ എന്നു തോന്നുംവണ്ണം ചരമഗതി അടുത്തൊരു മൂന്നാംഭാഗം അച്ചടിപ്പിക്കുന്ന ഭാരം മററു ചിലരെ ഏല്പിച്ചുംവെച്ച് മരണം പ്രാപിച്ചതായി കാണുന്നു. ഈ മൂന്നാംഭാഗത്തിന്റെ ഉപകരണങ്ങൾ സകലവും ഒരുക്കിയിരുന്നം അതിനെ ഇതുവരെ അച്ചടിപ്പിപ്പാൻപോലും മററുള്ളവർ ശ്രമിക്ക ഉണ്ടായിട്ടില്ലാത്ത ഒരു ഒററവിഷയംതന്നെ ഗോവിന്ദപ്പിള്ളക്കും മററുള്ളവൎക്കും തമ്മിലുള്ള ഭാഷാശ്രദ്ധാഭേദത്തെകാണിക്കുന്നതിനാലും ഭാഷോല്പത്തിവിഷയത്തിലും മററും ഗോവിന്ദപ്പിള്ളയുടെ അഭിപ്രായം അനുഭവസിദ്ധമായിരിക്കയാലും പ്രാചീനാഭിപ്രായം പൂൎവ്വപക്ഷമായും നവീനംതന്നെ സിദ്ധാന്തമായും പരിണമിക്കുന്നു.

പിന്നെ മലയാള അക്ഷരമാലാ വിഷയത്തിലും പഴയ നടപ്പിനെക്കാൾ പുതിയ നടപ്പുതന്നെ അധികം നന്നായിരിക്കുന്നു. പണ്ട്, എ, ഏ, ഒ, ഓ, ഈ ഹ്രസ്വദീർഘങ്ങളെ "സംസാരഭാഷ"യിൽ മാത്രം ഭേദപ്പെടുത്തി ഉച്ചരിക്കയും "എഴുത്തുഭാഷ"യിൽ ആ രണ്ടു ദീർഘങ്ങളെയും ഹ്രസ്വങ്ങളാക്കി എഴുതിവരികയും ചെയ്തിരുന്നു. ഈ നടപ്പ് സംസ്കൃതത്തിൽ ആ രണ്ടിലും ദീർഘം മാത്രമുള്ളതനുസരിച്ചോ മറ്റോ ആയിരിക്കാം. ഇപ്പോഴാകട്ടെ ഈ ഹ്രസ്വദീർഘങ്ങൾ ഭേദപ്പെടുത്തി എഴുതിത്തുടങ്ങീട്ടുണ്ടെങ്കിലും ചില അപരിഷ്കൃത ലേഖകന്മാർ ഇപ്പോഴും പഴയനടപ്പനുസരിക്കുന്നത് നന്നല്ലാ. ഋ, ൠ, ഌ, ൡ, ഈ നാലുയിർകൾ സംസ്കൃതത്തിൽനിന്ന് എടുത്തിട്ടുണ്ടെങ്കിലും അവററിൽ ഋ, മാത്രം സാധാരണ മലയാളത്തിൽ കാണുന്നതല്ലാതെ മററു മൂന്നും കാണാത്ത കൂട്ടത്തിൽ തന്നെ ആകയാൽ മലയാളസ്വരം പതിമൂന്നിൽ, ഋ, ഒന്നൊഴിച്ച് മററു പന്ത്രണ്ടും തമിഴ്സ്വരം തന്നെ. അം, അഃ, ഈ രണ്ടും സംസ്കൃതത്തിലേപ്പോലെ തമിഴിലും ഉണ്ടുതാനും. മലയാള വ്യഞ്ജന വിഷയത്തിൽ തമിഴും സംസ്കൃതവും സമമായി ചേർന്നിട്ടുണ്ട്. മലയാളവ്യഞ്ജനം മുപ്പത്തേഴ് എന്ന പക്ഷം, അതിൽ പതിനെട്ടു തമിഴ് മെയ്യും പത്തൊമ്പത് സംസ്കൃത വ്യഞ്ജനവും ആകുന്നു. ആ പത്തൊമ്പതിൽ ച, ശ, ഇവ സംസ്കൃതത്തിൽ രണ്ടെങ്കിലും തമിഴിൽ ഒന്നാകുന്നതിനാൽ മലയാളത്തിലേ സംസ്കൃത വ്യഞ്ജനവും പതിനെട്ടുതന്നെ എന്നുപറയാം. ഈ രണ്ടക്ഷരങ്ങൾ മലയാള എഴുത്തിലും ഉച്ചാരണത്തിലും രണ്ടും തമിൾ എഴുത്തിൽ ഒന്നും ഉച്ചാരണത്തിൽ രണ്ടും ആയിരിക്കുന്നപോലെ ന, എന്ന് തമിഴിനും സംസ്കൃതത്തിനും പൊതുവായ വ്യഞ്ജനം മലയാള എഴുത്തിൽ ഒന്നും ഉച്ചാരണത്തിൽ രണ്ടും, തമിഴെഴുത്തിൽ രണ്ടും ഉച്ചാരണത്തിൽ ഒന്നുമായിരിക്കുന്നു. ഈ നകാരത്തെ തമിൾ രീതി അനുസരിച്ച് മലയാളം എഴുത്തിലും രണ്ടാക്കി "ഩ" എന്ന് ഒരു വ്യഞ്ജനം കല്പിച്ചാൽ കൊള്ളാമെന്ന "കേരളപാണിനീയാ"ഭിപ്രായം ഉത്തമംതന്നെ എങ്കിലും നടപ്പായി വരാത്തത് നന്നല്ലല്ലോ!

മേൽ ഇതിൽ ഓരോന്നു പിടിച്ചു തുടരാമെന്ന് ആഗ്രഹം തോന്നുകയില്ലേ ന്നു. പിന്നെ, കണ്ണ, കണ്ണ്, കണ്ണു, കണ്ണു്, എന്നിപ്പോൾ നാലുവിധമെഴുതിവരുന്നതൊക്കെ പണ്ട്, കണ്ണ, എന്നുമാത്രം എഴുതിവന്നതിനെ ഇപ്പോൾ മാറു മൂന്നു മാതിരിയിലും എഴുതിത്തുടങ്ങിയിരിക്കുന്നതിൽ വെച്ച് "കേരളപാണിനീയാ"ഭിപ്രായപ്രകാരം, "കണ്ണ്" എന്ന രൂപം ഉത്തമമാണെങ്കിലും നടപ്പാകാത്തത് കഷ്ടമല്ലേ? നിവൃത്തിക്ക, പ്രവൃത്തിക്ക, എന്നിത്യാദിമുമ്പെഴുതിയിരുന്നതിപ്പോൾ നിവർത്തിക്ക, പ്രവർത്തിക്ക, എന്നെഴുതിത്തുടങ്ങുന്നത് എത്ര നല്ലത്? ഈ പരിഷ്കാരം ഒന്നാമതായി മഹാമഹിമശ്രീ. "കേരളീയകാളിദാസ" കൃതമായതിനാലായിരിക്കാം പ്രചാരത്തിലാകുന്നത്. ചുരക്ക, ചുരയ്ക്ക, ചുരെക്ക, ചുരെയ്ക്ക, എന്നിനാലും, ചുരക്ക, എന്നുമാത്രം മുമ്പെഴുതിവന്നതിനെ ഇപ്പോൾ മറ്റു മൂന്നുമാതിരിയിൽകൂടി എഴുതുന്നതിനാൽ ഗുണമുണ്ടല്ലോ? ചെടി, ചേടി, ഈ രണ്ടും മുമ്പ്, ചെടി, എന്നുമാത്രം എഴുതിവന്നതിപ്പോൾ ഭേദപ്പെട്ടിരുന്നത് എത്ര സുകരമാണ്? കൊട്ട, കോട്ട, ഇവ രണ്ടും മുൻ, കൊട്ട, എന്നുമാത്രമെഴുതിയതും നന്നല്ലല്ലോ?.

പിന്നെ മലയാള പദങ്ങളുടെ വിഷയത്തിലും പൂർവ്വനടപ്പിനെക്കാൾ ഇപ്പോഴത്തെ നടപ്പുതന്നെ പരിഷ്കൃതമായിരിക്കുന്നു. ആദികാലത്തെ മലയാളഭാഷാരീതികാണിക്കുന്നതായി പ്രസിദ്ധപ്പെട്ട ഗ്രന്ഥങ്ങൾ ഒന്നും കാണാത്തതിനാൽ വളരെക്കാലം മുമ്പ് എഴുതപ്പെട്ടതായി കാണുന്ന ചിലശിലാശാസനങ്ങൾ, താമ്രശാസനങ്ങൾ, മുതലായവയെ മാതൃകയായി എടുത്തുനോക്കുമ്പോൾ അക്കാലത്തെ മലയാളഭാഷ എഴുതിവന്ന അക്ഷരംകൂടി ഇപ്പോഴത്തെ "ആര്യാക്ഷരം" എന്ന മലയാള അക്ഷരമല്ല. ആര്യഎഴുത്തെന്നത് ഗ്രന്ഥാക്ഷരമെന്നും മലയാളാക്ഷരമെന്നും പക്ഷാന്തരങ്ങൾ കാണുന്നുണ്ടുതാനും. തുഞ്ചന്റെ "ഹരിനാമ"ത്തിൽ "അമ്പത്തൊരക്ഷരവും" എന്നത് ഗ്രന്ഥാക്ഷരമാലയിലും അമ്പത്തിമൂന്നക്ഷരം മലയാളം അക്ഷരമാലയിലും ഉള്ളതാകയാൽ എഴുത്തച്ഛനും മററുംകൂടി എഴുതിവന്നതായി കാണുന്ന ആര്യഎഴുത്തെന്നത്

"ഗ്രന്ഥാക്ഷരം" എന്നു സിദ്ധിക്കുന്നു. വട്ടെഴുത്തു,കോലെഴുത്തു, ഇവററിലേയും ഭാഷാരീതിയുമെല്ലാം തമിഴ്‌രീതിയെ അനുസരിച്ചും കാണുന്നു. അതാവിത്:—

1. "കോകാന്തവർ പട്ടണത്തു ഇരവികൊർത്തനാകിയ ചേരമാൻ ലോകപെരുംചെട്ടിക്കു മണിഗ്രാമപ്പട്ടം കൊടുത്തോം". 2. "നാലുവാതിലകത്തും വിളക്കും പൂമിയാകകാരാണ്മൈ കൊടുക്കമെടുത്തും കൊപ്പുതവാരം അഞ്ചുവണ്ണവും മണിക്കിരാമവും കൊടുപ്പതാക". എന്നാം മററുമെഴുതിവന്നു. കുറെക്കാലം കഴിഞ്ഞാറെ തിരുവിതാംകൂർ ആദിത്യവർമ്മ മഹാരാജകൃതമെന്ന് വിചാരിക്കപ്പെട്ടിരിക്കുന്ന "രാമചരിതം" പോലെയുള്ളതായ മലയാള ഗ്രന്ഥങ്ങളിലും തമിഴ്‌പദങ്ങളും മററും ബഹുളമായിരിക്കുന്നതുകൂടാതെ വൃത്തംകൂടി ഇപ്പോൾ മലയാളത്തിൽ തിരെനടപ്പില്ലാത്തതായി തമിഴിലെ "വിരുത്തം" എന്ന കവിതാരീതിയെ അനുസരിക്കുന്നു. ഉദാഹരണം:—

"നേകരിതൻകണ്ണനീര നലമെഴുതുടക്കുന്നേൻ ഞാൻ
ഇകലിൽ വെന്നിവാൾ എന്നെപ്പോം ഇരാവണനിയമ്പകേട്ടു
മുകിലൊലിപതറുഞ്ചൊല്പാൽ മനിന്തവൻ തനയന്മാരിൽ
തികപതമുടയോനാകും തിരിചിരാവിത്തമൊഴിന്താൻ."

എന്നും മററുമെഴുതിക്കാണുന്നു. ഈ ഗ്രന്ഥമെഴുതിയ കാലത്ത് മലയാളമെഴുതിവന്നത് കേവലം വട്ടെഴുത്തിലോ കോലെഴുത്തിലോ അല്ലെന്നും ആര്യ എഴുത്തിലായിരിക്കണമെന്നും ഇതിലേ "സ്ഥ" എന്നക്ഷരം ഉള്ളതുകൊണ്ടും മററും ഊഹ്യമായിവരുന്നു. എന്നാൽ ആദ്യകാലത്തെ താമ്രശാസനങ്ങൾ എന്നുപറഞ്ഞവററിലും പ്രാരംഭത്തിൽ "ഹരിഃ ശ്രീഗണപതയേനമഃ" എന്ന് ആര്യാക്ഷരത്തിൽ എഴുതിയിട്ട് പിന്നെ വട്ടെഴുത്തും കോലെഴുത്തും കലന്ന് മലയാന്തമിഴക്ഷരത്തിൽ എഴുതിയിരിക്കുന്നതായി കാണുന്നതിനാൽ ആര്യാക്ഷരം അക്കാലത്തേ ഉണ്ടായിരുന്നിരിക്കണം. എങ്കിലും അപ്പോഴത്തെമലയാളപദവാക്യങ്ങളിൽ മിക്കതും തമിഴായിരുന്നതുകൊണ്ട് സംസ്കൃതാക്ഷരങ്ങൾചേർന്നിട്ടുള്ള ആര്യാക്ഷരങ്ങളുടെ ആവശ്യം മലയാളത്തിൽ ഏറെ ഇല്ലാതിരുന്നതിനാലും അപ്പഴത്തേ മലയാളി

കളിലും വിശേഷിച്ച് മലയാള ശൂദ്രരിലും അധികം പേർ അക്ഷരജ്ഞാനമില്ലാത്തവരും അഥവാ ഉണ്ടായിരുന്നാൽ അതു മലയാന്തമിഴക്ഷരജ്ഞാനമുള്ളവരും ആകകൊണ്ടു മായിരിക്കാം അക്കാലത്തെ മലയാളം വട്ടെഴുത്തിലോ കോലെഴുത്തിലോ രണ്ടും കലന്നോ എഴുതിക്കാണുന്നത്. പിന്നെ കുറെക്കാലംകഴിഞ്ഞ് "കണ്ണശ്ശപ്പണിക്കരുടെ മലയാള രാമായണം" ഉണ്ടായകാലത്തെ ഭാഷാരീതി "രാമചരിത"ത്തിലേ രീതിയിൽനിന്നും വളരെ ശുദ്ധിയെ പ്രാപിച്ചിട്ടുണ്ടെങ്കിലും അപ്പോഴും മലയാളഭാഷയിന്മേൽ തമിഴ്ഭാഷക്കുണ്ടായിരുന്ന അധികാരം ഒഴിവായിട്ടില്ലാതിരുന്നതിനാൽ ആ മലയാള പദവാക്യങ്ങൾ പലേടത്തും തമിഴ്രീതിയെ അനുസരിക്കുന്നു എന്നുമാത്രമല്ല ആ ഗ്രന്ഥത്തിലെ വൃത്തം കൂടി "രാമചരിതം" പോലെ ശുദ്ധ തമിഴ് വൃത്തമല്ലെങ്കിലും ശുദ്ധ മലയാള, സംസ്കൃത, ഛന്ദസ്സുകളേയും അനുസരിക്കുന്നില്ല. ആകയാൽ ഇതിന് "നിരണവൃത്തം" എന്ന പ്രത്യേകപ്പേർ കാണുന്നു. എങ്ങിനെഎന്നാൽ:—

"വന്ദിച്ചേൻഗണനായകനാകിയ വാനോർകോനൊടു വാണിയെമനസാ ചിന്തിച്ചേൻ ഗുരുശശ്വൽപദാംബുജചിന്താമണിപുനരതിനരുളാലെ മന്ദപ്രജ്ഞന്മാക്കറിവാനായ്മനുകുല തിലകനുടെ വൃത്താന്തമിതഖിലം ഞാൻ കേവലമെങ്കിലുമൊട്ടായപ്രകാരംചൊൽകതുനിഞ്ഞേൻ" എന്നും മററുമാകുന്നു. ഇതിൽ സംസ്കൃതാക്ഷരങ്ങൾ വളരെക്കാണുന്നതിനാൽ അക്കാലത്ത് ആര്യ എഴുത്ത് സാധാരണ നടപ്പായി വന്നിരിക്കണം. എന്നുമാത്രമല്ല മലയാളഭാഷയിന്മേൽ തമിഴിനുണ്ടായിരുന്ന അധികാരം കുറപ്പാനായി സംസ്കൃതപദങ്ങളും മലയാളത്തെ സഹായിച്ചുതുടങ്ങിയതായും കാണുന്നു. ഇതിനടുത്തുണ്ടായിരിക്കുന്ന ചെറുശ്ശേരി നമ്പൂരിയുടെ "കൃഷ്ണഗാഥ" (കൃഷ്ണപ്പാട്ടു) എന്ന കവിതയും തമിഴ് വൃത്തവും സംസ്കൃതവൃത്തവുമല്ലാതെ കാണുന്നതിനാൽ അതിന്ന് "ആളുന്തി" (ആളുന്തി) എന്ന പേർ കല്പിച്ചുകാണുന്നു. ഇതിലേ ഭാഷാരീതിയിലും ശുദ്ധ തമിഴ് പദപ്രയോഗങ്ങൾകുറഞ്ഞും ചില സംസ്കൃതപദപ്രയോഗങ്ങൾ കലൎന്നും കാണുന്നു. ദൃഷ്ടാന്തം:—

"പോലാഴിമാത്തുതാൻ പാലിച്ചുപോരുന്ന
കോലാധിനാഥനുദയവർമ്മൻ" ഇത്യാദി.

എങ്കിലും മലയാളത്തിൽ "ആട്ടക്കഥ" (കഥകളി) എന്നരീതി ആദ്യമാ കല്പിച്ചുണ്ടാക്കിയ മഹാരാജാദി കൃതികളാൽ ഭാഷയിൽ ശുദ്ധസംസ്കൃത, പ്രാകൃത, ശ്ലോകാദികളും സംസ്കൃതാലങ്കാരങ്ങളും മററും ചേൎത്തുതുടങ്ങിയത് മലയാളഭാഷാസ്വരൂപത്തിന്ന് ഒരലങ്കാരംതന്നെ ആയിരിക്കുന്നു. പിന്നത്തേതിൽ മലയാളഭാഷാസ്വരൂപവ്യവസ്ഥ ഒന്നാമതായി വരുത്തിയത, കണ്ണശ്ശപ്പണിക്കരുടെ സമകാലികനായി ചിലർ പറഞ്ഞുകാണുന്നുണ്ടെങ്കിലും പണിക്കരുടെ ഭാഷാരീതിയിൽനിന്നും തന്റെ ഭാഷാരീതിക്ക് വളരെ ശുദ്ധിവരുത്തിയിരിക്കുന്നതും മലയാളികൾക്ക് അക്കാലംവരെ സ്വഭാഷയിൽ പുരാണാദികൾ ഒന്നുമില്ലാത്ത "കമ്പരാമായണം" മുതലായത് വായിച്ചറിയേണ്ടിവന്നിരുന്ന ബുദ്ധിമുട്ടുനീക്കി നൂതനമായി മലയാളത്തിൽ രാമായണം, ഭാഗവതം, മുതലായ സൽഗ്രന്ഥങ്ങളെ രചിച്ചിരിക്കുന്നതുമായ, തുഞ്ചത്തെഴുത്തച്ഛൻതന്നെ. ഈ ഗ്രന്ഥങ്ങളിലെ ഭാഷാരീതി ശുദ്ധമലയാളത്തിന്റെ പ്രഥമമാതൃകയായി വിചാരിക്കേണ്ടിയിരിക്കുന്നു. എങ്ങിനെയെന്നാൽ:—

1. "അൻപേണമെൻമനസി ശ്രീനീലകണ്ഠഗുരു
മംഭോരുഹാക്ഷമിതിവാഴ്ത്തുന്നു ഞാനമിഹ
അമ്പത്തൊരക്ഷരവുമോരോന്നിതെൻമൊഴിയിൽ
അൻപോടുചേൎക്ക ഹരിനാരായണായ നമഃ"

2. "മനക്കോട്ടുവാഴും മഹാമാനശാലി
മനക്കാമ്പിലേററം കൃപാവാരിരാശി
ഇനിക്കാശ്രയം ബാലരാമാഭിധാനൻ
നിനക്കുന്നതെല്ലാം വരുത്താൻകരുത്തൻ."

എന്നീരീതിയിലായികാണുന്നു. എഴുത്തച്ഛനും തമിഴിലേ "പൈങ്കിളിക്കണ്ണി" മുതലായ ഛന്ദസ്സുകളുടെ ഛായയുള്ള "കിളിപ്പാട്ട്" എന്നരീതി ആദ്യമായി കല്പിച്ചുണ്ടാക്കിയിട്ടുണ്ടെങ്കിലും തമിഴ്‌രീതി തീരെവിട്ട് സംസ്കൃതഛന്ദസ്സുകളെ അനുസരിച്ചും മലയാള

ത്തിൽ അനേക കവിതകൾ ഉണ്ടാക്കിക്കാണുന്നു. എഴുത്തച്ഛന്റെ
കാലംമുതൽ മലയാളഭാഷക്ക് സംസ്കൃതസഹായത്താൽ തമിഴി
ന്റെകീഴടക്കം ഒട്ടുവോളംവിട്ട് സ്വാതന്ത്ര്യം സിദ്ധിച്ചുതുടങ്ങി. ഇങ്ങി
നെ തുഞ്ചനായിട്ട് മലയാളഭാഷാസ്വരൂപസ്വാതന്ത്ര്യങ്ങളെവ
രുത്തിയശേഷം കുഞ്ചൻനമ്പിയാർ മലയാളഭാഷയിൽ "തുള്ളൽ"
എന്നൊരു പുത്തൻ ഛന്ദസ്സ്വരൂപം നിർമ്മിച്ചു ചേർത്തതായി കാ
ണുന്നുണ്ടെങ്കിലും ഭാഷയ്ക്കു തുഞ്ചനെക്കാൾ അധികമായ ശുദ്ധിവ
രുത്തിയതായി കാണുന്നില്ല.

ഇപ്പോഴത്തെ മലയാളത്തിലാകട്ടെ "കേരളീയ കാളിദാസ"
രായിട്ട് ഒന്നാമത് സംസ്കൃതനാടകാദികളെ മലയാളതർജ്ജമചെ
യ്തു അവറ്റെ അച്ചടിപ്പിക്കുന്നതിൽ സാധാരണ മലയാള വിദ്വാ
ന്മാർചെയ്യുന്നപോലെ പുസ്തകാരംഭംമുതൽ അവസാനംവരെ ഒരേ
ദണ്ഡാകാരമാക്കാതെ തനിക്ക് ഇംഗ്ലീഷ് ഭാഷാജ്ഞാനം കൂടിയു
ള്ളതിനാൽ ഇംഗ്ലീഷ് പുസ്തകരീതി അനുസരിച്ച് ഗദ്യപദ്യാദി
വേർപാടുകളും അല്പവിരാമാദി ചിഹ്നങ്ങളും വരുത്തിത്തുടങ്ങിയ
ത് ഭാഷയ്ക്കു ഒരു വിശിഷ്ടാലംകാരമായിരിക്കുന്നുവല്ലോ? ഈ ചിഹ്ന
ങ്ങളുടെ ഫലം "സംസാരഭാഷ"യിൽ സ്വരഭേദംകൊണ്ട് പാമര
ജനവും വരുത്തുന്നുണ്ട്. "എഴുത്തുഭാഷ"യിലാകട്ടെ ഈവക ചി
ഹ്നങ്ങൾ ഉപയോഗിക്കാഞ്ഞാൽ "അല്പവിരാമം ആളെക്കൊന്നു"
എന്ന് ഇംഗ്ലീഷിൽ പറഞ്ഞിരിക്കുന്നപോലെ ചില പദവാക്യങ്ങ
ൾ ദുരർത്ഥങ്ങളായോ, നിരർത്ഥങ്ങളായോ, വിപരീതാർത്ഥങ്ങളാ
യോ, ഭവിച്ച് പണ്ഡിതന്മാർക്കുപോലും തത്വം ഗ്രഹിപ്പാൻ പ്ര
യാസമായിവരുന്നു എന്നാൽ പാമരന്മാരുടെ വിഷയം പറവാനു
ണ്ടോ? ഈ പ്രയാസമുണ്ടാകാതിരിപ്പാനായി ഇപ്പോൾ ചില ചി
ഹ്നങ്ങൾ ഉപയോഗിച്ചുവരുന്ന കൂട്ടത്തിൽ ഇതുവരെ ദേവനാഗരി
അക്ഷരത്തിലുള്ള പുസ്തകങ്ങളിൽ മാത്രം ഉപയോഗിച്ചുകാണുന്ന
"അവഗ്രഹം" എന്ന ചിഹ്നവും, വ്യസ്തമായാലും സമസ്തമായാലും
ഓരോപദം കഴിഞ്ഞാൽ അല്പം സ്ഥലം വിടുന്നതിൽ നാഗരി എഴു
ത്തിലുള്ള പുസ്തകങ്ങളിലെപ്പോലെ ഒരു വ്യവസ്ഥയും മറ്റും വരു
ത്തിയാൽ ഏറെനന്ന്. എന്നാൽ കാലക്രമത്തിൽ ആദിമഭാഷ

യിലെ, മകാന്തേവർ, ഇരവി, ആകിയ, കൊട്ടത്തോം, പൂമി, കാരാണ്മൈ, എടത്തു, കൊപ്പുത, കിരാമം, കൊററവതാക, എന്ന പാട്ടു യ പ്രയോഗങ്ങളും, നകരി, നീരെ, ഇരാവണൻ, പതം, തിരിചിരാ, എന്ന രാമചരിത പ്രയോഗങ്ങളും, മനസ, അരുളാലെ, എന്ന കണ്ണശ്ശപ്പണിക്കർ പ്രയോഗങ്ങളും, മഹാദേവർ, രവി, ആയ, കൊട്ടത്തു, ഭൂമി, കാരാഴ്മ, ഇടത്തു, കൊപ്പുര, ഗ്രാമം, കൊററവൃതാക, എന്നും, നഗരീ, നീരിനെ, രാവണൻ, പദം, ത്രിശ്ശിരസ്സ്, എന്നും, മനസാ, അരുളാൽ, എന്നും ഭേദപ്പെട്ടകയും, ഏഴ, ഇകൽ, ഇയമ്പ, പതവും, മുനിന്തു, തക, മൊഴിന്താൻ, എന്ന രാമചരിതത്തിലേ തമിഠം പ്രയോഗങ്ങൾ മലയാളത്തിൽ ഇല്ലാതാകയും ചെയ്തുവരുന്നു. തനയസ്ഥരിൽ, എന്ന രാമചരിതപ്രയോഗം അസംബന്ധമായി കാണുന്നതിനാൽ അത് കവിതന്നെ പ്രയോഗിച്ചതോ, അച്ചടിപ്പിഴയൊ, എന്നറിവാൻ പാടില്ലാതിരിക്കുന്നു. മനസ, എന്ന് കണ്ണശ്ശപ്പണിക്കരുടെ പ്രയോഗമായി കാണുന്നതും അച്ചടിപ്പിഴയായിരിക്കണം. അൻപേണം, എന്ന് എഴുത്തശ്ശന്റെ കൃതിയിൽ കാണുന്നത്, ന്പ, എന്ന അക്ഷരം, ൻപ്, ഞ്ച, എന്ന രണ്ടുമാതിരിയിൽ കൂടി ഇപ്പോഴും എഴുതിക്കാണുന്നതിനാൽ കവിതന്നെ പ്രയോഗിച്ചതായിരിക്കാം. അദ്യതനവിദ്വാന്മാരും, അമ്പ്, എന്നതും, അൻച്, എന്നതും അഭേദമായി എഴുതിവരുന്നതിനാൽ അത്ഥവിഷയത്തിൽ അനാവശ്യമായി ബുദ്ധിമുട്ടേണ്ടിവരുന്നു. എന്നുമാത്രമല്ല, അമ്പത് എന്നതിനെ ഇപ്പോഴും ചിലർ ഐമ്പത് എന്നും, ഐംപത്, എന്നും, അമ്പത്, എന്നും എഴുതിവരുന്നതിനാൽ വ്യവസ്ഥയില്ലാതാകുന്നു എന്നുമാത്രമല്ല, ഐംപതു, എന്ന തമിഠംപദം ഭേദിച്ച് മലയാളത്തിൽ അമ്പത് എന്നായിരിക്കുന്നതിനെ വീണ്ടും തമിഠരൂപമാക്കുന്നതുകൊണ്ട് മലയാളത്തിന്മേൽ തമിഴിന്നില്ലാതായി പോയ ഒരധികാരത്തെ മലയാളം തന്നെ പുനർജ്ജീവിപ്പിക്കയാണല്ലോ? ഒരു ഉപഭാഷക്ക് മാതൃഭാഷയോടുള്ള സാമ്യത്തെ കഴിയുന്നതും ചുരുക്കിയാലെ സ്വാതന്ത്ര്യം സിദ്ധിക്കയുള്ളു. ആകയാൽ തമിഴ്, സംസ്കൃതം മുതലായ ഭാഷകളിൽ നിന്നും മലയാളത്തിൽ ചേന്നിരിക്കുന്ന പദങ്ങൾക്ക്

മലയാളത്തിൽ പ്രത്യേകത്വമുണ്ടായിരിക്കെ അതാതു ഭാഷാരൂപം ഉപയോഗിക്കുന്നതു ഭാഷക്കു ദോഷം തന്നെ. എന്നാൽ സംസ്കൃതത്തിൽ നിന്നുൽഭവിച്ച പ്രാകൃതഭാഷാപദഘടനരീതിക്ക് വ്യവസ്ഥയും വ്യാകരണവും ഉള്ളതുപോലെ ഓരൊ മൂലഭാഷോൽകൃത മലയാളപദങ്ങൾക്ക് വ്യവസ്ഥയെപ്പെട്ടു കാണാത്തതിനാൽ "മഹാജനോയേനഗതസ്സപന്ഥാഃ" എന്ന ന്യായമനുസരിക്കാതെ സാധാരണ നടപ്പായിരിക്കുന്നതിനെ വിട്ട് ഭാഷ വഷളാക്കുന്നത് കഷ്ടമല്ലെ? എന്നാൽ ഈവിഷയത്തിൽ "അച്ചടിപ്പ്ശാച്" എന്നിംഗ്ലീഷിൽ പറയുമ്പോലെ അച്ചുപിഴ എല്ലാഭാഷയിലും കാണുമെങ്കിലും മലയാളം അച്ചടിക്കാർ ഭാഷാദൂഷണത്തിൽ കൊണ്ടുപിടിക്കുന്നു. ആകയാൽ, അൻപേണം, എന്നതും അച്ചടിത്തെററായിരിക്കണം.

പിന്നെ പല പദങ്ങളെ ഒന്നിച്ചു ചേൎക്കുന്ന സന്ധി, സമാസം, വാക്യം, ഇത്യാദിവിഷയങ്ങളിലും നമ്മുടെഭാഷാ തമിഴിനെഅനുസരിക്കുന്നതല്ലാതെ സംസ്കൃതത്തെ അധികമനുസരിക്കുന്നില്ലാതിരിക്കെ ചിലർ ഈ വിഷയങ്ങളിൽ "മാപ്പിളയുടെ കുടുമ്മയും വടുകന്റെ താടിയും ചേൎത്തുകെട്ടുക" എന്നപോലെ മലയാളത്തിൽ, "കൊച്ചുങ്ങവെച്ചേൻ" "ധാവതിചെയ്തു" "അരയന്നപ്പരിവൃഢം" "ഏട്ടമുനിമാർ," എന്നുംമററും പ്രയോഗിക്കുന്നത് ഭാഷാദൂഷണമല്ലയോ? ഛന്ദസ്സ്, അലങ്കാരം, ദശരൂപകം, ഈ വിഷയങ്ങളിൽ മാത്രം മലയാളം സംസ്കൃതത്തിൽ ലയിച്ചിരിക്കുന്നു. ഇവററിൽ അലങ്കാരവും ദശരൂപകവും മലയാളത്തിന്നു പ്രത്യേകം ഇതുവരെ ഉണ്ടായിട്ടില്ലെങ്കിലും ഛന്ദസ്സുകൾ ചിലത് മലയാളത്തിൽ പ്രത്യേകമുണ്ടായിരിക്കെ അവയെറയും പ്രബലപ്പെടുത്താതെ ആധുനികന്മാർ ഗതാനുഗതികന്മാരായി സംസ്കൃതത്തെത്തന്നെ അവലംബിക്കുന്നതും കഷ്ടംതന്നെ. എന്നുതന്നെയല്ല ചില സംസ്കൃതപക്ഷപാതികൾ മലയാളത്തെ സഹായിപ്പാൻ വന്ന സംസ്കൃതത്തിന്റെ "ഭജനംമുഴത്ത് ഊരാണ്മ" ആകുന്നതും നന്നാകുന്നതോ? എങ്കിലും ആകപ്പാടെ പരിഷ്കൃതപ്രായമായിരിക്കുന്ന നമ്മുടെ ഭാഷയിൽ അത്യാപിതാഴെ കാണിക്കുന്നവറെറ വ്യവസ്ഥ

യില്ലാതെ പലതും, ആക്കൂട്ടത്തിൽ, "ഹിരണ്യനാട്ടിൽ ചെന്നാൽ ഹിരണ്യായനമഃ" എന്നിക്കണ്ട ഞാനും, എഴുതിവരുന്നതിനാൽ അവയിൽ അവ്യവസ്ഥിതം ഓരോന്നിന്റെ നേരെ വ്യവസ്ഥ വരുത്തേണ്ടുന്ന രൂപവും എഴുതിക്കാണിക്കുന്നു:—

അങ്ങനെ, അങ്ങിനെ. അവിടുത്തെ, അവിടത്തെ. അതിലക്ക്, അതിലേയ്ക്ക്. എന്തന്നാൽ, എന്തെന്നാൽ. എല്ലൊ, അല്ലൊ. പോര, പോരാ. അവിടത്തന്നെ, അവിടെത്തന്നെ, ഇരുപത് ഇരുപത്. രൂപ, ഉറുപ്പിക. ഓരൊന്ന്, ഓരോന്ന്, തുടങ്ങിരിക്കുന്നു, തുടങ്ങിയിരിക്കുന്നു, എന്നിത്യാദിയെ കാരണപൂർവ്വം വഴിയെ വിസ്തരിക്കയും ഓരോ പ്രത്യേകപ്രയോക്താക്കളെ ചൂണ്ടിക്കാണിക്കയും ചെയ്യുമ്പോൾ "കലഹം പിറന്നാൽ ന്യായം പിറക്കും" എന്നപോലെ ആക്ഷേപസമാധാനങ്ങൾക്കിടവരുമെന്നു വിചാരിക്കുന്നു. എന്നാൽ ഈവക ആക്ഷേപങ്ങൾ ഭാഷാപരമായി കലാശിക്കുന്നതല്ലാതെ പരസ്പരമായി കലാശിക്കാതിരിപ്പാനായി മാതൃഭൂതേശനെ പ്രാർത്ഥിച്ചുകൊണ്ടിപ്പോൾ മതിയാക്കുന്നു.

കവീശ, എ. നാണുശാസ്ത്രികൾ.

# തൃക്കണാമതിലകം.

———:o:———

മലയാളത്തിലുള്ള മഹാബ്രാഹ്മണർ മുതലായ സകല ദ്വിജവർഗ്ഗങ്ങൾക്കും സന്ധ്യാവന്ദനം തുടങ്ങിയുള്ള നിത്യകർമ്മങ്ങളിൽ നേരനീക്കം വരുത്തിക്കൂടാ എന്ന നിഷ്ഠയുണ്ടായിരുന്നതും ആദ്യമായി തെറ്റിത്തുടങ്ങിയത അന്നുമുതൽക്കാണ്. തടവിൽ പെട്ടുപോയതിനാൽ സന്ധ്യാവന്ദനം, ഔപാസനം മുതലായ നിത്യകർമ്മങ്ങൾക്കു മുടക്കം പറ്റിയ മഹാബ്രാഹ്മണനക്ക് അന്നുണ്ടായ മനോവ്യസനം ഇന്നപ്രകാരത്തിലായിരുന്നു എന്ന പറഞ്ഞറിയിക്കുവാൻ തീരെ പ്രയാസം തന്നെ. അന്നുസംഭവിച്ചതായ ആ അത്യാപത്തിനെ സൂചിപ്പിച്ചിട്ടാണ് ഇന്നും ഇരിങ്ങാലക്കുടെ ഗ്രാമത്തിൽ ചെളസകല ദ്വിജവർഗ്ഗക്കാരും സന്ധ്യാവന്ദനത്തിന്ന് ഏകാഗ്ര്യം (ഒരു

ഊരകം) മാത്രമായി നടത്തിപ്പോരുന്നത്. എന്നാൽ ഈഗ്രാമത്തിൽപ്പെട്ട മൂന്നില്ലക്കാൎക്ക് ഇപ്പോഴും മൂന്നാംകൂറ്റമായിട്ടും കഴിഞ്ഞുവരുന്നുണ്ട്. ഈ ആചാരഭേദത്തിന്നുള്ള കാരണം അന്നു മൂന്നില്ലക്കാർ ഈ യോഗത്തിൽ ചേരാഞ്ഞിട്ടോ, അവൎക്കു വല്ല സംഗതിവശാലും സന്ധ്യാവന്ദനം മുടങ്ങുവാനിടവരാഞ്ഞിട്ടോ എന്താണെന്നു സൂക്ഷ്മമായി പറയുവാൻ സാധിക്കുന്നില്ല. ശുകപുരം, പെരുമനം, ഐരാണിക്കുളം, ചേന്നനാട, ഈഗ്രാമങ്ങളിലുള്ള നമ്പൂതിരിമാരിലും കൂട്ടംചിലർ ഏകകൂറ്റക്കാരായിട്ടുണ്ട്. അവരും ഇതുപോലെ വല്ലകാരണങ്ങളാലും നിയമഭംഗംവന്നപോയവരുടെ വംശശാഖയിൽ പെട്ടവരായിരിക്കാം. ഏതായാലും, മേൽപറഞ്ഞ അപൂൎവ്വസംഭവത്തിന്നു ശേഷം ഇരിങ്ങാലക്കുടക്കാരെല്ലാവരും മതിലകത്തുനിന്ന പിൻവലിച്ചു മതിലകത്തുകാരുടെ ഒരു സാഹസപ്രവൃത്തിയാൽ മറ്റുള്ള മഹാബ്രാഹ്മണൎക്കും അവരുടെമേൽ വൈരസ്യം ജനിക്കുവാനിടയായി. തൃക്കണാമതിലകത്തു കുളപ്പുരയിൽ കൂടിയിരുന്ന യോഗക്കാർ നമ്പൂതിരിമാരും ഓരോരുത്തരായി ഒഴിച്ചുപോകുവാൻ തുടങ്ങി. രക്ഷാധികാരിസ്ഥാനംവഹിച്ചിരുന്ന പടിഞ്ഞാറേറത്തു പട്ടേരിയും ഈ നായന്മാൎക്ക ചില നിരോധകല്പനകളയച്ചു. എന്നാലിത്രയൊക്കയായിട്ടും സ്ഥിരനിശ്ചയന്മാരായ നായന്മാർ ശ്രമിച്ച കാൎയ്യത്തിൽ നിന്ന് ഒരടിയെങ്കിലും പിന്നോക്കം വെച്ചതുമില്ല.

ഇരിങ്ങാലക്കുടക്കാർ കൂട്ടത്തോടെ മടങ്ങിപ്പോന്നതിന്റെ ശേഷം മഹാബ്രാഹ്മണരെല്ലാവരും കൂടി "പട്ടിണി" എന്ന ആഭിചാരകൎമ്മത്തിന്നാരംഭിച്ചു. ഇത് അത്യാപത്തിൽ പെട്ട കേരളബ്രാഹ്മണർ ശത്രുക്കളുടെനേരെ പ്രയോഗിക്കുന്നതിന്നുള്ള ഒരു ബ്രഹ്മാസ്ത്രമായിട്ടാണ് പണ്ടുള്ളവർ കരുതിപ്പോന്നിരുന്നത്. ഇരിങ്ങാലക്കുടക്കാൎക്ക് ഇതല്ലാതെ മറെറാരു ആയുധവും പ്രയോഗിച്ചു നോക്കുവാനില്ലാതായിത്തീൎന്നതിനാൽ അവരെല്ലാവരും അവിടെ ക്ഷേത്രത്തിലൊത്തുകൂടി മേൽപറഞ്ഞ ആഭിചാരകൎമ്മവുമാരംഭിച്ചു. അഹസ്സുപകുന്നാൽ കുളിച്ചു നിത്യകൃത്യങ്ങളും കഴിച്ചതിന്നു ശേഷം എല്ലാവരും ശത്രുസംഹാരകരങ്ങളായ മന്ത്രങ്ങളെക്കൊണ്ടു തങ്ങളുടെ പരദേവതയെ സേവിച്ചുകൊണ്ടിരിക്കും.

ഇങ്ങിനെ മദ്ധ്യാഹ്നംവരെ സേവ കഴിഞ്ഞാൽ വന്നുകൂടിയ ബ്രാഹ്മണൎക്കൊക്കെ ചതുൎവ്വിധവിഭവത്തോടുകൂടിയ സദ്യയുടെ വട്ടമായി. ദൂരദേശങ്ങളിൽനിന്നും മററും വിശന്നുവരുന്ന അതിഥികളും വേറെയുള്ളവരും എല്ലാംകൂടി സദ്യക്ക പന്തിയിൽ നിരന്നിരുന്നാൽസകല ഭക്ഷണസാധനങ്ങളും വിളമ്പി 'കുടിക്കനീർവീഴ്ത്തും. ബ്രാഹ്മണർ അതു കുടിക്കുന്നതിന്നു മുമ്പായി ആ യോഗത്തിൽചെട്ട നാലു ബ്രാഹ്മണർ തങ്ങൾക്കു നേരിട്ട സങ്കടം ഇവരുടെ മുമ്പാകെ ചെന്നുവിളിച്ചുചൊല്ലി കേൾപ്പിച്ചിട്ട്,' "ഈ സങ്കടത്തിനുനിവൃത്തിവരുത്തിതന്നേനിങ്ങൾ ഉണ്ണാവൂ" എന്നുപ്രാൎത്ഥിക്കുകയായി. 'അങ്ങിനെതന്നെ എന്ന് അവർ ശപഥംചെയ്തു കൈകടഞ്ഞെഴുനീററിട്ട് എല്ലാവരുംകൂടി ശത്രുസംഹരമായ ഒരു വലിയ ആഥൎവ്വണഹോമവും ജപവും മററുമായി നേരംസന്ധ്യയാകും. സന്ധ്യാവന്ദനത്തിന്നു ശേഷവും ഈ ക്രിയയുടെ അവശേഷം നടത്തീട്ടു കേവലം പ്രാണരക്ഷയ്ക്കു മാത്രം പാകംചെയ്യാത്ത വല്ല ഫലമൂലങ്ങളും പച്ചവെള്ളവും കഴിച്ചു കിടന്നുറങ്ങും. അഹസ്സു പകന്നാൽ പിന്നെ പിറേറദിവസവും കൃത്യം ഇതുതന്നെ. ആങ്ങിനെ ഇവർ ഒരു മണ്ഡലം (നാല്പത്തൊന്നു ദിവസം) ഈ ക്രിയ നടത്തിപ്പോന്നു. അപ്പോഴേക്കു മതിലകത്ത് ഊരാളന്മാരായ തെക്കേടത്തു നായരും വടക്കേടത്തു നായരും തമ്മിൽ ഒരു നിസ്സാരമായ സംഗതിയിൽ വെച്ച് അന്തഃഛിദ്രം മുഴുത്തുവശായി. തെക്കേടത്തു നായന്മാരിൽ ഒരു ചെറുപ്പക്കാരൻ ഒരു പന്നിയെ നായാടി ഓടിച്ചു വടക്കേടത്തു നായന്മാരുടെ സ്ഥലത്തുവെച്ച് എയ്തുകൊന്നു. വടക്കേടത്തു നായന്മാരിൽ ഒരുവൻ അതു കണ്ടിട്ട് ഈ പന്നി ഞങ്ങളുടെ സ്ഥലത്തു വന്നു ചത്തതാകയാൽ ഞങ്ങൾക്കു കിട്ടേണ്ടതാണെന്നു നേരമ്പോക്കായി പറഞ്ഞു. മററെ ചെറുപ്പക്കാരൻ ഇതിന്നു കുറെ അധികപ്രസംഗവും അലക്ഷ്യവും ആയിട്ടാണ് മറുവടി പറഞ്ഞത്. അത് ഈ കൂട്ടൎക്ക രസിച്ചില്ല. എന്തിന്നധികം പറയുന്നു? അവർ തമ്മിൽ വാക്കു മുഴുത്തിട്ടൊടുക്കം ആയുധമെടുത്തു വെട്ടും കുത്തുമായി. കാരണവന്മാർ അതു കേട്ടുവന്ന് ഇരുഭാഗവും അനന്തരവന്മാരെ സഹായിച്ചു. കലഹം മുഴുപ്പിച്ച് ഇരുകക്ഷിക്കാരും

ആൎയ്യശേഖരത്തോടുകൂടി വലിയ യുദ്ധത്തിന്നൊരുമ്പെട്ടു. ചേററു
വാമണപ്പുറത്തുകാർ മുഴുവനും ഇവരുടെ ഓരോ കക്ഷിയിൽ ചെൎന്നു.
ലഹളയും വളരെ ഭയങ്കരമായിത്തുടങ്ങി. ഛിദ്രാനോപായികളായ
ഇരിങ്ങാലക്കുടെ ഗ്രാമണികളും ആൎയ്യൎക്കാരോടുകൂടി ഇതിന്നിടയിൽ
കടന്നു രണ്ടുഭാഗത്തും അസംഖ്യം ആളുകളെ കൊന്നൊടുക്കി. ഈ
വലിയകലശലിന്നിടയിൽ തെക്കേടത്തുനായരുടേയും വടക്കേടത്തു
നായരുടേയും വംശംമുഴുവനും മുടിച്ച് വീടുകളും ചുട്ടുപൊട്ടിച്ചു.
ഇതുകൊണ്ടും കഴിഞ്ഞില്ല. പിന്നെത്തെ കലാപമാണ് ഇതിലുംഭീക
രോരമായിത്തീൎന്നത്. തൃക്കണാമതിലകത്തെ മതിലുകൾ ഇടിച്ചു
പൊളിച്ചു, ഗോപുരങ്ങൾ ചുട്ടെരിച്ചു. അഗ്രശാലകൾക്ക തീവെ
ച്ചു. എന്നുമാത്രമല്ല, ആ മഹാക്ഷേത്രം മുഴുവനും പൊടി ഭസ്മമാ
ക്കിത്തീൎത്തുകളഞ്ഞു. ആരാണ്, എന്താണ്, ഏതാണ്, എന്നൊ
ന്നും "കേൾപ്പോരും കേൾവിയും" ഇല്ലാത്ത സ്ഥലത്തെ അത്യാവേ
ശത്തോടുകൂടിയ പലതരം കൊള്ളക്കാർ കടന്നുകൂടിയാൽ എന്തൊ
ക്കെ ഉണ്ടാകുമൊ അതൊക്കെയും, അതിലധികവുംകൂടി അവിടെസം
ഭവിച്ചു എന്നേ പറയേണ്ടതുള്ളു. യഥാശക്തി പണ്ടങ്ങളും പാ
ത്രങ്ങളും ഓരോരുത്തർ അപഹരിച്ചു. ചിലർ സ്ഥാവരസ്വത്തുകൾ
കൈവശപ്പെടുത്തി. ഈ കൂട്ടത്തിലാണ് ഇരിങ്ങാലക്കുട, തിരുവഞ്ചി
ക്കുളം മുതലായ പല ക്ഷേത്രങ്ങൾക്കും സ്വത്തു വൎദ്ധിച്ചത്. തൃക്ക
ണാമതിലകത്തിന്നു കീഴേടമായിരുന്ന തൃപ്രേക്കുളം, അന്തിക്കാട ഗു
രുവായൂര മുതലായ പലേ ക്ഷേത്രങ്ങൾക്കും സ്വാതന്ത്ര്യം സിദ്ധി
ച്ചു. കാലത്തിന്റെ ശക്തികൊണ്ടോ, ഇരിങ്ങാലക്കുടക്കാരുടെ
ആഭിചാരകൎമ്മത്തിന്റെ ബലംകൊണ്ടോ എന്തുകൊണ്ടെങ്കിലും
"തൃക്കണാമതിലക"ത്തിന്റെ മഹിമയും ഇങ്ങിനെ കലാശിച്ചു.
മഹത്തായ പരമേശ്വരബിംബം മാത്രം അവിടെ നശിക്കാതെ
ശേഷിച്ചു. അതിന്നും ക്രമേണ കഠിനമായ കഷ്ടത നേരിട്ടു. കാലാ
ന്തരത്തിൽ മഹമ്മദീയരും ക്രിസ്ത്യാനികളും ഈ ക്ഷേത്രസ്ഥാന
ത്തു പള്ളികയററി. ഇതിന്നുപുറമെ ദ്വീപാന്തരത്തിൽ നിന്നു വ
ന്നുകൂടിയ ചില ക്രിസ്ത്യാനികൾ ഈ മാഹേശ്വരവിഗ്രഹം അവി
ടെനിന്ന് ഇളക്കി പറിച്ചെടുത്തു കപ്പലിൽ കയററി കൊച്ചിയിൽ

കൊണ്ടിറക്കി. പിന്നെ കൊച്ചിയിൽ കപ്പൽയാത്രക്കാൎക്കു കൊടി കാട്ടുന്ന കൊടിമരം കെട്ടിയുറപ്പിക്കുന്ന കയർ വലിച്ചുകെട്ടിയിരുന്ന കല്ലായിട്ടു വളരെ കാലം കിടന്നിരുന്നതു പ്രസിദ്ധപ്പെട്ട ഈ ശൈവബിംബം തന്നെയായിരുന്നു. ഇയ്യിടയിൽ അവിടെ കൊടിമരം സ്ഥാപിതമാക്കിയതോടുകൂടി സ്വാമികളും ബന്ധനത്തിൽ നിന്നു മോചനം കിട്ടി. ഇപ്പോൾ ആ വിഗ്രഹം തിരുമലദേവസ്വത്തിലേക്കു കൊങ്കിണികൾ ലേലം കൊണ്ടു അടുത്തൊരേടത്തു പ്രതിഷ്ഠിച്ചിട്ടുണ്ടു.

ആ വലിയ ബിംബത്തിന്മേൽ എണ്ണയാടീട്ടു തലവെന്തയും മറ്റും ക്ഷണത്തിൽ നശിച്ചതായി പലൎക്കും അനുഭവം വന്നിട്ടുണ്ടത്രെ. ഓരോ കാലത്തു് അതിവൃഷ്ടിയും, ക്ഷയവും, അഗ്നിഭയം മുതലായ ആപത്തുകളും, ചിലപ്പോൾ നാടുകടത്തലും, ബന്ധനവും മോചനവും നമ്മെപ്പോലെ തന്നെ ഈശ്വരന്മാൎക്കും അനുഭവിക്കേണ്ടിവരുമെന്നുള്ളതിന്നു ഇതുതന്നെ ഒരു ലക്ഷ്യമായിരിക്കുന്നു.

# കോമളവല്ലി.

അദ്ധ്യായം ൧.

ഫ്ളെൻറ മരണം.

—:0:—

"ഈ ലോകം ഒരു രംഗവും മനുഷ്യർ നടന്മാരും ആണെന്നു ആംഗ്ലേയകവിയായ ഷെക്സ്പിയരും, അതല്ല രംഗമാണു സാക്ഷാൽ ലോകം, നടന്മാരാണു സാക്ഷാൽ മനുഷ്യർ എന്നു വേറെ ചിലരും പറയുന്നു. ഈ രണ്ടു അഭിപ്രായങ്ങളിൽ ശരിയായിട്ടുള്ളതു ഏതാണെന്നു യുക്തികൊണ്ടു പറഞ്ഞു ബോധ്യപ്പെടുത്താൻ ലോകത്തിന്റെ ഇപ്പോഴത്തെ അവസ്ഥക്കു എന്നാൽ പ്രയാസമാണു. നാടകം, ആഖ്യായിക ഇതുകളിലെ കഥാപുരുഷന്മാർ ലോകസ്വഭാവത്തിന്നനുസരിച്ചു പറയുകയും പ്രവൃത്തിക്കുകയും ചെയ്യുന്നില്ലെന്നുള്ള ആക്ഷേപം കാവ്യകാരന്മാരിൽ ചുമത്തുന്നതുപോലെ, നാം നമ്മുടെ വാക്കുകളിലും പ്രവൃത്തികളിലും നടന്മാരെ അനുകരിക്കുന്നില്ലെന്നു പരിഷ്കൃതന്മാരായ വെള്ളക്കാർ നമ്മെ

യും ആകർഷിക്കുന്നു. ശകുന്തള വണ്ടിനെക്കണ്ട് ഘനാട്ട്യങ്ങളോ നോക്കം മാറുകയും, കൈകൾ ഇളക്കുകയും മററും ചെയ്യുന്നത് ചിലക്രമങ്ങളെ അനുസരിച്ചിട്ടാണെന്നും, ദുഷ്യന്തൻ വണ്ടിനെ നോക്കി 'അത്യന്താവേചമാനാം' എന്നുതുടങ്ങിയ ശ്ലോകം ചൊല്ലുന്നത് അല്പം ഒന്നു തെളിഞ്ഞുനിന്ന് എടത്തെ കൈ അരയിൽ ഊന്നി വലത്തെ കയ്യിന്റെ പടം അല്പം മേല്പോട്ടു കൊണ്ടുപോയി അഞ്ചു വിരലും ഒന്നിച്ചുകൂട്ടി പുരികം കുറഞ്ഞൊന്നു ചുളിച്ച് ഒരു പ്രത്യേക സ്വരത്തിലായിട്ടാണെന്നും നല്ല നാടകങ്ങൾ കണ്ടിട്ടുള്ളവൎക്ക് അറിയാവുന്നതാണ്. കഥകളിയിൽ യുദ്ധത്തിനിടക്ക് ശത്രുപക്ഷക്കാരുടെ അസ്ത്രങ്ങൾ ഏററിട്ട് വല്ലവരും ചത്തുവീഴുകയോ, മരണവേദനകൊണ്ടു കൈകാൽ കുടയുകയോ ചെയ്യുമ്പോൾ കൊട്ടിന്റെ താളത്തിന്ന് അനുസരിക്കുന്നുണ്ടോ എന്നു പ്രത്യേകം മനസ്സുവെക്കണം. കോപം, വ്യസനം, ഈ രസങ്ങളെ നടിക്കുന്നസമയത്ത് മുഖം വിറക്കുകയോ, മാറത്തടിക്കുകയോ ചെയ്യേണ്ടിവന്നാൽ അതുചില ക്രമങ്ങളെ അനുസരിച്ചായിരുന്നില്ലെങ്കിൽ വേണ്ടതുപോലെ ആയി എന്നു പറവാൻ പാടുള്ളതല്ല.

കല്യാണസൌഗന്ധികത്തിൽ ഹനുമാന്റെ വാല് പൊക്കാൻ ഭാവിക്കുമ്പോഴത്തെ ഭീമസേനന്റെ നിലയും പിന്നീടുള്ള വീഴ്ചയും എത്ര ഭംഗിയായും കോട്ടം കൂടാതെയും നടിക്കാമെന്ന ബാലഭാസ്യന്റെ ആട്ടം കണ്ടിട്ടുള്ളവൎക്കൊക്കെ അറിയാവുന്നതാണ്.

എന്നാൽ നാം സംസാരിക്കുകയോ പ്രവൃത്തിക്കുകയോ ചെയ്യുമ്പോൾ എന്തുനിയമത്തെയാണ് അനുസരിക്കുന്നത്? വ്യസനംനിമിത്തം നാം കരയുകയോ മററൊ ചെയ്യുമ്പോൾ നമ്മുടെ ശ്രുതി നേരെയാകുന്നുണ്ടോ എന്നു നാം നോക്കാറുണ്ടോ? സന്തോഷംനിമിത്തം നാം ചിരിക്കുമ്പോൾ നമ്മുടെ ചിറിയുടെ രണ്ടുവക്കും ഒരുപോലെ അകലുന്നുണ്ടോ എന്ന് ആരെങ്കിലുംമനസ്സുവെക്കാറുണ്ടോ? ദേഷ്യപ്പെട്ട് കണ്ണുരുട്ടുകയും പിരികം വളക്കുകയും ചെയ്യുമ്പോൾ ഭരതമുനിയുടെ നിശ്ചയങ്ങളെ എത്രപേർ അനുസരിക്കാറുണ്ട്? നാം കാലുതട്ടിയോ മററൊ മറിഞ്ഞുവീഴുന്നതാണെങ്കിൽ ഒരു പല്ലുമാത്രം താഴത്തു പതിച്ചും, ഒരു കാലിന്നോ കയ്യിന്നോ മാത്രം കോ

ച്ച്, വീഴുന്നതു തന്നെ ഒരു ഭംഗിയില്ലാത്ത വിധത്തിൽ
ഒരു പുറം മാത്രം അടിച്ചും ഇങ്ങിനെ ഒരുക്രമമില്ലാതെ വല്ലവി
ധത്തിലും കാൎയ്യം കലാശിപ്പിക്കുന്നതല്ലാതെ അതു് വേണ്ടതുപോ
ലെ ആകേണമെന്നു ആരെങ്കിലും ശ്രദ്ധവെക്കാറുണ്ടോ? തയിരോ
ഓ- ഓ_ ഓ- തയി-യിർ—എന്നിങ്ങിനെ മാത്രതെററിച്ച് അളന്ന
തയിർക്കാരന്റെ കുടംതട്ടി ഉടച്ച വൈയ്യാകരണനും അരിയുടെ
തിള പാട്ടിന്റെ താളത്തോടൊക്കുന്നില്ലെന്ന്വെച്ച് അരിപ്പാത്രം
തട്ടിമറിച്ചസംഗീതവിദ്വാനും ലൌകികവിഷയത്തിൽ മൂഢന്മാരാ
ണെന്നല്ലേ നാംധരിച്ചിരിക്കുന്നതു്. ഇതിലുംവലിയ ഒരു തെററായ
ധാരണപാടുണ്ടോ? കാൎയ്യത്തിന്റെസ്ഥിതി ഇങ്ങിനെയിരിക്കെ, ഉ
ണ്ണുകയും ഉറങ്ങുകയും, നില്ക്കുകയും ഇരിക്കുകയും ചാടുകയും ഓടുക
യും കരയുകയും ചിറിക്കുകയും (ഇങ്കിരീസിൽ ചിറിക്ക എന്നതു് പ്ര
സിദ്ധമാണല്ലൊ)എന്നുവേണ്ടസകലത്തിനും ചിലനിശ്ചയങ്ങളൊ
ക്കെ ചെയ്തിട്ടുള്ള വെള്ളക്കാർ നാം അപരിഷ്കൃതന്മാരാണെന്നു പ
റയുന്നതിൽ എന്താണ് ആശ്ചൎയ്യപ്പെടുവാനുള്ളത. അതിനാൽ നാ
ട്യവിദ്യയെ സംബന്ധിച്ച് പ്രാചീനഹിന്തുയവന പണ്ഡിതന്മാർ
ഉണ്ടാക്കീട്ടുള്ള നിയമങ്ങളെ നാം എന്നാണ് കൃത്യമായി അനുസ
രിക്കാൻ പഠിക്കുന്നത് അക്കാലത്തു മാത്രമേ നാം പരിഷ്കൃതന്മാ
രെന്നുള്ള പേരിനു് അൎഹന്മാരായിത്തീരുകയുള്ളൂ. അക്കാലത്ത്
നമ്മുടെ നാടകങ്ങളിലും നോവലുകളിലും ഇപ്പോൾ കണ്ടുവരുന്ന
ദോഷങ്ങൾ തീരെ ഇല്ലാത്തതാണെന്നു് കാണുകയും ചെയ്യും". ഇ
ങ്ങിനെ ബഹുഗൌരവ ഭാവത്തോടു് ഒരു കാൽമണിക്കൂറുനേരം ത
ന്നെത്താൻ പ്രസംഗിച്ചതിന്റെ ശേഷമാണ് എന്റെ കഥയിൽ
നായികയായാക്കുവാൻ തീൎച്ചയാക്കിയിരുന്ന യുവതീരത്നത്തിന്റെ അ
ടുക്കലെക്ക് യാത്രപുറപ്പെട്ടതു്. അവിടെച്ചെന്നാൽ ഇന്നിന്നവാക്കു
കൾ പറക. ഇന്നിന്ന നാട്യങ്ങൾ നടിക്കുക എന്നുള്ളതെല്ലാം കാ
ലേക്കൂട്ടി മനസ്സുകൊണ്ടു് നല്ലവണ്ണം ആലോചിച്ചുവെച്ച് ഒരുറിഹർ
സൽ (ചൊല്ലിയാട്ടം) കൂടി കഴിച്ചിട്ടുണ്ടായിരുന്നു. എന്നുമാത്രമല്ല
അവളെ കേൾപ്പിക്കുന്നതിന്ന് തൽക്കാലം ഉണ്ടാക്കിയ രണ്ടു മൂന്നു
ശ്ലോകങ്ങൾ മൂന്നുനാലു പ്രാവശ്യം ഉരുക്കഴിച്ച് എന്റെ മേശപ്പു

റന്നുള്ള കണ്ണാടികൾ അഭിമുഖമായിനിന്ന് തക്കതായ നാട്യങ്ങളോ
ടും കൂടി ഗാനരീതിയിൽ ഉച്ചത്തിൽ ചൊല്ലി. അഭിനയം കേമമാ
യി എന്ന് ഇനിക്കുതന്നെ ബോദ്ധ്യം വന്നതിന്റെ ശേഷമേ അവി
ടുന്ന് പുറപ്പെട്ടുള്ളു.

പുഷ്പവല്ലിഗൃഹത്ത് കോമളവല്ലിക്ക് (അവളുടെ സാക്ഷാൽ
പേര് ഇട്ടിച്ചിരിഎന്നോ കുഞ്ഞിക്കാളിഎന്നോ മററൊ ആണ്) ന
മ്മുടെ കഥ നടന്ന കാലത്ത ഏകദേശം നാല്പത്തഞ്ചു വയസ്സ പ്രാ
യമായിക്കാണും. അവളുടെ ആകൃതിവിശേഷത്തെ യഥാൎത്ഥമായി
വൎണ്ണിക്കയാണെങ്കിൽ 'വെഞ്ചാമരപോലെ വെള്ളത്തലമുടി' എന്നു
തുടങ്ങിയ ഒരു സരസകവിയുടെ വിവരണം ഇവളെ സംബന്ധി
ച്ചായിരുന്നെങ്കിൽ യോജിപ്പായേനേ എന്നുപറഞ്ഞാൽ മതി. പ
ക്ഷെ ഇപ്രകാരമുള്ള യഥാൎത്ഥവൎണ്ണനം ഒരു കഥയിലെ നായിക
ക്കു ചേൎന്നതാണോ എന്ന് ഞാൻ സംശയിക്കുന്നു. അതിനാൽ ബ്ര
ഹ്മാവ ഇഹലോകത്തിലും പരലോകത്തിലും ഉള്ള സകല സുന്ദരി
മാരുടേയും സൌന്ദൎയ്യസാരം അരിച്ചെടുത്ത് ഒരു പുതിയസ്ത്രീ
രൂപമായി നിൎമ്മിച്ചവളാണ് ഇവള് എന്നുവേണം പറയാൻ.

ഞാൻ അവിടെ ചെന്ന സമയത്ത കോമളവല്ലി പൂമുഖത്ത്
ഒരു കട്ടിലിന്മേൽ ഒരു പുസ്തകം വായിച്ചുകൊണ്ട് ഇരിക്കയായിരു
ന്നു. ഞാൻ അടുക്കെയുള്ള ഒരു കസാലയിന്മേൽ ചെന്നിരുന്ന്
'ബാലേ' എന്നുതുടങ്ങിയ ഒരു ശ്ലോകം അതി ഭംഗിയിൽ ചൊല്ലി.
ശ്ലോകം ചൊല്ലുന്ന സമയത്ത് കണ്ണ് സ്വല്പം അടഞ്ഞിരുന്നതി
നാൽ, അവളുടെ മുഖത്തെസ്തോഭങ്ങളെന്തെല്ലാമാണെന്ന മനസ്സി
ലാക്കുവാൻ കഴിഞ്ഞില്ല. ചൊല്ലിക്കഴിഞ്ഞ് കണ്ണമിഴിച്ച നോക്കിയ
പ്പോൾ അവിടെ ആരെയും കാണാനില്ല. വിരഹവേദന നടിക്കേ
ണ്ടത് എന്റെ പതിവുള്ള മുറയാണല്ലോ.. അതിനാൽ വളരെ
പ്പണിപ്പെട്ട് കണ്ണിൽനിന്ന് രണ്ടുമൂന്നുതുള്ളി വെള്ളം ഞെക്കി പുറ
പ്പെടുവിച്ചു. എന്റെ അപ്പോഴത്തെ അവസ്ഥയെ സൂചിപ്പിക്കുന്ന
തായി രണ്ടുശ്ലോകങ്ങൾ എത്രയും പ്രയാസപ്പെട്ട നിൎമ്മിച്ചു. രണ്ടു
ശ്ലോകങ്ങളുടെയും അവസാനം 'ഹന്തഞാനെന്തുചെയ്യൂ' എന്നാ
യിരുന്നു. ചന്ദ്രരശ്മികൾ അഗ്നിജ്വാലകൾ, തണുത്ത കാററ് വിഷ

വായു, ചന്ദനച്ചാറ് തിളപ്പിച്ച എണ്ണ എന്നൊക്കെ അതിൽ വരുത്തീട്ടുണ്ടായിരുന്നു. ഊണും ഉറക്കവും അന്ന് ഉപേക്ഷിക്കേണ്ടിവന്നുഎന്നുപറയേണ്ടതില്ലല്ലോ. എന്തിനു വളരെപ്പറയുന്നു വിപ്രലംഭശൃംഗാരം എന്റെ മുഖത്ത് നല്ലവണ്ണം സ്ഫുരിക്കുന്നുണ്ടെന്ന് എന്റെ സ്നേഹിതന്മാരല്ലാത്ത ചിലർക്കൂടി സമ്മതിച്ച് എനിക്ക് സർട്ടിഫിക്കേററ് തന്നു.

നേരം രാത്രി എട്ടുമണിയായി. ശീമയിൽ നിന്നുവരുന്ന വെള്ള രസക്കട്ടകപോലെ പ്രകാശിച്ചുംകൊണ്ടിരുന്ന ചന്ദ്രബിംബത്തെ കാർമ്മേഘങ്ങളും വന്ന് മറച്ചു. അപ്പോഴത്തെ എന്റെ സ്ഥിതിയെക്കണ്ടു പരിഹസിച്ചു ചിരിക്കയോ എന്നു തോന്നുമാറ് ആകാശത്തെങ്ങും നക്ഷത്രങ്ങളും മിന്നിമിന്നിക്കൊണ്ടിരുന്നു.

എന്റെ പ്രാണപ്രിയയുടെ ദർശനം കാംക്ഷിച്ച് പുഷ്പവല്ലിഗൃഹത്തിലേക്ക വീണ്ടും യാത്രപുറപ്പെട്ടു അവിടെച്ചെന്നപ്പോഴും എനിക്കുണ്ടായ അസൂയയും, ആശ്ചര്യവും കോപവും ഏതൊരുവനെക്കൊണ്ടാണ് വേണ്ടവിധം നടിക്കാൻസാധിക്കുക. ഞാൻ നിഷ്കളങ്കമായി സ്നേഹിച്ചിരുന്ന കോമളവല്ലി ഏതോ ഒരു പുരുഷനൊന്നിച്ചു നേരംപോക്കും പറഞ്ഞു രസിച്ചുംകൊണ്ടിരിക്കുന്നു. എന്റെ ആഗ്രഹനിവൃത്തിക്ക് പ്രതിബന്ധം വരുത്തിയ ആ മനുഷ്യകീടത്തെ 'വാടാമാനുഷാധമ' എന്നുപറഞ്ഞ് ഒന്നു പോരിന്നുവിളിച്ചെങ്കിലോ എന്നു സംശയിച്ചു. പക്ഷേ ഇയ്യുള്ളവൻ ഏതൊരുത്തനോടു യുദ്ധത്തിന്ന് പുറപ്പെട്ടാലും കലാശം ഇന്നവിധത്തിലാവും എന്ന് നല്ല നിശ്ചയമുണ്ടായിരുന്നതിനാൽ, 'ശക്താനാം ഭൂഷണം ക്ഷമാ' എന്നപ്രമാണം ചൊല്ലി തന്നെത്താൻ സമാധാനപ്പെട്ട് തിരികെ വീട്ടിലേക്കുപോയി. ഇങ്ങിനെ അനേകം പ്രാവശ്യം അവിടെ ചെല്ലുകയും ഇളിഭ്യനായി മടങ്ങി വരികയും ചെയ്ത സംഗതിയെപ്പററി വിസ്തരിച്ചു വായനക്കാരെ മുഷിപ്പിക്കാൻ വിചാരിക്കുന്നില്ല. ഒരുദിവസം ഞങ്ങൾ തമ്മിൽ നടന്ന സംഭാഷണത്തെ താഴെ വിവരിക്കുന്നു.

ഞാൻ— അല്ലയോ ശരച്ചന്ദ്രമനോഭിരാമവദനേ! ഭവതിയുടെ സൌന്ദര്യ കഥാമൃതശ്രവണം യാചനൊരുത്തനെയാണോ

അപഹൃതചിത്തവൃത്തിയാക്കിച്ചെയ്യുന്ന ആ ജനങ്ങൾ താ ഭവതിയുടെ കൃപാകടാക്ഷ വീക്ഷണത്തെ കാംക്ഷിച്ചുംകൊണ്ട് ഭവതിയുടെ സന്നിധാനത്തിങ്കൽ പ്രത്യക്ഷീഭവിച്ചിരിക്കുന്നു.

കോമളവല്ലി— ആര്യ്യ ഭവാന്റെ പേരിൽ എനിക്കുള്ള പ്രണയം അപ്രമേയമോ സീമാതീതമോ ആണെങ്കിലും ഇക്കാര്യ്യത്തിൽ ഭവദിഷ്ടാനുസരണം പ്രവൃത്തിക്കുന്നതിൽ അനിവാര്യ്യമായ ഒരു പ്രതിബന്ധമുള്ളതായി ഞാൻ ആശങ്കിക്കുന്നു.

ഞാൻ— ('ഈയാശങ്കാ' എന്ന ശ്ലോകം പകുതിചൊല്ലി ഈ സന്ദർഭത്തിൽ യോജിക്കുന്നില്ലെന്നറിഞ്ഞ ചെട്ടെന്നു നിർത്തി) അല്ലയോ! ആശങ്കിത ഗുണാഗണാഢ്യേ! ആ പ്രതിബന്ധമെന്താണെന്ന എന്നെ വഴിപോലെ ധരിപ്പിച്ചാലും. രോഗകാരണമറിയാതെ എങ്ങിനെയാണ ചികിത്സിക്കുന്നത്.

കോ— താതൻ ഈ സംഗതിയിൽ പ്രതികൂലിയാണെന്നുള്ള ഏക സംഗതിതന്നെ

ഞാൻ— അല്ലയോ ഗതിവിജിതമഹാവാരണേ കൊമ്പനാനെ! പരസ്പരാനുരാഗമുള്ള സ്ത്രീപുരുഷന്മാർ മാതാപിതാക്കന്മാരുടെ ഇഷ്ടത്തെ അതിക്രമിച്ച് ഗൂഢമായി വിവാഹം നടത്തിപ്പോരാറുണ്ടെന്നുള്ള കഥ ഭവതിക്ക് നിശ്ചയമില്ലേ. അതിനാൽ ഭവതി എന്തിന്ന സംശയിക്കുന്നു. ഉടനെ ഈ സ്ഥലം വിട്ടുപോകുന്നതിന്ന് വേണ്ട ഒരുക്കങ്ങളും ചെയ്യാലും

കോ— ഭവാൻ പറയുന്നത് ശരിതന്നെയാണെങ്കിലും താതന്റെ അഭിപ്രായമെന്താണെന്ന് കൂടിഅറിഞ്ഞതിന്ന് ശേഷമല്ലേ നല്ലത്. ഒരു സമയം എന്റെ ശങ്കക്ക് അടിസ്ഥാനമില്ലെന്നു വന്നേക്കാം

ഞാൻ— കൊള്ളാം അത്യുത്തമപക്ഷം തന്നെ. ആ അഭിപ്രായം ഞാൻ അറിഞ്ഞുവരാം എന്നുപറഞ്ഞ് കോമളവല്ലിയുടെ പിതാവായ സിംഹോദരന്റെ അടുക്കെച്ചെന്നു. 'സിംഹോദരദേവാ നെ ഇതാ ഞാൻ അഭിവാദ്യം ചെയ്യുന്നു.' എന്നുപറഞ്ഞു.

സിം— മംഗളം ഭവിക്കട്ടേ

ഞാൻ— ഭഗവത്സമീപത്ത് ഇപ്പോൾ ആഗമിക്കുന്നതിന്നുള്ള കാരണം വഴിപോലെ കേട്ടാലും.

സിം— ഞാൻ അവഹിതനായിരിക്കുന്നു.

ഞാൻ— ഭുവനൈകസുന്ദരിയായ ഭവൽപുത്രിയെ എനിക്കു പാണിഗ്രഹണം ചെയ്താൽകൊള്ളാമെന്ന് താല്പൎയ്യമുള്ളതുകൊണ്ട്, ഇക്കാൎയ്യത്തിൽ ഭവാന്റെ അഭിപ്രായം എന്താണെന്നറിവാനായിട്ടാണ് ഞാൻ വന്നത്.

ഇതു കേട്ടപ്പോൾ സിംഹോദരൻ കണ്ണുരുട്ടി ഇടിവെട്ടുന്ന മാതിരി രണ്ടു ശബ്ദം പുറപ്പെടുവിച്ചു. ഛീ, മൂഢാ, ഭൂമിസ്വൎഗ്ഗപാതാളം എന്നുവേണ്ട ഈ പതിനാലുലോകങ്ങളിലും അവൾക്കു യോജിപ്പായ ഒരു പുരുഷൻ ഇല്ലെന്ന് ഞാൻ നിശ്ചയമാക്കിയിരിക്കെ, വിരൂപനും മൂഢനും നീചകുലജാതനും ആയ നീ ഇപ്രകാരമുള്ള വാക്കുകൾ പറഞ്ഞ് എന്നെ അപമാനിക്കാൻ വിചാരിക്കുന്നുവോ?

സിംഹോദരൻ കോപരസം നടിച്ചത് പ്രമാണപ്രകാരമായില്ലെന്ന് എനിക്കു തോന്നിയെങ്കിലും അപ്പോൾ അതിനെക്കുറിച്ചൊന്നും ഞാൻ പറഞ്ഞില്ല.

ഞാൻ— (താഴ്മയോടുകൂടി) ഭവാൻ പറഞ്ഞതൊക്കെ ശരിയാണെങ്കിലും സ്ത്രീകൾ തങ്ങൾക്കു ദൃഢമായ അനുരക്തിയുള്ള പുരുഷന്മാരോടു ചേരുന്നതല്ലേ ഭംഗിയായിരിക്കുക.

സിം— ഛീ മൂഢാ അവ്വണ്ണമെല്ലാമിരിക്കുന്ന എന്റെ പുത്രിക്കു വിരൂപനായ നിന്നിൽ അനുരാഗമുണ്ടാകുന്നതെങ്ങിനേ.

ഞാൻ— അവൾക്കെന്നിൽ പരമാൎത്ഥമായി അനുരാഗമുണ്ടെന്ന് അവളുടെ വാക്കുകളിൽനിന്നും വ്യക്തമായിരിക്കുന്നു. ഇതിൽ തത്ര ഭവാന്റെ സമ്മതം ഒന്നുമാത്രമേ അറിയാനുള്ളു.

തത്രഭവാൻ ഇതു കേട്ടപ്പോൾ കോപാന്ധനായി നിലത്തു രണ്ടുമൂന്നു ചവിട്ടു ചവിട്ടി ഒന്നു അട്ടഹസിച്ച് 'ആരവിടെ' എന്ന് ഉച്ചത്തിൽ ചോദിച്ചു. 'നമ്മുടെ ഉൽകൃഷ്ടവംശത്തിനു കളങ്കം ചെയ്വാൻ ഉത്സാഹിച്ചുവന്ന ഇവനെ പിടിച്ചു ബന്ധിക്കുകയും, ആ ദാസീപുത്രിയെ കാരാഗൃഹത്തിലിടുകയുംചെയ്യു' എന്നു സിംഹോദരൻ കിങ്കരന്മാൎക്കു കല്പനകൊടുത്തു. ഇതു കേട്ടു ഉടനേ കിങ്കരന്മാർ തുരുതുരെവന്ന് എന്നെ ഒരു സ്തംഭത്തോടു ചേൎത്ത് വരിഞ്ഞുകെട്ടി. അതിനുശേഷം സിംഹോദരൻ തന്റെ വാളുറയിൽനി

നും ഊരി രണ്ടുമൂന്നു പ്രാവശ്യം ഭംഗിയിൽ ഇളക്കി എൻെറ മാറിനെ ലക്ഷ്യമാക്കി ആരോഗ്യം മുഴുസകലം പ്രയോഗിച്ച് വെട്ടാനൊരുങ്ങി. പക്ഷേ വെട്ട് എൻെറ മാറത്ത് കൊള്ളുന്നതിന്നുമുമ്പിൽ പുരമുകളിൽനിന്ന് ഒരു ശ്വാനകൻ താഴെ വീഴുകയാൽ ഓങ്ങിയ വെട്ട ശ്വാനകൻെറ മേൽ കൊള്ളുകയും ഞാൻ പണിപ്പെട്ട ബന്ധനത്തിൽനിന്നും വേർപെട്ട് ചാടിഓടി പ്പോകയുംചെയ്തു.

വായനക്കാരേ, അല്പംകൂടി ക്ഷമിപ്പിൻ, ഒരു നോവൽ കൎത്താവിന്നുള്ള പൂൎണ്ണസ്വാതന്ത്ര്യത്തെ അവലംബിച്ച് കഥ ഇപ്പോൾ അവസാനിപ്പിച്ചുകളയാം. കോമളവല്ലിയെ കാരാഗൃഹത്തിൽനിന്ന് മുക്തയാക്കുവാൻ അനേകായിരം വഴികളുള്ളതായി ബുദ്ധിയും മനോധൎമ്മവും ഉള്ള എൻെറ വായനക്കാൎക്ക ഊഹിക്കാവുന്നതായിരിക്കെ, ഞാൻഏതുപായമാണ് പ്രയോഗിച്ചത് എന്ന നിങ്ങളോടു പറഞ്ഞിട്ട് എന്തൊരു പ്രയോജനമാണുള്ളത്. മുകളിൽ വിവരിച്ച സംഭവം നടന്നിട്ട രണ്ടുമാസം കഴിയുന്നതിന്നുമുമ്പിൽ കോമളവല്ലിയും ഞാനും ഭാൎയ്യാഭൎത്താക്കന്മാരായി. വിവാഹംകഴിഞ്ഞ് മൂന്നാംദിവസം കോമളവല്ലിയെ അടുക്കെ വിളിച്ചിരുത്തി ഇപ്രകാരം പറഞ്ഞു.

അല്ലയോ പ്രിയതമേ, നീ എൻെറ ഭാൎയ്യയായിരിപ്പാൻ തക്കവണ്ണം എനിക്ക ഭാഗ്യമുണ്ടായത് പൂൎവ്വജന്മസുകൃതത്തിൻെറ ഫലമെന്നല്ലാതെ മറ്റൊന്നും പറവാനില്ല.

കോ— നാഥാ, അങ്ങെയ്ക്കെന്താണ് ഇതുകൊണ്ട് ഒരുവലിയ ഭാഗ്യം എന്നുപറവാനുള്ളത് എല്ലാം എൻെറ ഭാഗ്യം എന്നുവേണം പറയാൻ.

ഞാൻ— ശരി, നമ്മുടെ രണ്ടുപേരുടേയും ഭാഗ്യംതന്നെ. പക്ഷേ ഈ ഭാഗ്യകാലം അവസാനിക്കാറായി.

കോ— (പരിഭ്രമം നടിച്ച്) എന്ത, എന്താണങ്ങുന്ന ഇങ്ങിനെ പറയുന്നത. *

ഞാൻ— നിൻെറ കഥ ഇപ്പോൾതന്നെ തീൎത്തുകളയേണമെന്നാണ് വിചാരിക്കുന്നത.

കോ— അയ്യോ നാഥാവിവാഹം കഴിഞ്ഞിട്ട് മൂന്നുദിവസമല്ലേ ആയുള്ളു. ഇത്രവേഗത്തിലോ ?

ഞാൻ— നിവൃത്തിയില്ല. കഥ വേഗത്തിൽ അവസാനിപ്പിക്കണം. വായനക്കാർ ഇനി ക്ഷമിച്ചിരിക്കയെന്നു തോന്നുന്നില്ല. വിശേഷിച്ച് ഈ വിവാഹത്തിന് വിരോധികളായ നിന്റെ മാതാപിതാക്കന്മാരെ കൂട്ടിയിണക്കി വരണമെങ്കിൽ കഥ വല്ലാതെ ദീർഘിപ്പിക്കേണ്ടിവരും. ഇതിനും പുറമെ മലയാളത്തിൽ ട്രാജഡി (വ്യസനാന്തത്തിൽ പര്യവസാനിക്കുന്ന കഥ)യില്ലെന്നുള്ള ന്യൂനത ഇതിനാലെ പരിഹരിക്കേണമെന്നും ഉണ്ട്. അതിനാൽ എല്ലാംകൊണ്ടും നി ഇപ്പോൾതന്നെ മരിക്കുന്നതാണ് നല്ലത

കോ— നാഥാ അങ്ങയോട് ഒരു വാക്കു പറഞ്ഞോട്ടേ

ഞാൻ— അയ്യോ പാടില്ല അതിനിവിടെ സമയമില്ല. ഒരക്ഷരംപോലും ഉച്ചരിക്കാതെ വേഗത്തിൽ മരിക്കാനൊരുങ്ങൂ.

എന്നു പറഞ്ഞ് എന്റെ കയ്യിലുണ്ടായിരുന്ന വാളുകൊണ്ട് കോമളവല്ലിയുടെ തല ലക്ഷ്യമായി വീശി. അതിനുശേഷം എനിക്കുണ്ടായ പശ്ചാത്താപം (പശ്ചാത്താപം പ്രായശ്ചിത്തം എന്നല്ലോ) നിമിത്തം ലോകം നശ്വരം, ശരീരം അസ്ഥിമാംസസമ്മിശ്രമായിട്ടുള്ളത്, ജീവൻ തൃണതുല്യം എന്നിങ്ങിനെ സാരഗർഭങ്ങളായ അനേകം വാക്കുകൾ ഉപയോഗിച്ച് അരമണിക്കൂറുനേരം പ്രസംഗിച്ചതിന്റെ ശേഷം അവളെ വെട്ടിയ വാളുകൊണ്ടു തന്നെ എന്റെ കഥയും കഴിച്ചു എന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ.

കോരപ്പപ്പിള്ള.

# ഭാഷാ വിക്രമോർവ്വശീയ സാരം.

———:o:———

വാതമേററുപൊടിചുററിടുംവിധം
യാതൊരാളുടെനിയോഗമേററുടൻ
ഭൂതസംഘമിഹചുററിടുന്നവാ
ഭൂതനാഥനെവണങ്ങിടുന്നു ഞാൻ
ക്ഷോണീതലത്തിലുളവായദിനംമുതൽക്കെ
ചേണാർന്നമട്ടിലഭിവൃദ്ധികളാവന്നുചേരാൻ

കവീണ്ണിച്ചതിൽപ്രഥമനായൊരിനിക്കുമാൎഗ്ഗം
കാണിച്ചമാന്യരുടെകാലിണകൈതൊഴുന്നേൻ

മലയാളഭാഷയായിഹ വിലസീടുംവിക്രമോൎവ്വശീയത്തെ
പലകുറിപാൎത്താലോചിച്ചുലസാതത്തിനുള്ള സാരമെഴുതുന്നേൻ

ഈ വിക്രമോൎവ്വശീയസാരം എന്ന ഗ്രന്ഥം മൂന്നാക്കി വിഭാഗിച്ചിരിക്കുന്നു. അവകളിൽ ഒന്നാംഭാഗം പ്രകൃതനാടകത്തിലെ നായക നായികാവിദൂഷകാദികൾ തങ്ങളുടെ മനോവാക്കായങ്ങളെക്കൊണ്ട് പലപ്പോഴും പല ദേശങ്ങളിലുമായി ചെയ്യുന്നതും അന്യോന്യം സംബന്ധമുള്ളതുമായ കൎമ്മസമൂഹം തന്നെയായിരിക്കുന്ന കഥാസാരത്തിന്റെ വിവരണം. രണ്ടാംഭാഗം കഥാസാരംകൊണ്ട് സ്പഷ്ടമാവുന്നതും നായകാദികളെ സംബന്ധിച്ചതുമായ ഗുണത്തിന്റേയും ദോഷത്തിന്റേയും സാരത്തെപ്പറ്റിയ വിവരണം. മൂന്നാംഭാഗം പ്രകൃതനാടകംനടിച്ച് കാണുന്നവൎക്കും കേൾക്കുന്നവൎക്കും പരമാനന്ദത്തെ ഉണ്ടാക്കുന്നതും പരസ്പരം ഗുണാദികൾകൊണ്ടും അനുകൂല കാലദേശാദികൊണ്ടും വൎദ്ധിക്കുന്നതും രോമാഞ്ചം, സ്വേദം, കടാക്ഷം, മന്ദഹാസം, നിറപ്പകൎച്ച, ചാപ്പ്, മുതലായതുകൊണ്ട് പ്രത്യക്ഷമാവുന്നതും, ഓൎമ്മ, വിഷാദം, സംശയം, ഉന്മാദം, ഹൎഷം, മുതലായവകൊണ്ട് തിരമാലകൾകൊണ്ടു സമുദ്രം പോലെ വൎദ്ധിക്കുന്നതും ആയ രസത്തിന്റെ സാരത്തെപ്പറ്റിയ വിവരണം. നാടകാദി രൂപകങ്ങളെല്ലാം നടിച്ച് സഭാവാസികളെ കാണിച്ച് രസിപ്പിക്കേണ്ടതാകയാൽ അതിലുള്ള കഥാസാരങ്ങളെല്ലാം രസമയങ്ങളായിരിക്കണം. മാനസവികാരംകൊണ്ടുള്ള യാതൊരു ഭേദഗതിയും പുറത്തുവരാതെയിരിക്കുന്ന ഒരുവന്റെ സ്തോഭം നടിപ്പാനെന്താണ് വകയുള്ളത്? അത് ഒരുവിധം നടിച്ചാൽ കാഴ്ചക്കാൎക്കെന്ത് രസമുണ്ടാവുന്നത്? ഇഛാദ്വേഷാദ്യങ്ങളായ പലപല മനോവികാരങ്ങൾകൊണ്ട് ഉള്ളിളകിമറിഞ്ഞ് മുഖം, കണ്ണ്, പുരികം, കൈ, കാല്, മുതലായ സകലാംഗോപാംഗങ്ങൾക്കും സ്വരം മുതലായവകൾക്കും വളരെ ഭേദഗതികൾ സംഭവിക്കുന്നതുകൊണ്ട് ആളെക്കണ്ടാൽ തീരെ അറിയാത്ത വിധമായ ഒരുവന്റെ സ്തോഭം നടിക്കുവാനെന്ത വകയുണ്ട്! അ

ത് നടിച്ച് കാണുമ്പോൾ ആരാണ് പരമാനന്ദപരവശനാകാത്തത്? എന്നാൽ ഇങ്ങിനെ ഉള്ളിളകി മറിഞ്ഞസമയം ഒരു പുരുഷന്റെ ശതവൎഷമായ ആയുഷ്കാലത്തിൽ പത്തോ നൂറോ നാഴിക മാത്രമെ ശരാശരി കണക്കുകൂട്ടുമ്പോൾ കാണുകയുള്ളു എന്നു വരുവാനാണെളുപ്പം. അത്രതന്നേയും കാലദേശ ഹേതുക്കൾ കൊണ്ട് ഇടമുറിഞ്ഞ് മുറിഞ്ഞ് കിടക്കുന്നതായിട്ടാണ് അനുഭവസിദ്ധം. ഇങ്ങിനെയിരിക്കുന്ന കഥാഭാഗങ്ങളെ തമ്മിൽ സംബന്ധിപ്പിക്കുവാൻ മാത്രം ഇടക്കഥകളെയും സൂചിപ്പിക്കാതെ നിവൃത്തിയില്ല. അതുകൊണ്ട് രസമയമായ ദൃശ്യകഥാഭാഗത്തെ അങ്കങ്ങൾ കൊണ്ടും അസംബന്ധത്തെ നിവൃത്തിപ്പാൻ മാത്രം വേണ്ടി സൂച്യമായ ഇടക്കഥാ ഭാഗത്തെ വിഷ്കംഭം, ചൂളികാ, അങ്കാസ്യം, പ്രവേശം, അങ്കാവതരണം, ഇവകളിൽ ഒന്നുകൊണ്ടും നാടകങ്ങളിൽ പ്രതിപാദിച്ചുവരുന്നു.

പ്രകൃതനാടകത്തിലാവട്ടെ, വൈശ്രവണന്റെ സന്നിധിയിൽ ആട്ടംകഴിച്ചു തിരിച്ചുപോരുമ്പോൾ വഴിനടുവിൽ വെച്ച് ഉൎവ്വശിയെ അസുരന്മാർ ബലത്താലെ പിടിച്ചു കൊണ്ടുപോയ നിമിത്തം ശേഷം അപ്സരസ്ത്രീകൾ കരയുന്നു എന്ന സൂച്യകഥാഭാഗത്തെ "ആൎയ്യന്മാരെ" എന്നുതുടങ്ങി 'കരയുന്നതാണ്" എന്നതുവരെയുള്ള ഗ്രന്ഥംകൊണ്ടു സൂത്രധാരൻ സൂചിപ്പിച്ചു പോയതിന്റെ ശേഷം അപ്സരസ്ത്രീകൾ പ്രവേശിച്ചിട്ട് ഉൎവ്വശീവിരഹമെന്ന വൃത്താന്തകാരണം മൂലമുണ്ടായ അസഹ്യശോകഭയങ്ങളോടു കൂടി രക്ഷിപ്പാൻ തക്ക ആരെയും കാണാനില്ലെങ്കിലും ദേവപക്ഷവും ആകാശഗമനസാമൎത്ഥ്യവുമുള്ള വല്ലവനു മിട്ടിക്കിലെങ്ങാനു മുണ്ടെങ്കിൽ കേട്ടു വന്നു രക്ഷിച്ചാൾക്കൊള്ളാംമെന്ന് അത്യാവശ്യകാൎയ്യത്തെ "രക്ഷിക്കണെ" എന്നുമുതൽ 'ആൎയ്യരക്ഷിക്കണെ" എന്നതുവരെയുള്ള ഗ്രന്ഥംകൊണ്ട് പ്രാൎത്ഥിക്കുന്നു. ദൈവഗത്യാ അപ്പോൾ പുരൂരവസ്സുമഹാരാജാവ് ആദിത്യഭഗവാനെക്കണ്ടു തൊഴുത് തിരിച്ചു പോരുന്നവഴിയിൽ അട്ടിക്കിലെത്തി, അപ്സരസ്ത്രീകളുടെ പ്രാൎത്ഥനയെ കേട്ടു. ജാത്യാതന്നെ ശൌൎയ്യാദിക്ഷത്രിയ ഗുണപൂൎണ്ണനും, പിന്നെ ഗുരുശിക്ഷാദികൊണ്ട് സകല വിദ്യാവിനീതനും, അസുര

ദൈത്യോന്മൂലനാശനം കൊണ്ട് ദേവേന്ദ്രനെ വളരെ ത്തവണ സഹായിച്ചിട്ടുള്ളവനും കരുണാശാലിയും ആയിരിക്കുന്ന രാജാവിന്ന് അപ്സരസ്ത്രീകളുടെ ഈ പ്രാൎത്ഥനയെക്കേട്ടപ്പോൾ അവരെ രക്ഷിപ്പാനുള്ള ഉത്സാഹം ഉള്ളിലൊതുങ്ങാത്തവിധം ഉണ്ടാകുമെന്ന നിശ്ചയമാണല്ലോ. ഇദ്ദേഹം ഏതുസന്ദൎഭത്തിലാണ് അവിടെ അപ്പോൾ വന്നതെന്ന് കേൾക്കുന്നവൎക്കും ദേവപക്ഷപാതിയുംആകാശഗമനസമൎത്ഥനും മറ്റോ എന്ന അപ്സരസ്ത്രീകൾക്കും, ഇദ്ദേഹം ആരാണെന്ന് രണ്ടുവകക്കാൎക്കും ഉണ്ടാകുന്ന സംശയങ്ങളെ തീൎക്കാനായിട്ടാകുന്നു 'എന്റെ' എന്നപദത്തിന്ന് ഒന്നാമത്തേയും രണ്ടാമത്തേയും വിശേഷണങ്ങൾ. മനുഷ്യജാതിക്കകിട്ടാത്തതായ ആകാശഗമനശക്തി ഇദ്ദേഹത്തിന്നെങ്ങിനെ ഉണ്ടായി എന്ന സംശയത്തേ തീൎപ്പാൻ ഈ അങ്കത്തിൽതന്നെ സഹജന്യയുടെ വാക്കിൽ 'സോമദത്തമായ' എന്നവിശേഷണംകൊണ്ട് ഇദ്ദേഹത്തിന്റെ തേർ ദിവ്യമാണെന്നു വെളിപ്പെടുത്തും. പ്രകൃതരക്ഷാകൎത്താവിന്റെ കൎമ്മം സൂക്ഷ്മത്തോളം അറിവാനും അറിവിപ്പാനും ആയിട്ടാണ് "എന്തിൽനിന്ന" എന്നതുമുതൽ "കൊടുമുടിയിൽ" എന്നതുവരെ രാജാവും അപ്സരസ്ത്രീകളും തമ്മിൽചെയ്ത സംഭാഷണം. ഉൎവ്വശി പോയാൽ ത്രൈലോക്യനാഥനായിരിക്കുന്ന ദേവേന്ദ്രന്റെ സൎവ്വസ്വസാരവും, സൌന്ദൎയ്യാദി സ്ത്രീഗുണങ്ങളും, സ്വൎഗ്ഗസുഖവും, ഞങ്ങളുടെ ജീവനും, പോയകൂട്ടത്തിലായി എന്ന അൎത്ഥങ്ങളെ സൂചിപ്പിക്കുന്നതിന്നാകുന്നു ഉൎവ്വശിയുടെ നാലുവിശേഷണങ്ങൾ. ഉൎവ്വശിയെ പിടിച്ചുകൊണ്ടു പോയി, എന്നക്രിയക്കു ചിത്രലേഖയോടുകൂടി എന്നവിശേഷണംകൊണ്ട് അവർതമ്മിൽ സൎവ്വാവസ്ഥകളിലും പിരിയുന്നതല്ലെന്ന് വന്നതിനാൽ അതിസ്നേഹം സൂചിക്കുന്നു. രാജാവ് 'കേശി' എന്നുപറയാതെ 'ദുഷ്കൃതി' എന്നു പറഞ്ഞതുക്കൊണ്ട് അദ്ദേഹത്തിന്റെ ദേവപക്ഷം സ്പഷ്ടമായിരിക്കുന്നു. ആ സംഭാഷണത്തിന്റെ ഇടയിൽ രാജാവുപറഞ്ഞ സമാധാനവാക്കുകൊണ്ടു അപ്സരസ്ത്രീകൾക്ക് അപ്പോൾ ഉണ്ടായിരുന്ന ദുഃഖം അതിദാരുണമാണെന്നും രാജാവിന്റെ അമാനുഷമായ ഈ ഉൽകൃഷ്ടോൽസാഹഗുണത്തെക്കുണ്ട് പരമാനന്ദ വിസ്മയ

ങ്ങൾ കൊണ്ടിളകിയ അപ്സരസ്ത്രീകൾ ഇതോടു ചേൎന്ന മറ്റു സകല ദിവ്യഗുണങ്ങളെയും ഇതിന്നെല്ലാം മൂലമായ ചന്ദ്രചൈത്രതത്തെയും ഓൎത്ത് വിസ്മയത്തോക്കളെ ന്നതുകൊണ്ട് രാജാവിന്ന് പൂൎവ്വദിവ്യഗുണചരിതങ്ങൾ പലതുമുണ്ടെന്നും വന്നുകൂടി. 'നോക്കട്ടേ'= യത്നംചെയ്യാം. പിന്നെ "സൂര" എന്നതുമുതൽ "കൊടിക്കൂറയും" എന്നതുവരെയുള്ള ഗ്രന്ഥംകൊണ്ട് ശത്രുജയാദി സകല കാൎയ്യസാധകമായ പ്രതാപത്തിന്റെ വലിയ ഒരു അംശമായിരിക്കുന്ന വേഗത്തെ രാജാവ് സമ്പാദിച്ചുവെന്നു പറയുന്നു. "രാജൎഷി എന്നു മുതൽ "തീൎച്ചതന്നെ" എന്നതുവരെയുള്ള ഗ്രന്ഥംകൊണ്ട് അപ്സരസ്ത്രീകൾക്ക് പ്രകൃതകാൎയ്യസിദ്ധിയിൽ അത്യാവേശം മൂലമായി ഉണ്ടാവുന്നതും കാൎയ്യസിദ്ധിവരെ അകത്തും പുറത്തും ഒരു പോലെ ശക്തിയായി ബാധിക്കുന്നതും ആയ കഠിന മനോവേദന കൊണ്ടുണ്ടാകുന്ന അസ്വാസ്ഥ്യത്തെപ്പറയുന്നു.

ചിത്രലേഖ താങ്ങിപ്പിടിച്ചും മറ്റുമുള്ള ഉൎവ്വശിയുടെ പ്രവേശംകൊണ്ട് അന്യദിവ്യസ്ത്രീകൾക്കുകൂടി ഇല്ലാത്ത അതിസുകുമാരസ്വഭാവം തോന്നുന്നു. ചിരകാലസഹവാസാദ്ദൃഢീകൃതസ്നേഹയായ ചിത്രലേഖയും ചക്ഷുഃപ്രീതികരങ്ങളായ ഉൎവ്വശിയുടെ സൌന്ദൎയ്യതാരുണ്യലാവണ്യാദി ഗുണങ്ങളെക്കണ്ട ഉടൻതന്നെ അതിപക്ഷപാതിയായിത്തീൎന്ന രാജാവും ആമോഹാലസ്യത്തെ അതിവേഗത്തിൽ കളവാൻ ഉൽക്കടേച്ഛയോടുകൂടി ചെയ്യുന്ന പ്രവൃത്തികളെ "തോഴി! ആശ്വസിക്ക" എന്നു മുതൽ "തോന്നുന്നുവല്ലോ" എന്നതുവരെയുള്ള ഗ്രന്ഥംകൊണ്ടു പറയുന്നു. സംഭ്രമംകൊണ്ടാകുന്നു ചിത്രലേഖ അപ്പോൾ പനിനീർമുതലായവയെ പ്രയോഗത്താൽ നിൎമ്മിക്കാതിരുന്നത്. "കോഴ്ക്കഹരിചന്ദനം" "കോഴ്ക്കയിളവസനം"=കാഴ്ക്കിളകുന്ന തടിച്ചോരുകൊങ്കകൾനടുവിൽ സുരദ്രുസുമമാല്യം. "ജഗത്രയംവഴികാക്കുന്നവലാരിവൈഭവാൽ" എന്നതിന് ചട്ടുകപ്രായന്മാരായ ഭൃത്യന്മാർ ചെയ്യുന്നതെല്ലാം സ്വാമിചെയ്യുന്നതായി വിചാരിക്കേണമെന്നഭിപ്രായം.

പിന്നെ ക്രമത്തിൽ ഉൎവ്വശിക്കു തന്റേടമുണ്ടായതായി അറിഞ്ഞ് രാജാവും ചിത്രലേഖയും സന്തോഷിച്ചതിന്റെശേഷം അസുരന്മാരെ മടക്കി ഓടിച്ചു എന്ന വൎത്തമാനം ചിത്രലേഖ പറ

ഞ്ഞതു കേട്ടിട്ട് ഉൎവ്വശി കണ്ണുമിഴിച്ച് ഇന്ദ്രനല്ലാതെ ഇങ്ങിനെയു
ള്ള ദുഷ്കരകൎമ്മം ചെയ്വാനാരും കഴിയില്ലെന്നഭിപ്രായത്തെ "ഐ
ശ്വൎയ്യംകൊണ്ട്" എന്നതുടങ്ങിയ തന്റെ ചോദ്യത്താൽ വെളിവാ
ക്കുന്നു. ഇന്ദ്രസദൃശനും ഇതുപോലെ ചെയ്വാൻ കഴിയുമെന്നഭിപ്രാ
യത്തോടുകൂടി ചിത്രലേഖ ചേൎത്തുപറഞ്ഞത് കാണിച്ചുകൊടുത്തതി
ന്റെശേഷം രാജാവിനെക്കണ്ട ഉൎവ്വശിക്കുണ്ടായ നയനസുഖാമൃ
തസമുദ്രം കോളിളകിയപ്പോൾ തിരമാലപോലെ "ഞാനസുരനിനി
ക്കുപകാരംതന്നെയാണ് ചെയ്തത്" എന്ന വാക്യവും ഉൎവ്വശിയേ
ക്കണ്ട രാജാവിന്ന് ഇതുപോലെതന്നെ "നാരായണ മഹൎഷിയു
ടെ" എന്ന മുതൽ "നിൎമ്മിപ്പാൻ മിടുക്കുണ്ടാവുമൊ" എന്നവരേയും
പിന്നെ "അവർ വലിയ" എന്ന മുതൽ "സഖീജനത്തിനോ" എ
ന്നവരേയും ഉള്ള വാക്യങ്ങളും പുറപ്പെട്ടു. 'നിൎമ്മിക്കാൻ തര
പ്പാകുമൊ'=നിൎമ്മിപ്പാൻ മിടുക്കുണ്ടാവുമൊ. 'ഉരയ്ക്കുവല്ല'=ഉരയ്ക്കു
വല്ലൂ. അസുരന്മാരുടെ അക്രമം കണ്ടിട്ടുണ്ടായ മോഹാലസ്യത്തി
ന്നു മുമ്പിൽ ഒന്നുരണ്ടുതുടങ്ങിയശേഷംസഖികളെ കാണ്മാനുണ്ടായിരു
ന്നു, തന്റെമുന്നായസമയം കാണ്മാനില്ല. അവൎക്കും ഇതുപോ
ലെതന്നെ വല്ല ആപത്തും വന്നിട്ടുണ്ടോ എന്ന ശങ്കകൊണ്ട് ഉ
ള്ളിളകിയ ഉൎവ്വശിയുടെ 'എന്റെ സഖീജനം എവിടെയായിരിക്കും'
എന്ന ചോദ്യത്തിന്ന് നിന്റെ അസുരഭയം തീൎത്ത രാജാവുതന്നെ
യാണ് ഈ ഭയവും തീൎപ്പാൻ സമൎത്ഥൻ എന്നൎത്ഥമായി ചിത്ര
ലേഖ മറുവടിപറഞ്ഞതിന്റെശേഷം ഉൎവ്വശിയുടെ സാധ്വസ
മൌനത്തെ ചോദ്യമായി സ്വീകരിച്ച രാജാവ് പറഞ്ഞ മറുവടി
യ്ക്കു ഭംഗിയും പ്രയോജനവും നല്ലവണ്ണമുള്ളതിനാൽ അതിനെ
അതിരുചികരമായ സ്വാദും, ജര, നര, മരണം, മുതലായ ദോഷ
ങ്ങളെ നശിപ്പിപ്പാൻ ശക്തിയുമുള്ള അമൃത് തന്നെയാണെന്ന് ഉ
ൎവ്വശി കല്പിക്കുന്നു. തന്റെനേരെ രാജാവിനുള്ള അനുരാഗത്തെ
സൂചിപ്പിക്കുന്നതും രംഭമുതലായ സഖിമാൎക്ക് നിന്നെക്കാണായ്ക
കൊണ്ടുള്ള വിഷാദമല്ലാതെ യാതൊരു ആപത്തുമില്ലെന്ന് താല്പ
ൎയ്യാൎത്ഥംകൊണ്ട് തെരിയ്ക്ക സമാധാനമുണ്ടാകുന്നതും മറ്റുമാകു
ന്ന മറുവടിയുടെ ഭംഗിയും പ്രയോജനവും. ഇങ്ങിനെ അമൃതമയ

മായ വാക്കിനെ കേട്ടിട്ടുണ്ടാകുന്ന വിസ്മയത്തെ മുമ്പിൽ കേട്ടിട്ടുള്ള രാജാവിന്റെ അനന്തദിവ്യഗുണങ്ങളേ ഓൎത്തും 'യത്രാകൃതിസ്തത്ര ഗുണാവസന്തി' എന്ന സാമുദ്രികാശാസ്ത്രസിദ്ധാന്തത്തെ അനുസരിച്ചു ആകൃതിവിശേഷംകണ്ടും ശമിപ്പിക്കുന്നു. കണ്ടപ്പോൾതന്നെ രാജാവിന്റെ നേരെ സ്വഭാവത്താലെ ഉണ്ടായതും പിന്നെ 'മഹിതശരച്ചന്ദ്രനെപ്പോലെ' എന്നതുവരെയുള്ള വാഗമൃതപ്രയോഗങ്ങൾകൊണ്ടു വൎദ്ധിച്ചതുമായ അഭിലാഷം ഉള്ളിലൊതുങ്ങാതെ പുറത്തെക്കുകണ്ണിൽകൂടിപ്പുറപ്പെടുന്നവിധം ഉൎവ്വശി കടാക്ഷിക്കുന്നതുകണ്ട് ചിത്രലേഖസഖ് ഊഹിച്ച് 'എന്താണ് നോക്കുന്നത്' എന്ന ചോദിച്ചതിന് അഭിലാഷശക്തികൊണ്ട് തൽക്കാലം ഒന്നും ഓൎക്കാതെ ഉൎവ്വശി 'സമദുഃഖസുഖമാണിജ്ജനം' എന്ന സത്യത്തെത്തന്നെ പറഞ്ഞുപോയതിന്റെശേഷം ചിത്രലേഖ 'ഏ, ഏത്'? എന്ന ആവൎത്തിച്ച ശങ്കയിൽ ചോദിച്ചപ്പോൾ എല്ലാമോൎത്ത് സ്വഭാവലജ്ജയോടുകൂടി തന്റെ അഭിലാഷത്തെ ഉൎവ്വശി 'സഖിജനം' എന്ന ഉത്തരംകൊണ്ട് ഒരു വിധം മറയ്ക്കുന്നു. യാതൊരു കേടുംകൂടാതെ ഉൎവ്വശിയോടും ചിത്രലേഖയോടും കൂടിച്ചേൎന്നുവരുന്ന രാജാവിന്റെ അതിമാനുഷമായ ആകൃതിവിശേഷത്തെയും പ്രതാപത്തെയും കണ്ട് രംഭതുടങ്ങിയ അപ്സരസ്ത്രീകൾ "തോഴിമാരെ" എന്ന മുതൽ "ദുൎല്മാണെല്ലൊ" എന്നതുവരെയുള്ള ഗ്രന്ഥംകൊണ്ടു വൎണ്ണിക്കുന്നു. തേരിറങ്ങുമ്പോളുണ്ടാവുന്ന ഇളക്കംകൊണ്ട് രാജാവിന്റെ ചുമലിന്മേൽ എന്റെ ചുമല് മുട്ടിപ്പോയി; ഇനിക്ക് ഒട്ടും അകന്നുനിൽക്കുവാൻ തരമില്ലാത്ത വിധത്തിൽ നീ എന്റെ ശരീരത്തോടുചേൎന്നു നിന്നിട്ടാണ് ഇങ്ങിനെ സംഭവിച്ചത്; എന്ന് വരുത്തുവാനായി തോഴി! കുറച്ചു മുമ്പോട്ടു കയറി നിൽക്കു എന്ന ഉൎവ്വശിയും, നിന്റെ ശ്രദ്ധാഭിപ്രായമെല്ലാം മനസ്സിലായി. അതിന്നു വിരോധമായി അല്പവും പ്രവൃത്തിപ്പാൻ ഇനിക്കു വയ്യ, എന്നുവരുത്തുവാനായി പുഞ്ചിരിയിട്ടുകൊണ്ട് 'ഇനിക്കു വയ്യ' എന്ന് ചിത്രലേഖയും തമ്മിൽ സംഭാഷണം ചെയ്യുന്നു. "ഇവിടെവെച്ച" എന്നതു മുതൽ "സംഗതിവരട്ടെ" എന്നവരെയുള്ള ഗ്രന്ഥംകൊണ്ട് പ്രകൃതകാൎയ്യസിദ്ധിയുടെഫലമായ

ആനന്ദ സാരമത്തായ വാക്കുകളെക്കൊണ്ടും പ്രവൃത്തികളെക്കൊണ്ടും പ്രകാശിപ്പിക്കുന്നു. അനന്തരം ഉൎവ്വശിയെ മാൎഗ്ഗമദ്ധ്യത്തിൽവെച്ച് കേശി പിടിച്ചുകൊണ്ടുപോയ വൎത്തമാനം നാരദമഹൎഷി പറഞ്ഞുകേട്ട് സംഭ്രമത്തോടുകൂടി ദേവേന്ദ്രൻ അസുരനെ ജയിച്ച് ഉൎവ്വശിയെ തിരിച്ചുകൊണ്ടു വരുവാനായി കല്പിച്ചയച്ച ഗന്ധൎവ്വപ്പെരുമ്പടയുടെ രാജാവായ ചിത്രരഥൻ പ്രവേശിച്ച ആ വൎത്തമാനത്തെയും മറ്റും രാജാവിനോടു പറഞ്ഞ് സന്തോഷപ്രശംസയെ ച്ചെയ്യുന്നതിനെ തടുത്ത് രാജാവ് "അത്തുമിന്ദ്രനെഴുന്ന വീൎയ്യമെല്ലോ" എന്ന ശ്ലോകം കൊണ്ട് ഉദാഹരണത്തോടുകൂടി പറഞ്ഞതിന്റെ താല്പൎയ്യാൎത്ഥം:—ഇന്ദ്രന്റെ വീൎയ്യംകണ്ടു പകൎത്തിയ എന്റെ വീൎയ്യം ഇന്ദ്രന്റെ വീൎയ്യം തന്നെയാണ്, പ്രതിബിംബമായ ഇതിന്നും ശത്രുസംഹാരാദി കാൎയ്യങ്ങളെ ചെയ്യുവാൻ ശക്തിയുണ്ട്, സാക്ഷാൽ സിംഹനാദത്തിന്റെ ഒരു പകൎപ്പായ ഗുഹയിൽനിന്നു പുറപ്പെടുന്ന സിംഹനാദത്തിന്ന് ആനകളെ നശിപ്പിപ്പാനുള്ള ശക്തി കാണുന്നില്ലേ? അതുപോലെ എന്നാകുന്നു. പൊല്ലീസ്സുനിയമം, സിവിൽ നിയമം, മുതലായവകൊണ്ട് നമുക്കിപ്പോൾ വളരെ അധികം രക്ഷ കിട്ടുന്നുണ്ട്. എന്നാൽ ഇതൊന്നും നാട്ടുരാജാക്കന്മാരുടെയല്ല, ഇവ ബ്രിട്ടീഷ്ഗവൎമ്മേണ്ടിൽനിന്നു പകൎത്തിയതാണ്, എന്നു നാട്ടുരാജാക്കന്മാരുടെ പ്രജകളും, ഠരം ചട്ടവട്ടങ്ങളെല്ലാം അതിശയം തന്നെ. ഇതൊക്കെ രാമയ്യന്റെയാണ്, എന്ന മുറജപത്തിൽ സന്തോഷിച്ചുകൊണ്ട് നമ്പൂരിമാരും പറഞ്ഞുപോരുന്ന വാക്കുകളെ ഇവിടെ സ്മരിച്ചാൽ നന്നായിരിക്കും. (ഞാൻ തന്നെയാകുന്നു സൎവ്വോൽകൃഷ്ടൻ എന്ന ഉറപ്പുകൊണ്ടുണ്ടാകുന്ന പരജനനിന്ദയാകുന്ന ഗൎവ്വം. ഗുണങ്ങളെല്ലാം പ്രത്യേകിച്ച് ഇതിന്നു കാരണമാണ്. ഇതെല്ലാ ഗുണങ്ങളേയും നശിപ്പിക്കുകയും ചെയ്യും. ഒരു ഗുണത്തിനും വലിപ്പം അവസാനിക്കുന്നതല്ലെന്നു കാണുന്നതാകുന്നു അഗൎവ്വത്തിന്റെ കാരണം, ഈ കാഴ്ചയുള്ളവൻ തന്റെ ഗുണങ്ങളെ ക്രമേണ വൎദ്ധിപ്പിക്കും) ഇങ്ങിനെയുള്ള അൎത്ഥങ്ങളെ ശരീകരിച്ചിട്ടാകുന്നു ചിത്രരഥൻ രാജാവിന്റെ അഗൎവ്വത്തെ ശ്ലാഘിച്ചത്. ഇപ്പോൾ ഇന്ദ്രനെക്കാഴ്മാനിടയില്ലല്ലോ' എന്ന രാജാവിന്റെ വാക്കിന് ഞങ്ങൾ പ്രജാകാൎയ്യത

ങ്ങൾ കൊണ്ട് അധികസമയവും പരതന്ത്രന്മാരായിരിക്കുന്നുള്ളൂ നിങ്ങൾക്കറിയാമല്ലോ എന്ന സിദ്ധാന്താൎത്ഥം. കാൎയ്യം പറയാതെ തന്നെ ഒരുവിധം സൂക്ഷ്മമായി അറിഞ്ഞ ഇഷ്ടസഖിയായ ചിത്രലേഖയെ എന്റെ ഒരു അനുരാഗസാഹസത്തെ ധരിപ്പിക്കാമെന്നും ഇപ്പോൾ ചെയ്ത വലുതായ ഉപകാരംകൊണ്ട് ഞാനിനിമേലിലെല്ലാം അങ്ങയുടെ തന്നെയായിരിക്കുന്നു എന്നത് രാജാവിനെ ധരിപ്പിക്കേണമെന്നും വിചാരിച്ചിട്ടാകുന്നു "തോഴി ചിത്രലേഖെ" എന്നുമുതൽ "ഉൎവ്വശി അറിയിക്കുന്നു" എന്നുവരെയുള്ള വാക്കുകൾ. "പിന്നെക്കാണ്മാൻ"=പിന്നെക്കാണ്മാൻ- തരമുള്ളപ്പോളെല്ലാം ഇനിയ്ക്കങ്ങേക്കാണ്മാൻ സംഗതിവരുത്തിയാൽ കൊള്ളാമെന്നു താല്പൎയ്യം. "പൊരുന്നതിന്നു തടവനാചിച്ചിട്ട്" എന്നുമുതൽ "കേട്ടോനാം" എന്നുവരെയുള്ള ഗ്രന്ഥംകൊണ്ട് രാജാവും ഉൎവ്വശിയും തമ്മിൽ പിരിയുമ്പോൾ മനസ്സിനു തട്ടുകൊണ്ടുണ്ടായ ചെറിയ വിഘ്നത്തെ വലുതാക്കുകയും പ്രശംസിക്കുകയും ഇത് ഒരു വലിയ ഉപകാരമായി എന്നു സന്തോഷിക്കുകയും ചെയ്യുന്നു. "മഹാരാജാവെ" എന്നുമുതൽ "കേൾക്ക" എന്നതുവരെയുള്ള ഗ്രന്ഥംകൊണ്ട സൂതൻ അങ്ങേയ്ക്കു യാത്രാകാലമായി എന്നതിനെ കാണിക്കുന്നു. പിന്നെ സൂതൻ ഒരുക്കിപ്പിച്ച നിറുത്തിയ തേരിൽ കയറിയ രാജാവും മേൽപ്പോട്ടുപൊങ്ങുന്ന ഉൎവ്വശിയും ആ വേൎപാടിങ്കൽ ദുഃഖംകൊണ്ട് അധികമായി കുഴങ്ങിയതിനെ അങ്കാവസാനംവരെയുള്ള ഗ്രന്ഥംകൊണ്ടു പറയുന്നു.

കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാൻ.

# സമ്മാനം

ഇക്കൊല്ലം ചിങ്ങത്തിലും തുലാത്തിലുമായി രണ്ടു സമ്മാനലേഖനങ്ങൾ പ്രസിദ്ധംചെയ്ത വിവരം വായനക്കാർ മറന്നിട്ടില്ലായിരിക്കാം. അവയിൽ ഒന്നാമത്തേതിന്നു ആരും ശ്രമിയ്ക്കാതെപോയതും രണ്ടാമത്തേത് എട്ടിൽ പ്രധാനിയായാലും വിചാരിച്ചിരുന്നപോലെ കനം തുടങ്ങാതെ വിഷയങ്ങളെക്കൊണ്ടുള്ള ഭേദംകൊണ്ടും ഉപന്യാസമെഴുതുന്നതിന്നുള്ള സാമഗ്രികൾ ഒരുക്കുന്നതിൽ ഉപന്യാ

ഖകന്മാൎക്കുള്ള ശ്രദ്ധാഭേദമോ വൈമനസ്യമോ കാരണമായും ആയിരിക്കാമെന്നാണ് ഞങ്ങൾ വിചാരിക്കുന്നത്. അതുകൊണ്ട് മുൻകൊല്ലത്തെമാതിരിയുള്ള മൊരട്ടുവിഷയങ്ങൾ തൽക്കാലം നീക്കിവെച്ച് ലക്ഷ്യങ്ങളുടെ അപേക്ഷകൂടാതെ കേവലം മനോധൎമ്മംകൊണ്ടുമാത്രം, വഴിപ്പെടുത്താവുന്നതായ ഒരു വിഷയം കൊടുക്കവാൻ നിശ്ചയിച്ചിരിക്കുന്നു.

ഈ വിഷയം ദുഃഖരസപ്രധാനവും സ്വയംകൃതവുമായ ഒരു ചെറിയ കെട്ടുകഥയാണ്. ഇത രഞ്ജിനിയുടെ 12 ഭാഗങ്ങളിൽ കവിയാതേയും 10 ഭാഗങ്ങളിൽ കുറയാതേയും ഉണ്ടായിരിക്കണം. ഭാഷക്ക് സാമാന്യമായിട്ടുവേണ്ടുന്ന വാചകഭംഗി പദശുദ്ധി മുതലായവയും ആഖ്യായികക്ക് പ്രത്യേകിച്ച് വേണ്ടുന്ന കഥക്കെട്ട്, സ്വഭാവവൎണ്ണനം, ഉപദേശരൂപമായ സാരം മുതലായ ഗുണങ്ങളും ഉണ്ടായിരിക്കേണമെന്ന പറയേണ്ടതില്ലല്ലൊ. ഈ കഥാരൂപമായ ഉപന്യാസം വരുന്ന മീനമാസം 5-ാംനു-ക്കു മുമ്പായി രസികരഞ്ജിനിആപ്പീസ്സിൽ എത്തിച്ചുതരേണ്ടതാകുന്നു. പ്രസിദ്ധിയോഗ്യങ്ങളായിട്ടുള്ളവയിൽവെച്ച് ഉത്തമമായതിന്ന് പത്തുറുപ്പിക സമ്മാനം നിശ്ചയിച്ചിട്ടുള്ളത് ലേഖകന്മാരുടെ ശ്രമദാനത്തിന്ന് അടുത്ത പ്രതിഫലമല്ലെങ്കിലും രഞ്ജിനിയുടെ ബാല്യസ്ഥിതിയെ വിചാരിച്ച തൃപ്തിപ്പെടുമെന്നു വിശ്വസിക്കുന്നു. ര. ര. പത്രാധിപർ.

# മൂന്നു ശ്ലോകങ്ങൾ.

—— : o : ——

ഇതളിനെഴുന്നഗൎവ്വമുടിയും മുടിയും
വരസുധതന്റെ മാനമൊഴിയും മൊഴിയും
പരിമൃദുപല്ലവങ്ങൾ വിരളും വിരളും
തിങ്കളുമൊന്നൊപമാന്ന കലയേ കലയേ ॥

തങ്കമയക്കുന്നകല്ലാരംപൊൎമ്മൊഹാങ്കബിംബചിലതളിൎത്തും ।
പങ്കജമേ നിവ...ദാം രങ്കസ്സേഗ്ഗതാം സമാശ്രയിക്കുന്നേൻ ॥

കഷ്ടിപുരത്തു രവിവൎമ്മകോയിത്തമ്പുരാൻ.

പരിമളമിളകുന്ന കുന്തളംകൊണ്ടുനിവദനാംമറയായ്ക്കജീവനാഥേ
ഫലനാരതയിൽ ... മറന്നാഖശോചകോരകിശോരമെ

മൂർക്കോട്ടുത്ത കാലായി നമ്പൂരിപ്പാട്. [ഇരുചെയ്യു.

7*

# ശിവമയം.

---

൧. അംഗംനേരെനട്ടപ്പൊളിച്ചപരനായ്ക്കല്പിക്കിലും കണ്ണട
ച്ചുള്ളുന്നേരെവിഷംകുടിച്ചുപടലയ്ക്കൾപ്പൂക്കിരുന്നീടിലും ।
അന്നാക്കാലനെ നിഗ്രഹിച്ചതു നിമിത്തത്താലിനിച്ചാകയി
ല്ലെന്നുൾപ്പൂവിൽ നിനയ്ക്കയോ മറുമരുന്നുണ്ടാകയോ ദൈവമേ ॥

വെണ്മണി അച്ഛൻനമ്പൂരിപ്പാട്.

൨. ഫാലത്തിങ്കിന വെള്ളമുണ്ടുതലയിൽ കണ്ഠസ്ഥഹാലാഹല
ജ്വാലയ്ക്കുണ്ടുശിവാധരാമൃതരസംമെയ്യിൽപെട്ടും പാമ്പിനും ।
ചേലൊത്തോഷധിനായകൻ മുടിയിലുണ്ടിന്നൊന്നുകൊണ്ടുംഭവാ
നാലസ്യം പിണയാതെശങ്കരജയിച്ചാലും ജഗന്മണ്ഡലേ ॥

ഒറവങ്കര നീലകണ്ഠൻനമ്പൂരി (രാജൻ)

൩. മുന്നം താൻപ്രസവിച്ചൊരാഗ്ഗണപതിക്കില്ലെന്നുമേ വേല്പവും
പിന്നെത്തൻ കണവന്റെ മറ്റുവകയാമാച്ചാത്തനും കാളിയും
എന്നീമക്കളെയൊന്നുപോലെ കരുതിപ്പോറ്റുന്നൊരാപ്പാറ്റുവൊ
ത്തെന്നും തെണ്ടി മലപ്പുറത്തലയുമാക്കാട്ടപ്പനുണ്ടോ സുഖം ॥

# സന്ധ്യാവർണ്ണനം.

---;o:---

൧. പരംപ്രദോഷതൂലികയാൽ ജ്ജഗത്തിൻ
നിറംകൊടുക്കും രവിചിത്രകാരൻ
പരന്നൊരഭ്രപ്പലകപ്പുറത്തി
ട്ടരംകലർത്തുന്നിതുവർണ്ണമെല്ലാം
൨. ഘനങ്ങളിൽശ്ശൈലമൃഗാദിയായു
ള്ളനന്തരൂപങ്ങൾകുറിച്ചുനോക്കി
ഇനൻപലേടം പലവർണ്ണമിട്ടു
മിനുക്കിമായ്ക്കുന്നു തെളിഞ്ഞിടാതെ
൩. ഇരുട്ടിടാൻ വാസനയച്ഛനേക്കാ
ളിരട്ടികൂടുമ്മകനന്തികാലം
കറുപ്പുവർണ്ണങ്ങൾ കുറുപ്പുശീല
വിരിപ്പുകൊണ്ടുണ്ടിതമൂടിടുന്നു

൯. ഉടയ്ക്കുന്നക്ഷത്രവിസ്രുതമുത്തു
കുടുക്കിവെച്ചുള്ളൊരിരുട്ടുപട്ടാൽ
അടച്ചുമൂടീടിലുമിങ്ങുഭാഗി
കെട്ടുപൊട്ടിട്ടുന്നില്ലിഹ കാമബാണൻ

൰. വരട്ടെയർക്കൻകടലിൽക്കുളിച്ചു
വരട്ടെയെന്നാലിനി വേണ്ടപോലെ
പരക്കെയോരോവകവർണ്ണമിട്ടു
നിരത്തുമീവിശ്വവിചിത്രചിത്രം.

# കീർത്തനം.

---

പന്തുവരാടി-മുറിയടന്ത.

പാഹിമാം പാർവ്വതീപതേ ബാലേന്ദുചൂഡ-
പാഹിമാം പാർവ്വതീപതേ.
ബാഹുകലിതപരശുഹരിണ-
ബാണദനുജഭവനദഹന-
ദേഹലസിതദസിതധവള-
വാഹമഹിതവിമലചരണ- പാഹിമാം.
ലോഹകഠിനദേഹപുരവി-
ദാഹമനജവാഹസഖനി-
രീഹനിഗമവാഹശിഖരി-
ഗേഹമദനദേഹദഹന- പാഹിമാം.
ധാമവിജിതസോമലജ്ജശ-
ദാമലസിതഭീമവിവിധ-
നാമഭുവനരാമമുനില-
ഖാമപരശുരാമവിനത- പാഹിമാം.
ഫേനവിലസമാനവൃഷഭ-
യാനനഗശയാനഹംസ-
യാനപുരനിലീനസുരന-
മീനപരമദീനശരണ- പാഹിമാം.

വെണ്മണി അഛൻനമ്പൂരിപ്പാട്.

# കേരളക്ഷിതിരത്നമാല.

:o:

ഉണങ്ങിയവയേയും പഴുത്തവയേയും പച്ചനിറമുള്ളവയേയും മച്ചിങ്ങയേയും ഒരം ഫലങ്ങൾ എ ാം കണ്ടാക്കായി അതിൽ നിന്ന മൂന്നിലൊന്ന കുടിയാൻെറ ഭാഗം ത്യജിച്ചശേഷം നാളികേരങ്ങൾ ജന്മിക്കാകുന്നു.

കേരാരാമംസ്സസംവീക്ഷ്യ പഞ്ചധാവിഭജേൽ ബുധ
കഷ്ടാതികഷ്ടമദ്ധ്യാഢ്യ ശ്രേഷ്ഠശ്രേഷ്ഠതമാൻക്രമാൻ നു

തെങ്ങിൻതോട്ടംനോക്കി അതിനെ അഞ്ചുതരമായി വിഭാഗിക്കണം. അതിൽ ഒന്നാന്തരം കഷ്ടം രണ്ടാന്തരം അതികഷ്ടം മൂന്നാന്തരം മദ്ധ്യാഢ്യം നാലാന്തരം ശ്രേഷ്ഠം അഞ്ചാന്തരം ശ്രേഷ്ഠതമം ഇങ്ങിനെ ക്രമം.

ഹരിമിതാസ്ഥിഥിമിതാ അതികഷ്ടകനിഷ്ഠയോഃ
ഫലാകൃതിമിതാമദ്ധ്യേ നാളികേരമഹീരുഹേ സ്ഥ

ദന്തോന്മിതംഫലാശ്രേഷ്ഠേ ശ്രേഷ്ഠാഢ്യേവര്ണ്ണസമ്മിതാഃ
ഇത്യാഹുഃകുത്രചിന്നാത്ര ഭാഗോപത്യജ്യതേബുധൈഃ സമ്മ

ഒന്നാന്തരത്തിൽ ൧൦൦ രണ്ടാന്തരത്തിൽ ൧൫൦ മൂന്നാന്തരത്തിൽ ൨൦൦ നാലാന്തരത്തിൽ ൩൨൦ അഞ്ചാന്തരത്തിൽ ൪൧൦ നാളികേരങ്ങൾ ഉണ്ടാകുന്നു. ഇങ്ങിനെ ചിലർ പറയുന്നു. ചിലർ ഇതിൽ നിന്ന ചിലഭാഗം ഉപേക്ഷിക്കുന്നു.

കഷ്ടേഃകരതരൈരധരാധരമിതാ രത്നാക്ഷതിധ്വസ്മിതാഃ
യദ്ദൃഷ്ടാംശതിസമ്മിതാദ്ധൃതിമിതാഃ പ്രോക്താവിത്രചോന്മിതാഃ
മദ്ധ്യേത്തുൽകൃതിസമ്മിതാശരമിതാദ്ദീക്ഷാ ദ്ധ്യോന്മിതാ
ശ്രേഷ്ഠശ്രുദ്ധശമശീതികാന്താമുദിതാസ്ഥൽജ്ഞൈഃ ഫലാസ്സരിഭിഃ

ഒരം ശ്ലോകംകൊണ്ടു മൂന്നുതരമായിതന്നെ വിഭാഗിച്ചശേഷം രണ്ടിനും അതിൽ അന്തർഭാവത്തെ പറയുന്നു. ഒന്നാന്തരത്തിൽ ൭൯-൧൨-൧൫ ൧൪-൨൦- ഇങ്ങിനെ ഉണ്ടാകുകയും. രണ്ടാന്തരത്തിൽ ൨൩-൩൨- ൩൪- ഇങ്ങിനെയും. മൂന്നാന്തരത്തിൽ ൪൦-ഖരെ ഉണ്ടാകുകയും ചെയ്യുന്നു എന്ന വിദ്വാന്മാർ പറയുന്നു.

ധരാധരം- ൭ (പർവ്വതങ്ങൾ ൭); അക്ഷി- ൨ (സൂര്യചന്ദ്രന്മാർ ൨); ഉൽകൃതി- ൨൬- (൨൬-ാമത്തെ ഛന്ദസ്സ്); അംശാദം ൨൭ (അശ്വം ൧, ഭം- ൨൭ നക്ഷത്രങ്ങൾ); അതിധൃതി- ൧൯ (൧൯-ാമത്തെ ഛന്ദസ്സ്, ദിഷ്ണ്യം-, ൨-ഷ്ണുരത്നം) അശീതി ൮൦.

ഫലാനിനാളികേരസ്യ സന്ത്യശീതിമതീത്യചേൽ
തേഷാന്നകരനിർണ്ണീതി രിതിഃകചിൽബുധാജഗുഃ ൩൫

൮൦-ൽ അധികം തേങ്ങയുണ്ടാകുന്നുഎങ്കിൽ ആ അധികമുള്ള തേങ്ങകൾക്കു കരംനിർണ്ണയിപ്പാൻപാടില്ലെന്ന ചിലർ പറഞ്ഞിരിക്കുന്നു.

ശകരീമാഗമഹതാ മതിത്യ ത്തുഭവന്തിഃചൽ
ഫലാനിനാളികേരസ്യ തൈന്നാസ്തികരനിർണ്ണയഃ ൩൬

൫൬-ൽ അധികം ഫലങ്ങൾ ഉണ്ടായാൽ അധികമുള്ള തേങ്ങക്കു കരം ഇല്ലാ.

ശകരി=൧൪ x അഗമം ൪=൫൬- ഹതം=പെരുക്കുക.

ഫലാനിനാളികേരസ്യ ചതുഘ്നമതീത്യചേൽ
ഭവന്തിതെന്നനിർണ്ണീതിഃ കേരസ്യേത്യപരേജഗുഃ ൩൭

൫൬ (ചതുഘ്നം=൫൬)ൽ അധികം ഫലങ്ങൾ ഉണ്ടെങ്കിൽ ആ അധികസംഖ്യ പിടിച്ച കരനിർണ്ണയമില്ലെന്നചിലർ പറയുന്നു.

പൂഗാസ്സഹസ്രദളപാദസഹസ്രസംഖ്യൈ
സ്ഥദാൻസ്മരേഷുഘനപഞ്ചകൃതിദ്വയാഢ്യാം
യുക്താസ്തതോനചമിതൈർബ്ബഹവഃഫലൈസ്സ്യു
സ്താൻവീക്ഷ്യസൂക്ഷ്മകരനിർണ്ണയമത്രകുര്യ്യാൽ ൩൮

കഴുങ്ങുകൾ ൧൨൫ (സഹസ്രദളം ൧൦൦൦-ത്തിന്റെ ൮ൽ ഒന്ന ൧൨൫)- ൧൨൫൦ ഇത്രഞ്ഞിനെ ഫലങ്ങൾ ഉള്ളവ വളരെഉണ്ട. അവയെനോക്കി സൂക്ഷ്മനിർണ്ണയം ചെയ്യണം.

൧൨൫ സ്മരേഷുഘനം x ൫ + ൫൦ (കൃതിദ്വയം) =൫൫൫+൧൦൦ =൬൭൫.

ഫലാനിപൂഗസ്യസഹസ്രസംഖ്യാ
മതീത്യചേൽസന്തിനതൈസ്തുകരസ്യ
നിർണ്ണീതിരാശാഹതബാണസംഖ്യാ
ഫലോനപൂഗൈശ്ചനസൽഭിരുക്താ ൩൯

൫൦൦ൽ അധികം ഫലങ്ങളുണ്ടെങ്കിൽ ആ അധിക ഫലങ്ങൾക്കു കരനിൎണ്ണയം ഇല്ലാ. ൧൦ൽ കുറഞ്ഞ ഫലമുള്ള കഴങ്ങുകൾക്കും കരനിൎണ്ണയം ഇല്ലാ എന്നു സജ്ജനങ്ങൾ പറയുന്നു.

ആശാഹതബാണസംഖ്യാ=ആശ (ദിക്കുകൾ) ൧൦-ബാണം ൫ ഹതം- പെരുക്കുക; ൧൦ × ൫=൫൦.

പൂഗാനാംദശശതകൈ
ർബ്ബാണമിതൈർല്ലോകസംഖ്യൈർവ്വാ
ഭവതിഫലാവേദമിതൈ
ൎന്നിൎണ്ണയമേതസ്യാഃപുഷ്ടിമവലോക്യ ൧൦

കഴങ്ങുകളിൽ ൧൦൦൦- ൫൦൦- ൩൦൦- ൧൦൦- ൫൦- ഇങ്ങിനെ സംഖ്യകളായ ഫലങ്ങളെനോക്കി അതിൻെറ പുഷ്ടിപോലെ കരനിൎണ്ണയം വരുത്തേണം.

ബഹുവിധതാലതൃണാമാസവകരനിൎണ്ണയംപ്രകൎത്തൂ
ദൃഷ്ട്വാസദൃശഞ്ചാസവകാരൈസ്വീകൃതമദ്യപരിജ്ഞാനം

പലവിധമായ കരിമ്പനമുതലായവകൾ മദ്യകാരന്മാര എടുക്കുന്നതുകണ്ട നിശ്ചയിച്ചും അതിൻെറ സ്ഥലത്തിന്ന അടുത്തതുമായി മദ്യകരനിൎണ്ണയം വരുത്തേണം.

പനസാനാംഫലഗണനംകൃത്വാ പിനകത്ഥ്യതെസൽഭിഃ
ഫലപുഷ്ടിരസാൻജ്ഞാത്വാസങ്കല്പയേദ്ധിതകരം

പിലാവിനഫലങ്ങളെ എണ്ണി കരനിൎണ്ണയം ചെയ്യുന്നത സജ്ജനങ്ങൾ എവിടെയും പറയാത്തതാകയാൽ അതിന്നമാത്രം ഫലങ്ങളുടെ വണ്ണത്തെയും സ്വാദിനേയുംനോക്കി ശരിയായ കരം നിൎണ്ണയിക്കണം.

തദ്വത്സമാലോക്യമരിചിവല്ലീം
ശക്യംഫലംനൈമബ്ബതീവസൂക്ഷ്മാ
നിശ്ചിത്യതസ്മാദഥതൽഭാഗം
ത്യക്ത്വാവശിഷ്ടംകരമാവദന്തി ൧൧

വള്ളിക്കും ഫലഗണനം ഇല്ലാത്തതുകൊണ്ട അതിസൂക്ഷ്മമായി ഫലപുഷ്ടിനിശ്ചയിച്ച അതിൽനിന്ന തൽഭാഗം ഏഴാൽ ഒന്നത്യജിച്ചശേഷം കരം എന്നുപറയുന്നു.

കേരാദികേഷുഫലനിർണ്ണയമത്രകൃത്വാ
തദ്രക്ഷണാത്ഥ്യഖിലപുഷ്ടികരപ്രയത്നം
ദേശാന്തരേണഖഗചോരമൃഗാദിബാധാം
ജ്ഞാത്വാത്ര്യഭദ്രസശരാംബുഗുണാക്ഷിഭാഗാൻ. ൧൭

നാളികേരം മുതലായവകളെ ഫലനിർണ്ണയം ചെയ്ത് അവയുടെ സംരക്ഷണപോഷണം മുതലായ പ്രയത്നത്തേയും പക്ഷികൾ മൃഗങ്ങൾ ചോരൻ ഇവയുടെ ഉപദ്രവനിമിത്തമായ നഷ്ടത്തെയും അന്യദേശംകൊണ്ട അറിഞ്ഞിട്ട അതിൽ ആറതിൽ ഒരു ഭാഗം അഞ്ചാലൊരുഭാഗം, നാലാലൊരുഭാഗം, മൂന്നിൽ ഒരു ഭാഗം, രണ്ടിൽ ഒരു ഭാഗം ഇങ്ങിനെ ത്യജിക്കണം.

(രസം=൬—ശരം=൫—അംബു=൪—ഗുണം=൩—അക്ഷി ൨.)

ലോകോപകാരാനിതരാംശ്ചധാത്ര്യൻ
തത്തൽപ്രദേശോചിതനിർണ്ണയേന
കരേഷുസംയോജ്യഫലൈസ്ത്വഗാദ്യൈഃ
പ്രവാളപക്തീഃ പടികേഷുദദ്യാൽ. ൧൮

ഇങ്ങിനെ ലോകോപകാരങ്ങളായ തളിർതന്നെ ഫലങ്ങളായും ഉള്ള (പുകയില, ചപ്പങ്ങം മുതലായ)തിനേയും അതാത ദേശനിർണ്ണയംപോലെ കരനിർണ്ണയം വരുത്തണം. തളിർകരം കിട്ടുന്നതിനെ പാന്ഥന്മാക്ക ദാനംചെയ്യണം.

ദേശേഷുകേഷുചിത്സന്തിപ്രവാളാസ്തുമഹൽഫലാഃ
തേഷാംഫലംസമാലോക്യകുർവ്വന്തികരനിർണ്ണയം. ൧൯

ചിലദേശങ്ങളിൽ മഹാഫലങ്ങളായ തളിർകൾ ഉണ്ട. അവയുടെ ഫലങ്ങളെ നോക്കി കരനിർണ്ണയംചെയ്തുവരുന്നു.

ന്യായാനിമാൻമയാപ്രോക്താനുക്താനിതരാനപി
ജ്ഞാത്വാദേശോചിതപ്രായ്യംപ്രകുർയ്യാൽഫലനിർണ്ണയം. ൨൦

ഞാൻ ഇതം പറഞ്ഞ ന്യായങ്ങളേയും പറയാതെയുള്ള അന്യന്യായങ്ങളേയും ആലോചിച്ച അതാത ദേശോചിതമായ ഫലനിർണ്ണയംചെയ്യേണ്ടതാകുന്നു.

തത്തദ്ദേശോചിതംമൂല്യം നിശ്ചിത്യാസ്യതുയദ്ധനം
തൽകരംമുനയഃപ്രാഹുഃദേയംഭൂപതയേഹിതൽ. ൨൧

# ഒരു ദുർമ്മരണം.

———:o:———

ഇങ്ങിനെ കരഞ്ഞും പിഴിഞ്ഞും ഇരുന്നും കിടന്നും പാതിരവരെ പണിപ്പെട്ടു കഴിച്ചുകൂട്ടി. അർദ്ധരാത്രിയായപ്പോൾ വിശപ്പും ദാഹവും സഹിക്കവയ്യാതെ ദീനപരവശയായിട്ടു കുറഞ്ഞൊന്നു മയങ്ങി. ഹൃദയശല്യങ്ങളായ അനേകവിധം മനോവികാരങ്ങളാൽ ആകുലപ്പെട്ടിരിക്കുന്ന ഈ സുകുമാരിയിൽ ഗാഢനിദ്രക്കു പ്രവേശം കിട്ടാതെ അവളെ അർദ്ധനിദ്രക്ക് അധീനയാക്കി ദുസ്സ്വപ്നവേദനയെ അനുഭവിപ്പിക്കുമ്പോൾ പുറത്തേക്കുള്ള ജനാലയിന്മേൽ ആരോ വന്നു മുട്ടുന്നശബ്ദം അവളെ ഈ കഷ്ടസ്ഥിതിയിൽ നിന്നു രക്ഷപ്പെടുത്തി. അസമയത്തുണ്ടായ ഈ ശബ്ദം ഉണർന്നെഴുന്നേററിരുന്ന ദേവകിക്കുട്ടിയേ ക്ഷണനേരം ഭയപ്പെടുത്തിയെങ്കിലും ഉടനെ 'ദേവി ദേവി' എന്ന വാത്സല്യപൂരിതമായ നീട്ടിവിളി സമാധാനത്തെ മാത്രമല്ല സമയത്തിന്നടുത്ത സന്തോഷത്തേക്കൂടി ജനിപ്പിച്ചു. 'ദേവീ' എന്ന ഓമനപ്പേര കുമാരൻനായരല്ലാതെ മററാരും ഉപയോഗിക്കുക പതിവില്ല. കുമാരൻനായരുതന്നെ ആ പേരിലുള്ള പ്രതിപത്തിവിശേഷം കൊണ്ടു അപൂർവ്വമായിട്ടുമാത്രമേ അത് എടുത്തു പെരുമാറാറുള്ളു. ദേവകിക്കുട്ടിയുടെ ഇപ്രകാരമുള്ള വിചാരങ്ങളുടെ ഇടക്കു

"ദേവീ, ദേവി, ഈ വാതൽ തുറക്കൂ; ഞാനാണ്, ഭയപ്പെടേണ്ട" എന്ന പിന്നെയും ജനവാതുക്കൽ മുട്ടിവിളിക്കുന്നതുകേട്ടു ദേവകിക്കുട്ടി ചെന്നു

"വാതൽത്തുറക്കട്ടെ, മേൽ ട്ടാണ്ട് സൂക്ഷിക്കണേ"

എന്നുപറഞ്ഞു ഒരു ജനാലവാതൽ സാവധാനത്തിൽ തുറന്നു. അപ്പോൾ നാട്ടുവെളിച്ചത്തിന്റെ സഹായത്താൽ കുമാരൻനായർ ഒരു എലപ്പൊതിയും കിഴിയും കൈയ്യിൽ നിൽക്കുന്നതു കണ്ടു. കുമാരൻനായരുടെ മുഖം ഒരു നോക്കു കണ്ടപ്പോൾ സന്താപാശ്രുവോ സന്തോഷാശ്രുവോ എന്തുതന്നെയായാലും ദേവകിക്കുട്ടിയുടെ കണ്ണിൽനിന്ന് തെരുതെരെ കണ്ണുനീർ ഒഴുകുവാൻ തുടങ്ങി. കുമാരൻ നായരുടെ ശ്വാസോച്ഛ്വാസത്തിന്റെ മാത്രമുറുകി ഇടകിടെ

പുറപ്പെടുന്ന ദീർഘനിശ്വാസത്തിന്ന് കരുത്തുകൂട്ടുന്തോറും ദേവകിക്കുട്ടിയുടെ അശ്രുധാരയും വൎദ്ധിച്ചുവന്നു. ഇങ്ങനെ മനസ്സോടു മനസ്സുപറഞ്ഞു ദുഃഖിച്ചിരുന്ന ദേവകികമാരന്മാർ കുറച്ചുനേരത്തേക്കു ഒരക്ഷരം പോലും ഉച്ചരിക്കുവാൻ സാധിച്ചില്ല. ഈ ഒരു നിൽപ്പ് ഒരു വിധത്തിലും സമാധാനകരമല്ലെന്നുകണ്ട് കുമാരൻനായർ മനസ്സിനെ ആയാസപ്പെട്ടു പിടിച്ചടക്കി.

"ഇതുവരെ ദേവി ഉണ്ടില്ലല്ലോ, ഇതാ ഈ ചോറുവാങ്ങി ഊണുകഴിക്കൂ" എന്നുപറഞ്ഞ എലപ്പൊതി അഴികളുടെ ഇടയിൽ കൂടി അകത്തേക്കു നീട്ടിക്കൊടുത്തു. ദേവകിക്കുട്ടി.

"എന്റെ കയ്യ് ഇച്ചിലാണ്. കാലത്ത കഞ്ഞികഴിഞ്ഞിട്ട് കയ്യുകഴുകിട്ടില്ല" എന്നുപറഞ്ഞ വെള്ളംവാങ്ങി കൈകഴുകി എലപ്പൊതിവാങ്ങിത്താഴത്തുവെച്ചു. എന്നിട്ട്

"ഇനിക്കു ദാഹമാണു സഹിക്കുവാൻ വയ്യാത്തത്" എന്നുപറഞ്ഞ് രണ്ടുകയ്യുംകൂടി അഴിയുടെ അടുക്കൽ കാണിച്ചു. കുമാരൻനായർ മൂന്നുനാലുതവണ വെള്ളം കയ്യിലൊഴിച്ചുകൊടുത്തിട്ട്

"ഇനികുറച്ച് ഊണുകഴിഞ്ഞിട്ടാവാം വെറുംവയററിൽ വെള്ളം വളരെക്കുടിക്കേണ്ട" എന്നുപറഞ്ഞിട്ടും ദേവകിക്കുട്ടി കയ്യെടുക്കുവാൻമടിച്ചു കുമാരൻനായരുടെ മുഖത്തേക്കു നോക്കിയപ്പോൾ ഒരു കയ്യു വെള്ളവും കുടിപ്പകന്നിട്ട കിണ്ടി താഴേവെച്ചു. ദേവകിക്കുട്ടി ഇരുട്ടത്തുതന്നെ എലപ്പൊതി അഴിച്ചുവച്ച് ഉണ്ണുവാനിരുന്നു. ഊണ് കഷ്ടിച്ചു പകുതിയായപ്പോൾ മുറിയുടെ സാക്ഷാൽ വാതൽ പെട്ടന്നു തുറന്ന് കണ്ടുണ്ണിനായർ ഇൻസ്പെക്ടരും ബാലകൃഷ്ണമേനവനും അകത്തേക്കുകടന്നു. ബാലകൃഷ്ണമേനവൻ കയ്യിലെടുത്തിരുന്ന കല്ലുറാന്തലിന്റെ അടഞ്ഞ പുറത്തിന്റെ നിഴലുകൊണ്ട് മകളുടെ അപ്പോഴത്തെ പ്രകൃതമൊന്നും ഇൻസ്പെക്ടർക്കു ഒട്ടും മനസ്സിലായില്ല.

"ബാലകൃഷ്ണ! വെളക്കിങ്ങോട്ടു തിരിച്ചുപിടിക്കു" എന്നു കല്പിച്ചതു മുഴുവൻ കേൾക്കുന്നതിന്നുമുമ്പ് ബാലകൃഷ്ണമേനോൻ തുറന്നുകിടക്കുന്ന ജനാലയുടെ അടുക്കൽ ചെന്ന് അഴരന അഭിമുഖമായിട്ടുനിന്ന റാന്തൽ തിരിച്ചുകാണിച്ചുകഴിഞ്ഞു. ഊണിന്റെ ഘട്ടവും ദേവകിക്കുട്ടിയുടെ പകച്ച നോട്ടവും ഇൻസ്പെക്ടരുടെ ദൃഷ്ടിയി

ൽപ്പെട്ട താമസം ഉണ്ടിരുന്ന ഏല കാലുകൊണ്ടൊരു തട്ടുതട്ടി, 'ഏ ണീക്കു' എന്നു പറഞ്ഞ ദേവകിക്കുട്ടിയുടെ രണ്ടുകയ്യും പിടിച്ചെഴുനേൽപ്പിച്ച്

"ആരാടി നിണക്കീ അദ്ധരാത്രിക്ക ചോറുകൊണ്ടുവന്ന തരാനുണ്ടായത" എന്ന ഉച്ചത്തിൽ കണ്ണുരുട്ടിക്കൊണ്ട് ചോദിച്ചു. കുറച്ചുനേരത്തേക്ക ദേവകിക്കുട്ടി ഒന്നും മിണ്ടിയില്ല. പിന്നെയും ഇൻസ്പക്ടർ ദേഷ്യം ഒതുക്കുവാൻ വയ്യാതെ ദേവകിക്കുട്ടിയെപ്പിടിച്ചു കുലുക്കിക്കൊണ്ട് "ആരാണെന്നു പറയാനല്ലെ പറഞ്ഞത്" എന്ന വീണ്ടും ചോദിച്ചു. അപ്പോൾ ദേവകിക്കുട്ടി

"എൻെറ അച്ഛനും ജേഷ്ഠനും എൻെറ നേരെ സ്നേഹമില്ലെങ്കിലും എന്നെ ഇഷ്ടമുള്ള ആളുകൾ ഇല്ലായയില്ല. ചരി—വട്ടത്ത—കു—മാ—രൻനായരാണ് ചോറുകൊണ്ടുവന്നതന്നത്. ജേഷ്ഠൻ എത്രതന്നെ ഉത്സാഹിച്ചാലും അച്ഛൻ എന്തുതന്നെ പറഞ്ഞാലും എന്തുതന്നെ ചെയ്താലും, എന്നെക്കൊന്നാലും വേണ്ടില്ല ഈ ജന്മം ഞാൻ അദ്ദേഹത്തിനെയല്ലാതെ വേറെ ഒരാളെ സ്വീകരിക്കില്ല." എന്നുപറഞ്ഞ് മുഖമൊക്കെത്തുടുത്ത് തേങ്ങിതേങ്ങി കരയുവാൻ തുടങ്ങി. ബാലകൃഷ്ണമേനോൻ ഒന്നു പരുങ്ങി. ഇൻസ്പക്ടർ ദേവകിക്കുട്ടിയുടെ കയ്യ് വിട്ട് ബാലകൃഷ്ണമേനോൻെറ നേരെ തിരിഞ്ഞു.

"ബാലകൃഷ്ണ! നിയ്യെന്താ കുമാരൻനായരുടെ പേരെന്നോട പറയാതിരുന്നത. അതു കാരണം ഈ കുട്ടിയെ വെറുതെ ഞാൻ ദണ്ഡിപ്പിച്ചില്ലെ. തറവാട്ടിൻെറ മാനം കെടുത്തുവാൻ തിന്ന വക. കുമാരൻനായക്കെന്താണൊരു ദോഷമുള്ളത? എന്ന ഇൻസ്പക്ടരുടെ കോപം തിരിഞ്ഞുകത്തുവാൻ തുടങ്ങിയപ്പോൾ ബാലകൃഷ്ണമേനോൻ

"ഞാൻ അച്ഛനോട പറയാതിരുന്നതരുചമില്ലാ-" എന്ന തമുഴവനാക്കും മുമ്പ്

"രുചമില്ലെ" എന്ന് ദേവകിക്കുട്ടി കടന്നുപറഞ്ഞതകേട്ട് ഉടച്ചിറന്നവളുടെ നേരെ തിരിഞ്ഞ് 'നിന്നോടല്ല പറഞ്ഞത്' എന്ന അവളെ ഒതുക്കീട്ട് അച്ഛനോടായിട്ട് പിന്നെയും

"രുചമില്ലാഞ്ഞിട്ടല്ല വേറെ ചില കാരണം കൊണ്ടാണ അ

ത സ്വകാൎയ്യമായിട്ടേ പറവാൻ തരമുള്ളു.” എന്നപറഞ്ഞ വിളക്കംകൊണ്ട വാതുക്കലേക്ക നടന്നു. അപ്പോൾ ഇൻസ്പക്ടരും കൂട്ടി പോയി കിടന്നുറങ്ങു’ എന്നപറഞ്ഞ ദേവകിക്കുട്ടിയേയും കൂട്ടിക്കൊണ്ട അകായിലേക്ക പോയി.

വെളക്കംകൊണ്ടു ബാലകൃഷ്ണമേനവനും കണ്ണുണ്ണിനായരും അകത്തേയ്ക്ക കടക്കുന്നതുകണ്ട് കുമാരൻനായർ ഒററത്തേയ്ക്കൊതുങ്ങി ഒളിച്ചുനിന്നു. കശപിശയൊക്കെശ്ശമിച്ച് എല്ലാവരും അകായിലേയ്ക്ക പോവുന്നതുവരെ അവിടെത്തന്നെ ചുററിപ്പററി നിന്നതേയുള്ളു. ദേവകിക്കുട്ടിയേ ഒരിയ്ക്കൽക്കൂടി തനിച്ചുകണ്ടു സംസാരിയ്ക്കുവാൻ തരമുണ്ടാവുമെന്നുള്ള ആശ തീരെ ഭഗ്നമായപ്പോ മുന്നൂറുവിധം ചിത്തവികാരങ്ങളോടുകൂടി ഇടയ്ക്കുനിന്നും ഇടയ്ക്കു സാവധാനത്തിൽ നടന്നും ചിലപ്പോൾ മുറുകിനടന്നും വന്നവഴി പരിവട്ടത്തേയ്ക്കു മടങ്ങി.

കാൎയ്യസ്ഥനേ ജാമ്യത്തിൽ വിട്ടതിന്റെശേഷം ഇൻസ്പക്ടർ നടത്തിയ അന്വേഷണത്തിൽ കാൎയ്യസ്ഥന്റെ പേരിലുള്ള സംശയം ഒന്നുകൂടി ദൃഢമായതോടുകൂടി യോഗ്യരായ ചിലരുംകൂടി ഈ കേസ്സിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന ശങ്കിയ്ക്കേണ്ടതായുംവന്നു. കാൎയ്യസ്ഥന്റെ വീട്ടിലും മററുമായി അയാളുടെ കൈവശമുള്ള റിക്കാട്ടുകളെല്ലാം പരിശോധിച്ചതിൽ അനാവധി നോട്ടുകളും ശീട്ടുകളും കാൎയ്യസ്ഥന്റെ പേരിലും പരിവട്ടത്തുകാരുടെ പേരിലും. അവൎക്ക വേണ്ടീട്ടുള്ള മററു ചിലരുടെ പേരിലും മാറി എഴുതിച്ചിട്ടുള്ളതായിട്ടും കിട്ടുണ്ണിമേനവന്റെ വക ചില പണ്ടങ്ങൾ കാൎയ്യസ്ഥന്റെ വീട്ടിലും ഭാൎയ്യവീട്ടിലും പെരുമാററമുള്ളതായിട്ടും കണ്ടെത്തുവാനിടയായി. ഇങ്ങിനെയോരോ തെളിവുകൾ സമ്പാദിച്ചതിന്റെശേഷം കാൎയ്യസ്ഥനെ സ്റ്റേഷനിൽ ഹാജരാക്കി രാത്രിസമയത്ത് ഒന്നുകൂടി വിസ്തരിയ്ക്കേണമെന്ന വിചാരിച്ചിരുന്നദിവസം വൈകുന്നേരമാണ് ഇൻസ്പക്ടരുടെ ശ്രദ്ധ സ്റ്റേഷനാപ്സരുടെ കേസ്സിലേയ്ക്ക തിരിയ്ക്കേണ്ടിവന്നത്. ദേവകിക്കുട്ടിയേ അകത്തിട്ടുപൂട്ടിയ ദിവസത്തിന്റെ പിറേറദിവസം ഏകദേശം രണ്ടുനാഴിക രാച്ചെന്നപ്പോൾ കാൎയ്യസ്ഥനെ സ്റ്റേഷൻമുറിയ്ക്കകത്തിട്ട വിസ്തരിയ്ക്കുവാൻതുടങ്ങി. ആദ്യം ഇൻസ്പക്ടർതന്നെയാണ് വിസ്തരിച്ചത്.

# പലവക.

---

(പുസ്തകപരിശോധനം)

നായന്മാരുടെ ഇപ്പോഴത്തെനില:— ഠരം പുസ്തകം തിരുവിതാങ്കൂറ് വിദ്യാഭിവർദ്ധിനി സഭയിൽ വായിച്ചതായ ഒരു ഇംഗ്ലീഷ് ഉപന്യാസത്തിന്റെ ഭാഷാന്തരമാണ. നായർ എന്ന പത്ര ഗ്രന്ഥത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടുമുണ്ടായിരുന്നു. ഇത് അനാദരത്താൽ വായിച്ചു നോക്കാതെ മടക്കിവെക്കേണ്ട കൂട്ടത്തിലുള്ളതല്ല. കേരള രാജ്യത്തിന്റെ രക്ഷാധികാരം മുഴുവൻ ഒരു കാലത്ത് സ്വാധീനത്തിലായിരുന്ന നായന്മാരുടെ പണ്ടത്തെ ഉയൎന്ന പദവിയും, ഉത്തമാധമജാതിക്കാരോടുള്ള യോജിപ്പും, നിലയും, കാലക്രമംകൊണ്ടു വന്ന ഇടിച്ചിലും, മാററങ്ങളും, പ്രസ്താപിച്ചിട്ടുണ്ട. മരുമക്കത്തായം, താലികെട്ടുകല്യാണം ഈവക ആചാരഭേദങ്ങളെപ്പററിയും പരിശോധിച്ചിട്ടുണ്ട്. ധനക്ഷയകാരണങ്ങളെ പ്രതിപാദിച്ചിട്ടുണ്ട്. വിദ്യാഭ്യാസത്തെപ്പററി നിരൂപണം ചെയ്തിട്ടുണ്ട്. നായന്മാരുടെ ജാതിസ്വഭാവത്തെ വിവരിച്ചിട്ടുണ്ട്. പ്രജാസാമാന്യത്തിന്റെ ഇടയിലുള്ള ഇവരുടെ സ്ഥിതിയെപ്പറഞ്ഞിട്ടുണ്ട്. വിശേഷിച്ച് അവരതോത്സാഹന്മാരായി പ്രവൃത്തിക്കേണ്ടവരായ യുവാക്കളേപ്പോലും ബാധിയ്ക്കുന്ന കൃതകൃത്യത, സ്വാസ്ഥ്യം മുതലായ ന്യൂനതകളെ തുറന്ന് കാണിച്ചിട്ടുണ്ട്. അഭ്യുദയത്തിന്നുള്ള വഴികളെ വെളിവായിത്തിരിച്ചു കൊടുത്തിട്ടുണ്ട്. ഇപ്പോൾ ചിലരുടെയിടയിൽ ഉദിച്ചുയൎന്നുവരുന്ന അനേകവിധത്തിലുള്ള ഉൽകൎഷത്തിന്ന് പ്രാൎത്ഥിച്ചിട്ടുണ്ട്. ഈ പുസ്തകം കെ, പരമുപിള്ള. എം. എ. അവർകളുടെ ഗാഢപൎയ്യാലോചനയുടെ ഫലമാകുന്നു. എന്നാൽ വിഷയത്തിന്റെ ഗാംഭീൎയ്യവും, വിസ്താരവും, പ്രയോജനവും വിചാരിയ്ക്കുമ്പോൾ ഈ പുസ്തകം മേൽപ്പറഞ്ഞ വിഷയങ്ങളുടെ ഒരു സൂചനമാത്രമാണെന്നേ പറഞ്ഞുകൂടു. ഭാഷാചരിത്രപണ്ഡിതന്മാരിൽ ഒന്നാമനായ പ്രകൃത ഗ്രന്ഥകൎത്താവിനേപ്പോലെയുള്ള

വർ ഇങ്ങിനെയുള്ള വിഷയങ്ങളിൽ വിശദമായി എഴുതീട്ടുള്ള പുസ്തകങ്ങൾ കണ്ടാൽ കൊള്ളാമെന്നാണ്. ഞങ്ങൾക്കുള്ള മോഹം.

പഴയശ്ലോകങ്ങൾ.

---

അദ്ധ്സമസ്യാപൂരണം.

കൊത്തുവന്നുകടിയ്ക്കുമ്പോൾ മുത്തുപൊന്നുഞെളിഞ്ഞിട്ടും ॥

വെൺമണി അച്ഛൻനമ്പൂരിപ്പാട്.

അതിനൊന്നുപറഞ്ഞിടാ മതിലൊന്നു പുകയ്ക്കണം

പൂന്തോട്ടത്തു നമ്പൂരി.

കായശ്ലോകം.

---

പടറുകാപത്തിരുന്നൂറുവാങ്ങിക്കൊട്ടത്തയ്യാമിതിചൊന്നവാക്യം
കിടപ്പതില്ലേമനതാരിലിപ്പോളട്ടത്തുകായയ്ക്കടിയന്തരംമേ ॥
മടിയ്ക്കയോമററൊരുകായ്മുള്ളിൽകിടക്കകൊണ്ടോകിടയായ്ക കൊണ്ടോ
തിട്ടക്കമില്ലെന്നുനിനച്ചമാന്തം പിടിയ്ക്കകൊണ്ടോ പറയേണ മെല്ലാം.॥

വെൺമണി അഛൻനമ്പൂരിപ്പാട്.

ഛായാശ്ലോകം.

---

ഈരംചേനംപൊതിഞ്ഞീടിനതലമുടിയും പീളചാടുന്നകണ്ണും
പാരംവാനാററവുംകേളിളിയുമിളിയളിഞ്ഞൊട്ടമാറൊട്ടണാണം
ക്രോച്ചൻകോട്ടത്തീനത്തുണിമുറിയുംകൊഞ്ഞലുംകൊട്ടകാലും
നേരംപോക്കല്ലജാത്യം പചത്തുമിനിയുമുണ്ടെങ്കിലും മങ്കയല്ലേ

മഹൻനമ്പൂരിപ്പാട്.

(സ്വന്തം)

പി. ജി. രാമയ്യർ ബി. എ. ബി. എൽ അവർകളുടെ പുതിയ ശാകുന്തളം ഭാഷയെപ്പററി ഇക്കുറിയും ഞങ്ങൾ അഭിപ്രായം പറയാതെ ഒന്നുകൂടി നീട്ടിവെയ്ക്കുന്നു. അഭിപ്രായം വിസ്തരിച്ചെഴുതുവാനുള്ള മോഹവും സ്ഥലച്ചുരുക്കവുമാണ് ഇതിന്നു കാരണം.

# ഭാഷാ വിക്രമോൎവ്വശീയം.

:o:

1905-ാമത വൎഷത്തിലെ എഫ. എ. പരീക്ഷക്ക് സൎവ്വകലാശാലയിൽനിന്നു തിരഞ്ഞെടുത്തിട്ടുള്ളതും കൊടുങ്ങല്ലൂര കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമനസ്സുകൊണ്ട് തൎജ്ജമചെയ്തിട്ടുള്ളതും ആയ വിക്രമോൎവ്വശീയം ഭാഷാനാടകത്തിന്റെ പുതിയ പതിപ്പ സംസ്കൃതപണ്ഡിതൻ രാമപ്പിഷാരോടി അവൎകളുടെ ടിപ്പണിയോടുകൂടി അച്ചടിച്ച് തെയ്യാറായിരിക്കുന്നു. പുസ്തകത്തിന്റെ വില പ്രതി ഒന്നുക്കു തപാൽകൂലി അടക്കം 14 അണ. രസികരഞ്ജിനി ആപ്പീസ്സിലേക്കു മുൻകൂറായി അയച്ചാൽ പുസ്തകം കിട്ടുന്നതാണ്. നാഗരാക്ഷരത്തിൽ രാമവൎമ്മ എന്ന രസികരഞ്ജിനി പത്രാധിപരുടെ മുദ്രയില്ലാത്ത ബുക്കുകൾ വ്യാജമാകുന്നു.

മേൽപറഞ്ഞ നാടകത്തെ കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാൻ തിരുമനസ്സുകൊണ്ട് പരിശോധിച്ച അതിലുള്ള കഥാസാരം, ഗുണദോഷം, തത്വം, രസം, ഇവകളെ ഭംഗിയായും സയുക്തികമായും എഴുതീട്ടുള്ള ഗ്രന്ഥം, ഈ മാസികയിൽ മാത്രം പ്രസിദ്ധം ചെയ്യുവാൻ അദ്ദേഹം അനുവദിച്ചിട്ടുള്ളപ്രകാരം തുടൎച്ചയായി പ്രസിദ്ധംചെയ്തുതുടങ്ങീട്ടുള്ളത സാഹിത്യവിഷയത്തിൽ താല്പൎയ്യമുള്ളവരും വിശേഷിച്ച വിദ്യാൎത്ഥികളും വായിച്ചറിയേണ്ടതാകുന്നു. മലയാളത്തിൽ ഇങ്ങിനെ ഒരു ഗ്രന്ഥം ഇതിന്നുമുമ്പ ഉണ്ടായിട്ടില്ലെന്നു ഞങ്ങൾ ധൈൎയ്യത്തോടുകൂടി ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു. രഞ്ജിനി കുറച്ചു പ്രതിമാത്രമേ വിശേഷാൽ അടിക്കുന്നുള്ളു. അതുകൊണ്ട ആവശ്യമുള്ളവർ ഉടനെ വാങ്ങിയില്ലെങ്കിൽ പിന്നെ ഇച്ഛാഭംഗത്തിന്ന ഇടയാവുന്നതാണ്. ര. ര. മാനേജർ.

---

## രസികരഞ്ജിനി ആപ്പീസ്സിൽ വില്പാൻ തയാർ.

സാക്രട്ടീസ് - കെ. രാമകൃഷ്ണപിള്ള. ... ... ൦ ൨ ൦

വെണ്മണി അഛൻനമ്പൂരിപ്പാട്ടിലെ നളചരിതവും, കുഞ്ഞിക്കുട്ടൻ തമ്പുരാൻ തിരുമനസ്സിലെ കൊറത്തിപാട്ടും. ... ... ൦ ൦ ൯

നാഗാനന്ദം (ഭാഷാനാടകം) പറയാട്ട അച്ചുതമേനോൻ ... ൦ ൧൦ ൦

തപാൽകൂലി പുറമെ. മേൽപറഞ്ഞ പുസ്തകങ്ങൾക്കു രസികരഞ്ജിനി മാനേജരോട ആവശ്യപ്പെടുക. ര. ര. മാ.

# കവനോദയം.

———:o:———

വൈദ്യം, ജ്യോതിഷം, കിളിപ്പാട്ട, തുള്ളൽ, നോവൽ, നാടകം മുതലായി വിശേഷപ്പെട്ട അനേകം കൃതികൾ ഇതിൽ ചേർത്തുവരുന്നു. കൊല്ലത്തിൽ ൨ പ്രാവശ്യം പ്രസിദ്ധപ്പെടുത്തുന്ന ഈ പുസ്തകമാലയിൽ ഓരോ കുറി ൩൨൦ ഭാഗങ്ങളിൽ കൂടി ൬ കൃതികളിൽ കുറയാതെ *ഉണ്ടായിരിക്കും. കൊല്ലത്തിൽ ൨ ഉറുപ്പിക വരിസംഖ്യ മതി. തപാൽകൂലി പുറമെ വേണ്ട. വിദ്യാർത്ഥികളാകുന്നുവെങ്കിൽ മുൻകൂറ ഒന്നര ഉറുപ്പിക തന്നാൽ മതിയെന്ന ഒരു പുതിയ നിശ്ചയം ചെയ്തിരിക്കുന്നു. ഈ പുസ്തകമാലയിൽ ഉൾപ്പെട്ടതും അല്ലാത്തതുമായ അനേക പുസ്തകങ്ങൾ ഇവിടെ വിൽപാനുണ്ട. ചിലതിന്റെ വിവരം താഴെ ചേർക്കുന്നു.

ജ്യോത്സ്നിക, വിഷവൈദ്യം. ഇത ഓരോ പുസ്തകം എല്ലാവരുടെ കൈവശം ഉണ്ടായിരിക്കേണ്ടതാണ. എന്നാൽ പാമ്പു കടിച്ചഉടനെ വൈദ്യന്റെ അടുക്കെ ഓടേണ്ടിവരികയില്ല. വില ൧൨ അണ.

സമ്പൂർത്തമാലിക— മലയാളത്തിലുള്ള വൃത്താന്തങ്ങളുടെ എല്ലാ സ്വഭാവങ്ങളും അറിവാൻ ഈ ഒരു പുസ്തകംമാത്രമെയുള്ളു. മലയാളം ഉപഭാഷയാക്കിഎടുത്തിട്ടുള്ള വിദ്യാർത്ഥികൾക്കും കവിതയുണ്ടാക്കുവാൻ പരിചയിക്കുന്നവർക്കുംഇതൊരുപോലെആവശ്യമാകുന്നു. വില ൮ അണ.

ജാനകീപരിണയം— ഭാഷാനാടകം. ഇതു നിങ്ങൾ വായിച്ചിട്ടുണ്ടോ? "ഉണ്ട, മന്നാടിയാരുടെ കൃതിയല്ലേ?" എന്നായിരിക്കും നിങ്ങളുടെ ഉത്തരം. ശരി. എന്നാൽ-അബദ്ധം പറ്റി. ഇത അതല്ല. കൊട്ടാരത്തിൽ ശങ്കുണ്ണി ഉണ്ടാക്കിയ ഒരു രസികനാടകമാണിത. വായിപ്പാൻ ബഹുരസമുണ്ട. വില ൧ക മാത്രം.

* ഹസ്തലക്ഷണദീപിക— ഈ പുസ്തകം കൈവശമുണ്ടെങ്കിൽ കയ്യെകളിയെ ഊമക്കളിയെന്നപറവാനിടവരികയില്ല. വില ൨ണ.

* കുചശതകം— ഒരവയവത്തെപറ്റി ൧൦൦ ശ്ലോകം മലയാളഭാഷയിൽ കാണുകയെന്നുള്ളത അപൂർവ്വമായിരിക്കും. ഇതൊന്ന വായിച്ചുനോക്കുവിൻ. വില ൪ണ.

* ചക്രീചങ്കരം. നാടകം. നിങ്ങൾക്കു സാമർത്ഥ്യമുണ്ടെങ്കിൽ ഈ പുസ്തകം ചിരിക്കാതെ ഒന്നു വായിച്ചുവെങ്കിൽസമ്മതിക്കാം. വില ൩ണ.

☞ ഇവകൾക്ക തപാൽകൂലി പുറമെ. *ഈ അടയാളം വെച്ചവകഴികെ ശേഷമെല്ലാം അച്ചടി അതിമനോഹരം കടലാസ്സ എല്ലാം ഒരുപോലെ ബഹുവിശേഷം. താഴെകാണുന്ന മേൽവിലാസത്തിൽ ആവശ്യപ്പെട്ടാൽ എല്ലാപുസ്തകങ്ങളും വി. പി. ആയി അയച്ചുകൊടുക്കും.

കെ. കണ്ണൻനമ്പ്യാര.
കവനോദയം മാനേജർ.
(Nadapuram.) നാദാപുരം.

# നോട്ടീസ്.

(൧)

---

ഒന്നാന്തരം സാമാനങ്ങൾ! വില വളരെ സഹായം!!

ബൊമ്പായിമുതലായ വ്യാപാരസ്ഥലങ്ങളിലുള്ള പ്രധാന ഷാപ്പുകളിൽ നിന്നനെരിട്ടുവരുത്തുന്നതും താഴെ വിവരം പറയുന്നതും വെറെയും അനെകം സാമാനങ്ങൾ തൊകപ്പടിയായും ചില്ലറയായും വളരെ സഹായ വിലക്കു വില്ക്കുന്നതാണ്

പലതരത്തിലുള്ള പ്ലാനൽ ശീലകൾ, ടവീഡുകൾ, ചെക്കണ്ണികൾ, വളരെ ഭംഗിയുള്ള ചീട്ടികൾ പട്ടുകൾ, ബ്ലാങ്കെറ്റുകൾ, തൊപ്പികൾ, സർജ്ജുകൾ, മല്ല, ജഗന്നാഥൻ മുതലായ തുണിച്ചരക്കുകൾ. എനാമൽ പാത്രങ്ങൾ, പലതരത്തിലുള്ള ഗ്ലാസുകൾ, നാഴികമണികൾ, വാച്ചുകൾ, വിളക്കുകൾ, കണ്ണാടികൾ, കത്തികൾ, ഉളൊപ്പുകൾ, രവിവർമ്മപ്പടങ്ങൾ, കൊടകൾ, ഇരിമ്പപെട്ടികൾ, ഇരിമ്പഅലമാരികൾ, ഇരിമ്പഅടപ്പുകൾ, അനെകവിധം സൊപ്പുകൾ, ബ്രാണ്ടി, വസ്കി, മുതലായ ലഹരിസാധനങ്ങൾ, മുത്തുച്ചിപ്പികൊണ്ടുള്ള അനെകവിധ പാത്രങ്ങൾ, ഇവകളും മെലിൻസ്ഫുഡ, കൊക്കൊ, കാപ്പിപ്പൊടി, ടീ ബിസ്കോത്ത മുതലായ വേറെയും അനേകവിധ സാമാനങ്ങൾ വളരെ സഹായവിലക്കു വില്ക്കുന്നു.

ആവശ്യപ്പെടുന്നവൎക്കു സാമാനങ്ങൾ വി- പി- ആയി അയച്ചുകൊടുക്കുന്നതാണ്.

എ. ടി. എസ്സ. മേനോൻ.
ജനറൽ മർച്ചന്റ്.
ചിറ്റൂര.

# T. S. Subramania & Co.,

## താംബൂല വിഹാരം ഒരു സുഖാനുഭവ സാധനം തന്നെ.

———:o;———

### വെററിലമുറുക്കിന്നു സ്വാദുപിടിപ്പിക്കുന്ന ഒരു രുചിപ്രദമായ

### സുഗന്ധവസ്തു. രമ്യം. വിശേഷം. രുചിപ്രദം.

ഇതു ഉത്തമം കസ്തൂരി, പനിനീർസത്ത്, അത്തർ മററു സുഗന്ധവസ്തുക്കൾ എന്നിവ ചേർത്തുണ്ടാക്കിയതായി നൂതനമായ ഒരു ക്രമമാകുന്നു. വെററിലമുറുക്കിന്നു അതിരസം ഉണ്ടാകും. മുറുക്കുന്നവൎക്കു ഇതു അതിസുഖാനുഭവമായൊരു സാധനമാകയാൽ അവർ ഈ സാധനത്തെ വാങ്ങി പരീക്ഷിച്ചുനോക്കേണ്ടതാകുന്നു.

| | | ക. | ണ. |
|---|---|---|---|
| ഒരു അളുക്കിന്നു വില | ... ... ... | 0 | 4 മാത്രം. |
| 12 അളുക്കുകൾക്കു | ... ... ... ... | 2 | 12 |

തപാൽകൂലി പുറമെ.

## DANTADABANA CHURNA. ദന്തധാവന ചൂർണ്ണം

ശ്രുതിപ്പെട്ട പല്ലു തേപ്പാനുള്ള പൊടി, ഒരു പെട്ടിക്കു വില 0-8 ണ. തൊണ്ണുകെട്ടുകൾക്കും, പല്ലിവേദന, അതിന്നടുത്തോ ഉണ്ടാവുന്ന പുണ്ണുകൾക്കും, പല്ലിന്റെ ദ്രവിച്ച പോകലിന്നും വേദനക്കും പല്ലിൽനിന്നു ചോരപോകുന്നതിന്നും വായ നാററത്തിന്നും മററും ഉതകുന്ന ഒരു പൊടിയാണിതു. ഈ പൊടി പല്ലിലുണ്ടാവുന്ന കറ, കേടു മുതലായവയെ നശിപ്പിക്കും. പല്ലുകളിന്മേൽ ചിലപ്പോൾ കുമ്മായമിട്ടപോലെ പററിപ്പിടിച്ചുകാണുന്ന ഒരു വസ്തുവുണ്ടു. അതിനെയും ഈ പൊടി നശിപ്പിച്ചുകളയും. നാററമുള്ള സകല ദന്തസങ്കടങ്ങളേയും ഈ പൊടി നശിപ്പിക്കും. പല്ലിന്മേൽ പററിപ്പിടിച്ചിരിക്കുന്നതിനെയെല്ലാം കളയും. മുത്തുപോലെ മിനുങ്ങുന്ന പല്ലുകളെ ഈ പൊടികൊണ്ടു സമ്പാദിക്കാം. പല്ലുകൾക്കു ബലവും ശക്തിയും ജനിക്കും, ഊണിന്നു ഒരു രുചിയും വരും. ദന്തദ്രവവും ഉണലുകളിൽ ചൂർണ്ണം കുരുവും ഉണ്ടാവുമ്പോൾ ഈ പൊടി വളരെ നന്നു. ഇതിന്നു പുളിരസമില്ല. വളരെ മിനുസമാംവണ്ണം നേരിയ പൊടിയാക്കിയ ചൂർണ്ണമാകകൊണ്ടു പല്ലിന്നു ഉരസൽതട്ടി കേടുവരുന്നതല്ല. പല്ലുകൾക്കു ചിതൽതട്ടി ഉരുമാററം വരുന്നതിനെ ഈ പൊടി തടുക്കും. പല്ലുകളിൽ കടികൊണ്ടു നാശം വരുത്തുന്ന അതിസൂക്ഷ്മങ്ങളായ അണുപ്രാണികൾ ഉണ്ടു. അവയെ ഈ പൊടി കൊല്ലും. തൊണ്ണുകളെ ചൂടുപിടിപ്പിച്ചോ വേദനപ്പെടുത്തിയോ ചൊറിച്ചൽ മുതലായതൊന്നും ഒരു ചൂർണ്ണമൂലം ഉണ്ടാവില്ല. നാവിന്നും മൂക്കിന്നും ഈ ചൂർണ്ണം സുഖകരമാണു. കിഴവന്മാർ പ്രത്യേകിച്ചു ഈ ചൂർണ്ണം ഉപയോഗിക്കേണ്ടതാണു. അപ്പോൾ അവൎക്കു പല്ലുകൊണ്ടുള്ള പ്രയോജനം മരണപൎയ്യന്തമുണ്ടാവുന്നതും. വായക്കു രുചികരവും സൗ

ത്ത്യമുള്ളതുമാകയാൽ ശ്വാസത്തിന്ന ഒരു നല്ല മണവുമുണ്ടാവും വായനാററം സ്നേഹക്കല്ലുത്തു ഉണ്ടാവില്ല. നല്ല ഒരു മണം വായിൽനിന്ന പുറപ്പെടുകയും ചെയ്യും.

**KARPURARISTHA. കർപ്പൂരാരിഷ്ടം.** നടപ്പദീനത്തിനുള്ള പ്രത്യേക ഔഷധം. (വിഷൂചികക്കുള്ള സിദ്ധൌഷധം.) ഒരു കുപ്പിക്കു വില 8ണ. കർപ്പൂരാരിഷ്ടം, വിഷൂചികാ, അതിസാരം, വയററിൽകടി, ദഹനക്കുറവ്, ചെവികുന്നിയുടെ കേട, തട്ടി വയററിന്ന വിസ്താരം എന്നിങ്ങിനെയുള്ള രോഗങ്ങൾക്കു നല്ല മരുന്നാണ. ഈ ഔഷധം പലജാതിയായ വേദനകളെ തീർത്ത അവയവങ്ങൾക്കു ശാന്തമായ പ്രസാദചൈതന്യത്തെ വരുത്തും. അവയവങ്ങൾക്കു ക്ഷണസംഭവങ്ങളായ വിറയൽ പിടച്ചൽ മുതലായ വികൃതികളെ മാററും. മലത്തിൻെറ അയച്ചിൽ മാററി മലത്തെ കെട്ടി മലബന്ധം വരുത്തി ബലം കൊടുക്കും. അവീൻ (കറപ്പു) കൂട്ടീട്ടുള്ള അന്യ മരുന്നുകളെപ്പോലെ ഈ ഔഷധം തലവേദനയെ ഉണ്ടാക്കില്ല. തലതിരിച്ചൽ, ഉറക്കം, മന്ദത, ആലസ്യം, മോഹം മുതലായതുകളെ ഉണ്ടാക്കുന്നതുമല്ല. അല്പ നിമിഷങ്ങൾക്കുള്ളിൽ ഛർദ്ദിയും വേദനയും നേർവയറും നിന്നു പോകും. ഏകമൂലികപ്രയോഗക്കാരായ ഹോമിയോപ്പതി വൈദ്യരും ബഹുമൂലികാപ്രയോഗക്കാരായ അല്ലോപ്പതി വൈദ്യരും കൊടുക്കുന്ന കർപ്പൂരം ക്ലോരോഡൈൻ എന്നിത്യാദി മരുന്നുകളെക്കാൾ ഞങ്ങളുടെ കർപ്പൂരാരിഷ്ടം ഇന്ത്യയിലെ ജനങ്ങളുടെ ദേഹങ്ങൾക്കും അതിൻെറ സ്വഭാവങ്ങൾക്കും പററിയതാണ. ഇത ഞങ്ങളുടെ അനുഭവമാണ.

☞ മേല്പറഞ്ഞ എല്ലാ മരുന്നുകൾ താഴെ എഴുതിയ മേൽവിലാസത്തിൽ ഇംഗ്ലീഷിലൊ മലയാളത്തിലൊ തമിഴിലൊ എഴുതി ചോദിക്കേണ്ടതാണ

എന്ന ടി. എസ്സ. സുബ്രഹ്മണ്യം ആൻറ കമ്പനിയാര

33. ആർമിനിയൻ സ്ട്രീററ,

മദിരാശി.

## സരസ്വതിതൂവൽ.

---

## (THE SARASWATI PEN.)

ഒരിക്കൽ മഷി മുക്കിയാൽ 300 മുതൽ 500 വരെ വാക്കുകൾ എഴുതാം.

### സ്തുത്യലിഖിതങ്ങൾ.

**സർ. വാൾട്ടർ ലൊറൻസ്** (കെ. സി. ഐ. ഇ.) ഇന്ത്യാഗവർണ്ണർ ജനറാളുടെ പ്രൈവററ സിക്രട്ടേരി:— സരസ്വതിതൂവലുകൾ വളരെ ഉപയോഗമുള്ളവയായി കാണുന്നു. താങ്കളുടെ നൂതനമായ ഈ കണ്ടുപിടിക്കലിന്ന താങ്കൾക്ക എല്ലാ ജയവും സിദ്ധിക്കട്ടെ.

---

**സർ. ലൊറൻസ് ജെങ്കിൻസ്** (കെ. സി. കെ. സി. ഐ. ഇ.) ബൊംബെ ഹൈക്കോർട്ട ഒന്നാംജഡ്ജി:— സരസ്വതിതൂവൽ വളരെ ഉപയോഗമുള്ളതായി ഞാൻ കണ്ടിരിക്കുന്നു. കുറെ തൂവലുകൾ താങ്കൾ എനിക്ക അയച്ചുതന്നതിന ഉപകാരം.

ബർദ്ധ്വാൻ മഹാരാജാധിരാജ ബിജായി ചാൻഡ് മഹതാബ് ബഹദൂർ:— ഈ സൂത്രവിദ്യയിൽ നാം വളരെ സന്തോഷിക്കുന്നു.

---

നാട്ടോർ മഹാരാജ ബഹദൂർ ജഗദിന്ദ്രനാഥറോയി:— മഷി നിറച്ച "സ്വാൻ" ജുവൽപോലെ മിക്കവാറും അത്ര ഉപകാരമുള്ളതാണ.

---

ബഹുമാനപ്പെട്ട രാജാ റൺജട്ട് സിങ്ങ് ബഹദൂർ:— ഞങ്ങളുടെ പരിപാലനക്ക് താങ്കൾ തീരെ അർഹനാകുന്നു.

---

രാജാ പ്യെയറിമോഹന മുക്കർജ്ജി:— (സി. എസ്സ്. ഐ):— സരസ്വതി ജുവൽ വളരെ ഉപയോഗമുള്ളതായി ഞാൻ കണ്ടിരിക്കുന്നു.

---

ബഹുമാനപ്പെട്ട മിസ്റ്റർ ജസ്റ്റിസ്സ് ശാരദ ചാരുമിത്രൻ:— ഇതു വളരെ ഉപയോഗമുള്ള ഒരു കണ്ടുപിടിക്കൽതന്നെയാണ.

---

പണ്ഡിതർ കെ. എം. ഗാംഗുലി (ബി. എൽ.) മഹാഭാരത പരിഭാഷകൻ:— "സ്റ്റീൽപെൻ" ഉപയോഗിക്കുന്ന എല്ലാവരുടേയും പാലനക്ക് ഇത് പാത്രമായി നിൽക്കുന്നതാണ.

---

ബഹുമാനപ്പെട്ട മിസ്റ്റർ ആർ. ടി. ഗ്രിയർ (ഐ. സി. എസ്സ്.) കല്ക്കത്താ മുനിസിപ്പാൽ ചെയർമാൻ:— താങ്കളുടെ ജുവൽ തൃപ്തികരമായ ഒന്നാണെന്ന കണ്ടിരിക്കുന്നു. സൂത്രം വളരെ സാമർത്ഥ്യമുള്ളൊന്നുതന്നെയാണ.

---

മിസ്റ്റർ എച്ച്. ഡി. വില്യംസ് (ഐ. സി. എസ്സ്.), കമിഷനർ:— കൂടക്കൂടെ മഷി മുക്കേണ്ടുന്ന ബുദ്ധിമുട്ടില്ല. ഒരിക്കൽ മുക്കിയാൽ മൂന്നു നാലു പായ കടലാസ്സ് എഴുതാവുന്നതാണ.

---

മിസ്റ്റർ കെ. സി. ഡി. (ഐ. സി. എസ്സ്.) കലക്ടർ:— ജുവൽ വളരെ സൌകര്യമുള്ളതും കണ്ടുപിടിച്ച സൂത്രം സാമർത്ഥ്യമുള്ളതുംതന്നെ.

---

മിസ്റ്റർ എസ്സ്. സി. മിത്രൻ, ഡിപ്യൂട്ടി മജിസ്ട്രേട്ട്:— നല്ല വിദ്യ വളരെ തൃപ്തികരം.

---

മിസ്റ്റർ ജി. ചക്രവർത്തി, സിമിന്ദാർ, ബാംങ്കൂറ മുനിസിപ്പാൽ ചെയർമാൻ:— കണ്ടുപിടിച്ച സൂത്രം വളരെ സാമർത്ഥ്യമുള്ളതുതന്നെ. ജുവൽ വളരെ ഉപയോഗമുള്ളതാകുന്നു.

**മിസ്റ്റർ സീതാകഹോരി,** ജാപ്പാൻ "ധിൻഗാജിംഗ് സാൻഗിയൊ" സമാജം പ്രസിഡേണ്ടു:— താങ്കളുടെ ഉപയോഗകരമായ കണ്ടുപിടിക്കൽ ജയമെത്ത പ്രാപിച്ചതിന്നു ഞാൻ താങ്കളെ അഭിനന്ദിക്കുന്നു.

---

**റവറണ്ട് ഡോക്ടർ മോറീസൻ** (എം. എ):— കണ്ടുപിടിച്ച സൂത്രം സാമർത്ഥ്യമുള്ളതുതന്നെ.

---

**ഡോക്ടർ എം. എൻ. ഗാംഗുലി,** കോൺപുരി:— ഇതിന്റെ മരുന്നുപ്രാപ്തി ചേർവിപ്പെട്ടൊന്നാണെയാണ്.

---

**പ്രൊഫസ്സർ എച്ച്. സ്റ്റീഫൻ** (എം. എ):— സരസമാതിരിയാൽ ഞാൻ ഉപയോഗിച്ചുനോക്കിയതിൽ വളരെ ഫലപ്രാപ്തിയുള്ളതായി കണ്ടിരിക്കുന്നു.

---

**ഡോക്ടർ സറാട്ട് കെ. മുള്ളിക്ക്** (എം. ബി. സി. എം.):— എഴുത്തറിയുന്ന ലോകത്തിൽ ഇതിന്നു വളരെ ചെലവുണ്ടാകുമെന്നു ഞാൻ തീർച്ചയായി പറയുന്നു.

---

**ഡോക്ടർ എസ്സ്. സി. ബാനർജ്ജി** (എം. എ, എൽ. എൽ. ഡി):— ശങ്കിനിറച്ച ഇവൽ ഉപയോഗിക്കുവാൻ ആഗ്രഹിക്കുന്ന യോഗ്യന്മാർ അവയെ ഉപയോഗിച്ചുനോക്കിയതിൻശേഷം അല്ലാതെ ഞങ്ങളുടെ ഇവലെക്കാൾ നന്നായി എഴുതുകയില്ലെന്നു ഘോഷിക്കാതിരിക്കില്ല.

---

| വില. | ക. | ണ. | പ. |
|---|---|---|---|
| 12 ഇവലുകൾക്ക് ... ... ... | 0 | 8 | 0 |
| 72-ന്ന ... ... ... ... | 2 | 12 | 0 |
| 144-ന്ന ... ... ... ... | 5 | 8 | 0 |

"വി. പി." പോസ്റ്റായി അയച്ചാൽ 4ണ. പുറമെ.

താഴെകാണിച്ച കമ്പനിക്കാരോട് ആവശ്യപ്പെട്ടാൽ കിട്ടുന്നതാണ്.

ടി. എസ്സ്. സുബ്രഹ്മണ്യം ആൻറ കമ്പനിയാര

33. ആർമീനിയൻ സ്ട്രീറ്റ്,

മദിരാശി.

T. S. SUBRAMANIA & Co.,

Agents,

33, Armenian Street,

*Madras.*